**സ്വപ്നങ്ങളെന്നും മനസ്സിന്റെ ശ്മശാനത്തിൽ ബാക്കി. അവസാനം കണ്ടെത്തി– ഒന്നും നഷ്ടപ്പെടാനില്ല. എഴുതിത്തള്ളാൻ ഒരു ജീവിതം മാത്രം.**

# ആരോഹണങ്ങൾ അവരോഹണങ്ങൾ

മഞ്ഞു പെയ്യുന്ന തണുത്ത രാത്രി.

തെന്നലിൽ താലോലമാടുന്ന പ്രകാശത്തിനു മുന്നിൽ, അന്തരീക്ഷത്തിൽ നഷ്ടപ്പെടുന്ന ധൂമപടലങ്ങളിൽ നോക്കിയിരിക്കെ – തൂലികയിലെ നിറങ്ങൾ കട്ട പിടിക്കാൻ തുടങ്ങിയിരുന്നു. ഈ ഏകാന്തതയിലും ഒളിച്ചോട്ടം നടത്തുന്ന ശപിക്കപ്പെട്ട മനസ്സ് – തനിക്ക് പറ്റിയ ഏറ്റവും വലിയ പരാജയം.

അല്ലെങ്കിലും എന്നും പരാജയമായിരുന്നല്ലോ?

''നിന്റെ ചിത്രങ്ങൾ മനോഹരങ്ങളാണ്! പക്ഷെ കുട്ടീ അവ നിന്റെ ജീവിതത്തിന് എന്ത് മുതൽ കൂട്ടാണുണ്ടാക്കുന്നത്''

—പ്രഫസറുടെ ആത്മാർത്ഥത നിറഞ്ഞ വാക്കുകൾ!

തുടക്കം എവിടെയാണെന്നറിയില്ല. ഓർമ്മ വെച്ചനാൾ മുതൽ ഒഴുകുകയായിരുന്നു, വർണ്ണങ്ങളുടെ ആരാധകനായി. പക്ഷെ കാലം, ജീവിതത്തിന് നൽകിയ വർണ്ണങ്ങളിൽ നിറഭേദങ്ങളുണ്ടാകിയപ്പോൾ ഒരു ചിത്രകാരനായി ബാക്കിയാവാൻ കഴിഞ്ഞില്ല.

പിന്നെ, ഏതോ വഴിത്തിരിവിൽ—

കുന്നിൻ പുറത്തെ കോളേജിലൂടെ കടന്ന്പോയ അഞ്ച് വർഷങ്ങൾ........

മുറ്റത്തെ മരക്കൊമ്പിലിരുന്നു പാടാറുണ്ടായിരുന്ന കറുത്ത പക്ഷി........

ഗോതമ്പിന്റെ നിറമുള്ള, നീണ്ട മുടിയുള്ള പെൺകുട്ടി...

...എന്നും ദുരൂഹത സൃഷ്ടിച്ച ഗാനം, പക്ഷെ ഇന്നതിന്റെ അർത്ഥം മനസ്സിലാവുന്നു... 'കയ്യെത്താത്ത പൂക്കൾ...' പക്ഷി പറന്നുപോയി; പെൺകുട്ടിയും, ഒരു കറുത്ത ബിന്ദുവായി മനസ്സിൽ അവ ബാക്കി കിടന്നു. നേടാൻ കഴിഞ്ഞത് നഷ്ടബോധം മാത്രം! അവയിൽ നിന്നും ഉരുത്തിരിഞ്ഞ ഏകാന്തതയിൽ ഈ വാടക മുറിയുടെ സ്വന്തക്കാരനായി...... ഇപ്പോഴിവിടെ പക്ഷിയുടെ സംഗീതം മുഴങ്ങാറില്ല...., പെൺകുട്ടിയുടെ ചിരി കേൾക്കാറില്ല...

**കെ.ടി. മുസ്തഫ** **M.Com. Previous**

സ്വപ്നങ്ങളെന്നും മനസ്സിന്റെ ശ്മശാനത്തിൽ ബാക്കി. അവസാനം കണ്ടെത്തി—ഒന്നും നഷ്ടപ്പെടാനില്ല; എഴുതിത്തള്ളാൻ ഒരു ജീവിതം മാത്രം. കടലാസിലെ ചിത്രങ്ങളിൽ, വീചികളിൽ നിറങ്ങൾ നഷ്ടപ്പെട്ടു തുടങ്ങിയപ്പോൾ പുകയുടെ തന്മാത്രകൾ സെല്ലുകളിലേക്കാഴ്ന്നിറങ്ങി........

''നിനക്ക് ബന്ധങ്ങളുണ്ട് കുട്ടീ; ആർക്കുമൊരു ഭാരവുമാവരുത്. അങ്ങിനെ വന്നാൽ സ്നേഹിക്കപ്പെടാനുള്ള അർഹത നിനക്ക് നഷ്ടപ്പെടും!!''—

—വർഷങ്ങൾക്ക് മുമ്പ് വീടിന്റെ പടിയിറങ്ങുമ്പോൾ അച്ഛൻ തന്റെ മുതുകിൽ കെട്ടിവെച്ച പ്രതീക്ഷയുടെ ഭാണ്ഡം. പക്ഷെ നാളെ കുന്നിറങ്ങുമ്പോൾ എന്തുണ്ട് ബാക്കി?

വിരസതയുടെ പുഴുക്കുത്തേറ്റ ഈ മനസ്സ് മാത്രം. അതിന്റെ താഴ്വരയിൽ സ്വപ്നങ്ങളെ ഏതോ ബലിക്കാക്കകൾ........

പക്ഷിയുടെ ഗാനം വേദനയായിരുന്നു; പെൺകുട്ടിയെ പറ്റിയുള്ള ഓർമ്മകളും.

മങ്ങിയ പ്രകാശത്തിൽ കടലാസിൽ വികൃതമായ വർണ്ണങ്ങൾ കണ്ടപ്പോൾ, മനസ്സിലെവിടെയോ നൊമ്പരമനുഭവ

പ്പെട്ടു—നിന്നിലെ ചിത്രകാരനും നിനക്ക് നഷ്ടപ്പെട്ടു തുടങ്ങി. കൺതടങ്ങളിൽ നിന്നടർന്നുവീണ ബാഷ്പബിന്ദുക്കൾക്ക് വർണ്ണങ്ങളിൽ ലയിക്കാനുള്ള വ്യഗ്രത !

യാഥാർത്ഥ്യങ്ങളുടെ തുരുത്തിൽ അവളുടെ വേരുകൾ സൃഷ്ടിച്ച വലയം—ഒരു സ്വപ്നാടനക്കാരനാവുകയായിരുന്നു. ആ വർണ്ണങ്ങളുടെ താഴ്‌വരയെ സ്വന്തമാക്കാൻ...,അതിന്റെ നിഗൂഢതകളിൽ മുങ്ങിത്താഴ്ന്ന് സ്വയം ഇല്ലാതാവാൻ .........,

പ്രവാഹത്തിൽപ്പെട്ട് ഋതുഭേദങ്ങൾ കടന്നു പോയത് ഒരു സ്വപ്നം പോലെ. പ്രതീക്ഷയുടെ മഞ്ഞു മൂടിയ നിമ്നോന്നതങ്ങളിൽ തളർന്നുറങ്ങാനുള്ള വ്യാമോഹത്തിൽ എവിടെയും അന്യനായി.

ഈ അവസാനത്തിൽ—

ഉൾക്കൊള്ളാനുള്ള മോഹത്തിന്റെ വേരുകൾ ചിതൽ പിടിച്ചപ്പോൾ, ലക്ഷ്യം ഒരു പ്രഹേളികയായി......

ജാലകത്തിലൂടെ കടന്നുവന്ന തെന്നൽ തീ നാളത്തെ അണച്ചു, കടലാസ് പിച്ചിക്കീറി പുറത്തേക്കെറിയുമ്പോൾ മോഹിച്ചുപോയി—മനസ്സിനെയും തനിക്കിങ്ങനെ ചിന്നിയെറിയാൻ കഴിഞ്ഞിരുന്നെങ്കിൽ........

**അവൾ അവന് ജീവൻ നൽകി. അവൻെറ നിറമറിയാതെ അവൾ കുഴങ്ങി. അവൻെറ ബലിഷ്ഠ കരങ്ങൾ അവളുടെ കഴുത്തിനെ വരിഞ്ഞു മുറുകി, അവളുടെ വായിലൂടെ വന്ന ചുകന്ന രക്തത്തിൽ അവൾ അവൻെറ നിറം കണ്ടെത്തി.**

# അവൻെറ നിറം

ചീവിടുകളുടെ ക്ലാസ്സിക്കൽമ്യൂസിക്കും പട്ടികളുടെ പാശ്ചാത്യസംഗീതവും കേട്ട് അവൾ ഞെട്ടി ഉണർന്നു. ടേബിൾ ലാംബിൻെറ സ്വിച്ച് ഓൺ ചെയ്തു. അവൾ നിരാശയോടെ ചുററും പരതി. സ്വപ്നത്തിലാണ് സുന്ദരനായ അവനെ കണ്ടെത്തിയതെന്ന് അവൾക്ക് ബോദ്ധ്യപ്പെട്ടു.

കൈമോശം വന്ന സ്വപ്നത്തിൽ വന്ന നൈരാശ്യം അവളുടെ ഉറക്കത്തെ തട്ടി ഉടച്ചു. സൗപ്നസാക്ഷാത്കാരത്തിന്വേണ്ടി അവൾ അവനെ ക്യാൻവാസിൽ പകർത്താൻ തീരുമാനിച്ചു. അവന് രൂപം കൊടുക്കാൻ ശ്രമിച്ചു. അവന് രൂപം കൊടുക്കാൻ കഴിയാതെ അവൾ കുഴങ്ങി. അവൻെറ നിറമറിയാതെ–അവൻ കറുത്ത് തടിച്ചവൻ–അല്ല, വെളുത്ത് മെലിഞ്ഞവൻ–നിറങ്ങളുടെ ശൃംഖലകൾ മിന്നിമറഞ്ഞു.

അവൻെറ എല്ലുകൾ യോജിപ്പിച്ച് അവന് രൂപം കൊടുത്തു. സുന്ദരനായ അവൻ. ചുരുണ്ട മുടിയുള്ള, തടിച്ച മീശയുള്ള, തിളങ്ങുന്ന കണ്ണുകളുള്ള ഗാംഭീര ശബ്ദമുള്ള അവൻ. അവനെ നോക്കി പുഞ്ചിരിച്ചു. പുളക മണിഞ്ഞു. ആനന്ദ ലഹരിയിൽ മതിമറന്നു.

അവന് അവൾ ജീവൻ കൊടുത്തു. ബലിഷ്ഠമായ കരങ്ങൾ അവളെ ചുററിവരിഞ്ഞു. അവൻെറ നെഞ്ചിലെ തിങ്ങിനിറഞ്ഞ രോമങ്ങളിൽ അവൾ മുഖമമർത്തി ചിരിച്ചു. വീണ്ടും ചിരിച്ചു. പൊട്ടി പൊട്ടി ചിരിച്ചു.

അവൻെറ ചുണ്ടിൽ മന്ദഹാസം വിടർന്നു. അവളുടെ പൊട്ടിച്ചിരി വളരെ ഉച്ചത്തിലായി. അവൻെറ മന്ദഹാസവും പൊട്ടിച്ചിരിയായി മാറി. അവൻെറ ബലിഷ്ഠകരങ്ങൾക്ക് ബലം കൂടി വന്നു. അവളെ ചുററിയ കരങ്ങൾ അവളുടെ കഴുത്തിനെ അഭയം തേടി. അവളുടെ പൊട്ടിച്ചിരി–കരച്ചിലായി. അവളുടെ കഴുത്ത് കൂടുതൽ അവൻ ഞെരിച്ച്കൊണ്ടിരുന്നു. അവൾ, വായിലൂടെ വന്ന ചുവന്ന രക്തത്തിൽ നിന്ന് അവൻെറ നിറം കണ്ടെത്തി. അതെ, ചുവന്ന രക്തം

***അബ്ദുസ്സമദ് എം. കെ.***

**B.Com. 2nd year.**

# ആവർത്തനം

ടന്നു, പിന്നെപ്പത്തുകൈയോടി
റനിലക്ട്രിക്ക് ബെല്ലിൻ ഗർജ്ജനം കാത്തു
ഒരു സേനാനിയുടെ പടഹധ്വനിപോലെ
ഒരു കാരണവരുടെ താക്കീതുപോലെയും
നാഴിക മണിയറിയിച്ചു, നിശ്ശബ്ദത; ജാഗ്രത!
ലേഡീസ് ഹോസ്റ്റലിൽ നിന്നും പ്രവഹിച്ചൂ
വിദ്യാർത്ഥികൾ നയിക്കും ജാഥ
നിറങ്ങൾ, നിറഭേദങ്ങൾ കൂടിക്കുഴഞ്ഞൊരു
മോഡേണാർട്ടിസ്റ്റിൻ ഭാവന പോലെ.
എല്ലാരും ശ്രദ്ധിപ്പതു തന്നെയാണെന്ന വിശ്വാസവും
ആരെയും താൻ കൂസുന്നില്ലെന്ന ഭാവവും

വൃഥാ വായുവിൽ വിതറുന്ന കളഭാഷണവുമായ്
കൂട്ടമായ്ച്ചിരിപ്പോർ തന്നിടയിൽ പ്പെട്ടന്നു ഞാൻ
പിന്നെ പ്പോർട്ടിക്കോയിൽ, നിശ്ശബ്ദമായ് മേവും
'നിശ്ശബ്ദത'യെന്ന ബോർഡിൻ കീഴെ
ഒരു ടൗൺ ബസ്സ് കടഞ്ഞിട്ട പോയോർ തൻമേളം
ഭാവി നീക്കങ്ങൾ 'കൂടിച്ചിന്തിക്കും' മനക്കങ്ങൾ തൻ
ചാരെ യംഗന്മാർക്കായ് 'ഗുഡ്മോർണിംഗ്' നൽകും വൃന്ദം
പിന്നെ പ്രിൻസിപ്പലിൻ ചെറു പുഞ്ചിരി വാങ്ങിയും
നോട്ടീസ് ബോർഡിൽക്കൂടി ശീഘ്രം കണ്ണോടിച്ചു,
നടന്നൂ ധൃതികൂട്ടി; ക്ലാസ്സിലെ ഫയലിൽ
മയങ്ങും കുഞ്ഞുങ്ങൾക്കാഹാരം നൽകുവാൻ

മനോജ് വി. എൻ., തിരൂർ

# ഭാരതവിജയം

പൊന്നരിവാളുമായമ്പിളി വന്നെത്തി
കൊയ്ത്തു വിളങ്ങുന്നോരാകാശ ദേശത്ത്
കററപെറുക്കുവാൻ താരകപ്പെണ്ണുങ്ങളും
പററമായങ്ങിനെ വന്നൊരു നേരത്ത്
കൊച്ചു മരതകക്കല്ലുപോൽ മിന്നുന്ന
മിന്നാമിനുങ്ങിനെ പിന്തുടർന്നീടവെ
മെർക്കുറി ദീപത്തെയോർത്തുപോയ് തെല്ലിട
ശാസ്ത്രയുഗത്തിൻെറ നേട്ടത്തെയും, പിന്നെ
യജ്ഞതമൂടിയ പാരിനെ വിജ്ഞാന-
സാഗര തീരത്ത് കൊണ്ടുപോയെത്തിച്ച
പുസ്തകത്താളിനെയോർത്ത് പോയ്, മർത്ത്യൻെറ
കർത്തവ്യബോധത്തെ, ബുദ്ധിതൻ ശക്തിയെ
ഉൽക്കടമായൊരു ത്യാഗ പ്രഭാവത്തെ,
അജ്ഞാത തീരത്തെയെത്തിപ്പിടിക്കുമോ-
ത്യുഗ്രപ്രതിഭയെ യൊക്കെയുമോർത്തു ഞാൻ !
ശാസ്ത്ര പ്രകാശത്തിൻ ദിവ്യ നാളങ്ങളെ
പോററും കരങ്ങളിലൂറുന്ന വിജ്ഞാന
ധാരയെ പോററുവാൻ ബദ്ധപ്രതിജ്ഞമായ്
ഭാരത ഭൂവേ, ഭവതി ജയിക്കുക !

---

*കെ.വി: ശബരിമണി* II P.D.C

# കോളേജ് യൂനിയൻ റിപ്പോർട്ട് 1980-81

സാഹചര്യങ്ങൾ പലതും അനുകൂലമായിരുന്നില്ലെങ്കിലും രചനാത്മകവും ക്രിയാത്മകവുമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും വിദ്യാർത്ഥികളുടെ സർഗ്ഗപ്രതിഭയെ വളർത്തുന്ന പല പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുവാനും ചുരുങ്ങിയ സമയപരിധിക്കുള്ളിൽ പരമാവധി ശ്രമിച്ചു എന്ന ചാരിതാർത്ഥ്യത്തോടെ ഞാനീ അദ്ധ്യയനവർഷത്തെ റിപ്പോർട്ട് ഇവിടെ സമർപ്പിക്കട്ടെ.

1980 സെപ്റ്റംബർ 19-ാം തീയതി നടന്ന കോളേജ് യൂനിയൻ തിരഞ്ഞെടുപ്പിൽ താഴെ പറയുന്നവർ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ടു.

| | | |
|---|---|---|
| ചെയർമാൻ | : | ബഷീർ സി. ടി. |
| വൈ: ചെയർമാൻ | : | സാബിറാബി പി. |
| സെക്രട്ടറി | : | ഇക്ബാൽ പി. കെ. |
| ജോ: സെക്രട്ടറി | : | നസീമ ഇ. പി. |
| ഫൈൻ ആർട്സ് | : | കാസിം ടി. പി. |
| യൂനി: യൂനിയൻ കൗൺസിലർമാർ | : | മുഹമ്മദ് ബഷീർ കെ.<br>നിസാർ പി. |
| സ്റ്റുഡൻറ് എഡിറ്റർ | : | ബീരാൻ കോയ പി. എൻ. |
| ജനറൽ ക്യാപ്റ്റൻ | : | അൻവർ പി. സി. |

## അസോസിയേഷൻ സെക്രട്ടറിമാർ :

| | | |
|---|---|---|
| ഇംഗ്ലീഷ് | : | മുരളീധരൻ കെ. എ. |
| മാത്തമാററിക്സ് | : | മുഹമ്മദ് ഉസ്മാൻ കെ. |
| ഫിസിക്സ് | : | ജോജു ജോസ് മാൻകളി |
| കെമിസ്ട്രി | : | മുഹമ്മദ് ഹനീഫ. എ. |
| ബോട്ടണി | : | അബൂബക്കർ ടി. വി. പി. |
| സുവോളജി | : | ജമാൽ പി. എസ്. |
| ഇകണോമിക്സ് | : | ഷാജി എം. എ. |
| ഇസ്ലാമിക്സ് | : | ഇസ്മായിൽ പി. |
| കോമേഴ്സ് | : | മുഹമ്മദ് ബഷീർ എൻ. വി. |

## ക്ലാസ് പ്രതിനിധികൾ :

| | | |
|---|---|---|
| I പി. ഡി. സി. | : | അബ്ദുൽ അസീസ് പി. സി. |
| II പി. ഡി. സി. | : | അബ്ദുൽ റഊഫ് എ. |
| I ഡി. സി. | : | മൊയ്തീൻ കോയ എൻ. ബി. |
| II ഡി. സി. | : | പരീക്കുട്ടി കെ. |
| III ഡി. സി. | : | യൂസഫ് ടി. |
| പി. ജി. | : | ബാബു ജോസഫ് |

യൂനിയൻ സ്റ്റാഫ് ഉപദേശകനായി പ്രൊ: ടി. ഒ. പരീത് പിള്ളയെ പ്രിൻസിപ്പാൾ നോമിനേററ് ചെയ്തു.

30-10-80ന് ചേർന്ന കോളേജ് യൂനിയൻ കൗൺസിലിൽ മൊയ്തീൻ കോയ എം. ബി. പരീക്കുട്ടി കെ. ജമാൽ പി. എസ് എന്നിവരെ യൂനിയൻ എക്സിക്യൂട്ടീവ് അംഗങ്ങളായി തിരഞ്ഞെടുത്തു.

## യൂനിയൻ ഉൽഘാടനം

ഒക്ടോബർ 10ന് വൈകുന്നേരം 3 മണിക്ക് കോളേജ് യൂനിയൻെറ ഔപചാരികമായ ഉൽഘാടനം കേരള സർവ്വകലാശാല പ്രൊവൈസ് ചാൻസലർ ഡോ: എൻ. എ. കരീം നിർവ്വഹിച്ചു. യോഗത്തിൽ ചെയർമാൻ ആദ്ധ്യക്ഷ്യം വഹിച്ചു. പ്രിൻസിപ്പൽ സ്വാഗതവും സെക്രട്ടറി നന്ദിയും പറഞ്ഞു. വിദ്യാർത്ഥീ വിദ്യാർത്ഥിനികളുടെ നിറപ്പകിട്ടാർന്നതും ഹർഷപുളകിതവുമായ കലാപ്രകടനങ്ങൾ ആ സായാഹ്നത്തിനു ഭംഗി കൂട്ടി. കോളേജ് ഓർകസ്ട്രായുടെ ഗാനാലാപത്തോടെ അന്നത്തെ പരിപാടി കഴിഞ്ഞു.

## ഫൈൻ ആർട്സ് അസോസിയേഷൻ ഉൽഘാടനം

ഫൈൻ ആർട്സ് അസോസിയേഷൻെറ ഉൽഘാടനം ഗാനഗന്ധർവ്വനായ പത്മശ്രീ. കെ. ജെ. ജേസുദാസ് നിർവ്വഹിച്ചു.

## അസോസിയേഷൻെറ പ്രവർത്തനങ്ങൾ :

ഈ വർഷത്തെ വിവിധ അസോസിയേഷൻ പ്രവർത്തനങ്ങൾ വിജ്ഞാനപ്രദവും ക്രിയാത്മകവുമായിരുന്നു.

ഇംഗ്ലീഷ് അസോസിയേഷൻെറ ഉൽഘാടനം കാലിക്കററ് യൂനിവേഴ്സിററി ഇംഗ്ലീഷ് ഡിപ്പാർട്ടുമെൻറ് റീഡർ ഡോ: എസ് കന്തസ്വാമി നിർവ്വഹിച്ചു. അസോസിയേഷൻെറ കീഴിൽ ജില്ലയിലെ പ്രമുഖ ഗായകന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു കാംപ്പ്ചററൽ ഈവനിംഗും സംഘടിപ്പിക്കുകയുണ്ടായി.

ഇകണോമിക്സ് അസോസിയേഷൻ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ കോഴിക്കോട് ഡിവിഷനൽ മാനേജർ ശ്രീ: എസ്. എം. സുന്ദരൻ ഉൽഘാടനം ചെയ്തു.

മാത്തമാററിക്സ് അസോസിയേഷൻ ഉൽഘാടനം ചെയ്തത് കാലിക്കററ് യൂനിവേഴ്സിററി ഫാക്കൽററി ഓഫ് സയൻസിൻെറ ഡീനായ പ്രൊ. ജി. ഭാസ്കരപണിക്കർ ആണ്. പ്രൊഫസർ കെ. എം. രാമകൃഷ്ണൻ 'കോൺഗ്രുവൻസ്' എന്ന വിഷയത്തെപററിയും, 'റൊമാൻസ് ഓഫ് നമ്പേഴ്സ്' എന്നതിനെപററിയും പ്രഭാഷണങ്ങൾ നടത്തി.

പ്രൊഫസർ എം. ഡി. കെ. നമ്പ്യാർ കോമേഴ്സ് അസോസിയേഷൻ ഉൽഘാടനം ചെയ്യുകയുണ്ടായി.

ഇസ്ലാമിക്സ് അസോസിയേഷൻ പ്രൊ: ഓമാനൂർ മുഹമ്മദ് ഉൽഘാടനം ചെയ്തു.

കെമിസ്ട്രി അസോസിയേഷൻ ഉൽഘാടനം പ്രൊ: കെ. കോയോട്ടി നിർവ്വഹിച്ചു. കെമിസ്ട്രി അസോസിയേഷൻെറ വെലിഡിക്ടറി ഫങ്ങ്ഷനിൽ കാലിക്കററ് യൂനിവേഴ്സിററി കെമിസ്ട്രി റീഡർ ഡോ: മുഹമ്മദ് മുല്യോതി ഥിയായിരുന്നു.

ഫിസിക്സ് അസോസിയേഷൻ ഡോ: ജോർജ് എം. തോമസും, സുവോളജി അസോസിയേഷൻ ഡോ: ഇളയിടത്തു ഉൽഘാടനം ചെയ്തു.

ബോട്ടണി അസോസിയേഷൻ പ്രൊ: എസ് കൃഷ്ണയ്യരും ഉൽഘാടനം ചെയ്തു.

## അനുശോചനം:

ഈ കലാലയത്തിൽ 15 വർഷത്തോളം അദ്ധ്യാപനം നടത്തിയിരുന്ന പ്രൊ: മാധവൻ നമ്പ്യാർ ഡിസമ്പർ 28ന് നൈജീരിയയിൽ വെച്ചു ഒരു കാറപകടത്തിൽ അന്തരിച്ച വിവരം ദുഃഖത്തോടെ അനുസ്മരിക്കട്ടെ. ജനുവരി 5ന് ഓഡിറേറാറിയത്തിൽ വിദ്യാർത്ഥികളും അദ്ധ്യാപകരും ചേർന്നു അനുശോചനം രേഖപ്പെടുത്തി.

## കലാരംഗം:

കലാ സാഹിത്യ രംഗങ്ങളിൽ ഈ വർഷം നമുക്കു അസൂയാർഹമായ നേട്ടങ്ങൾ കൈവരിച്ചു. സംസ്ഥാനതലത്തിൽ ഇന്ത്യൻ യൂത്ത് അസോസിയേഷൻ കോഴിക്കോട്ടു വെച്ചു നടത്തിയ കലോത്സവത്തിൽ നമ്മുടെ കോളേജ് ടീം റണ്ണേഴ്സ് അപ്പായി.

## ബി. സോൺ കലോൽസവം:

കാലിക്കററ് യൂനിവേഴ്സിററി ബി. സോൺ കലോത്സവം ജനുവരി 15, 16, 17, തീയതികളിൽ നമ്മുടെ കോളേജിൽവെച്ചു നടത്താൻ സാധിച്ചു എന്നതു അഭിമാനത്തോടെ രേഖപ്പെടുത്തട്ടെ. നമ്മുടെ കലാകാരൻമാർ മികച്ച പ്രകടനം കാഴ്ചവെച്ചുകൊണ്ടു കോളേജിനെ രണ്ടാം സ്ഥാനത്തേക്കു് ഉയർത്തി.

താഴെ പറയുന്നവർ വിവിധ ഇനങ്ങളിൽ നമ്മുടെ കോളേജിനെ പ്രതിനിധീകരിച്ചു സമ്മാനങ്ങൾ നേടുകയുണ്ടായി.

| | | |
|---|---|---|
| അബ്ദുൽ സമദ് എം. പി | : | മലയാളം പ്രസംഗം (സീനിയർ) |
| അബ്ദുള്ള [illegible] | : | ,, (ജൂനിയർ) |
| [illegible] ഭട്ട് | : | കന്നട പ്രസംഗം (സീനിയർ) |
| [illegible] കുമാരി | : | കഥാ പ്രസംഗം |
| [illegible] ആൻറ് പാർട്ടി | : | ഗ്രൂപ്പ് ഡാൻസ് (മെൻസ്) |
| സുഗതകുമാരി ആൻറ് പാർട്ടി | : | ഗ്രൂപ്പ് ഡാൻസ് (വിമൻസ്) |
| തങ്കം നായർ ആൻറ് പാർട്ടി | : | തിരുവാതിരക്കളി |
| മുഹമ്മദ് അബ്ദുൽനാസർ | : | മോണോ ആക്ട് ആൻറ് മിമിക്രി |
| കാസിം ടി. പി. | : | ഗിററാർ |
| മധു ജനാർദ്ദനൻ | : | മൃദംഗം |
| ഹാറൂൺ റഷീദ് ആൻറ് പാർട്ടി | : | ഒപ്പന (മെൻ) |
| ഹലീമ ആൻറ് പാർട്ടി | : | ഒപ്പന (വിമൻ) |
| ഇക്ബാൽ എ. കെ. | : | ക്ലേമോഡലിങ്ങ് ആൻറ് പൂക്കള മത്സരം |
| ലതികാമിനി | : | എംബ്രോയിഡറി |
| ചന്ദ്രഭാനു | : | വാട്ടർ കളർ പെയിൻറിങ്ങ് |

## ഇൻറർ സോൺ കലോൽസവം:

തൃശ്ശൂരിൽ വെച്ചു മാർച്ച 3, 4, 5, തിയതികളിൽ നടത്തിയ യൂനിവേഴ്സിററി ഇൻറർസോൺ കലോത്സവത്തിൽ താഴെ പറയുന്ന വിദ്യാർത്ഥികൾ സമ്മാനാർഹരായി.

| | | |
|---|---|---|
| അബ്ദുൽ സമദ് എം. പി. | : | മലയാളം പ്രസംഗം |
| ഹാറൂൺ റഷീദ് ആൻറ് പാർട്ടി | : | ഒപ്പന (മെൻ) |
| മുഹമ്മദ് അബ്ദുൽ നാസർ | : | മോണോ ആക്ട് |
| ഇക്ബാൽ എ. കെ. | : | ക്ലേമോഡലിങ്ങ് |

നമ്മുടെ കോളേജിൻെറ അന്തസ്സുയർത്തിപ്പിടിച്ച കലാകാരൻമാരെ ഞാൻ അനുമോദിക്കുകകൂടി ചെയ്യുന്നു.

## കലാ സാഹിത്യ മൽസരങ്ങൾ:

പല സാംസ്കാരിക സംഘടനകളും നടത്തിയ കലാ സാഹിത്യ മൽസരങ്ങളിൽ നമ്മുടെ വിദ്യാർത്ഥികൾ സമ്മാനങ്ങൾ കരസ്ഥമാക്കുകയുണ്ടായി. 'ലിയോ' ക്ലബ്ബ് സംഘടിപ്പിച്ച മൽസരങ്ങളിൽ നമ്മുടെ വിദ്യാർത്ഥികളായ മുഹമ്മദ് അലി, ഉഷ, രാജൻ, സുരേഷ് എന്നിവർ വിവിധ സമ്മാനങ്ങൾക്കർഹരായി. റോട്ടറി ക്ലബ്ബ് നടത്തിയ ക്വിസ് മത്സരത്തിലും, 'ലോ' കോളേജ് ദശാബ്ദിയോടനുബന്ധിച്ചു നടത്തപ്പെട്ട ക്വിസ് മൽസരത്തിലും നമ്മുടെ കോളേജിലെ സി. കെ. രാജൻ, രഞ്ജിത് നായർ എന്നിവർ സമ്മാനങ്ങൾ കരസ്ഥമാക്കുകയുണ്ടായി. കൂടാതെ വിവിധ കലാസാഹിത്യ സംഘടനകൾ നടത്തിയ പ്രസംഗ മൽസരങ്ങളിൽ വിജയങ്ങൾ കൊയ്തെടുത്തുകൊണ്ടു് അബ്ദുൽ സമദ് എം. പി. നമ്മുടെ കോളേജിൻെറ അന്തസ്സ് ഉയർത്തി.

## യൂനിവേഴ്സിററി സെനററ്:

കാലിക്കററ് യൂനിവേഴ്സിററി സെനററിലെ വിദ്യാർത്ഥി പ്രതിനിധികളുടെ തിരഞ്ഞെടുപ്പിൽ നമ്മുടെ കലാലയത്തിലെ വിദ്യാർത്ഥികളായ ശ്രീ: എം. ഉസ്മാൻ (III B. Com) കാലിദ് ടി. എ. (I M. A.) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

എന്നത് അഭിമാനത്തോടും സന്തോഷത്തോടും കൂടി ഞാനിവിടെ രേഖപ്പെടുത്തട്ടെ. യൂനിവേഴ്സിററി സ്റ്റുഡൻറ്സ് കൗൺസിലിൽ അശ്റഫ് കെ. (I B. Com), ജഗ്മോഹൻ (II M.Com.)എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

### ഡിബേററ്:

ഈ കലാലയത്തിൻെറ സ്ഥാപകരിൽ പ്രമുഖനായിരുന്ന മൗലാനാ അബ്ദുസ്സുബ്ഹാനിൻെറ സ്മരണക്കായി വർഷംതോറും നടത്തിവരാറുള്ള അബ്ദുസ്സുബ്ഹാന് മെമ്മോറിയൽ റോളിങ്ങ് ട്രോഫിക്ക വേണ്ടിയുള്ള ഇൻറർ കോളേജിയററ് ഡിബേററ് ഈ വർഷം മാർച്ച് 25–ാം തീയതി നടത്തി. തുടർച്ചയായി 3ാം തവണയും നമ്മുടെ കോളേജിലെ അബ്ദുൽസമദ് എം.പി അബ്ദുൽ റഊഫ് എന്നിവരടങ്ങിയ കോളേജ് ടീം ട്രോഫി നിലനിർത്തി. ബെസ്റ്റ് സ്പീക്കറായി അബ്ദുൽ സമദ് എം. പി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

### കൾച്ചറൽ ഡെ:

ഫൈൻ ആർട്സ് അസോസിയേഷൻെറ ആഭിമുഖ്യത്തിൽ ഡിസമ്പർ 15ന് കോളേജ് ഓഡിറേറാറിയത്തിൽ വെച്ച് കൾച്ചറൽ ഡേ നടത്തപ്പെട്ടു. പ്രിൻസിപ്പാളിൻെറ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഇന്ത്യൻ യൂത്ത് അസോസിയേഷൻ കലോൽസവത്തിലെ വിജയികളെ അനമോദിച്ചു. തുടർന്ന് വിദ്യാർത്ഥികളുടെ കലാപരിപാടികളും നടത്തപ്പെട്ടു.

### മററു പ്രവർത്തനങ്ങൾ:

നമ്മുടെ കോളേജിലെ വിദ്യാർത്ഥികളെ മൊത്തത്തിൽ ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഞങ്ങളുടെ അധികാരപരിധിക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി പരിശ്രമിക്കുകയുണ്ടായി. യൂനിവേഴ്സിററി, ചാലപ്പുറം, ഭാഗങ്ങളിൽ നിന്നും വരുന്ന വിദ്യാർത്ഥികളെ എന്നും അലട്ടികൊണ്ടിരുന്ന ബസ് പ്രശ്നം ബന്ധപ്പെട്ട അധികാരികളുമായി സംസാരിച്ചതിൻെറ അടിസ്ഥാനത്തിൽ ആ ഭാഗങ്ങളിൽ നിന്നും വരുന്ന ബസ്സുകൾ കോളേജ് ടച്ച് ചെയ്തു പോകുവാൻ സാധിച്ചിട്ടുണ്ട്.

### കായികരംഗം:

കായിക രംഗത്ത് പ്രശംസനീയമായ പല നേട്ടങ്ങളും കൈവരിച്ച ഒരു വർഷമായിരുന്നു 1980–81. കളിക്കളങ്ങളിലും ട്രാക്കിലും മററു വർഷങ്ങൾക്കുപരിയായി ഉണർവും പുതുജീവനും ഞങ്ങളെ അത്യധികം സന്തോഷിപ്പിക്കുന്നു. ചരിത്രത്തിലാദ്യമായി രണ്ടു വർഷം തുടർച്ചയായി യൂനിവേഴ്സിററി ബോൾ ബാഡ്മിൻറൻ കിരീടം കീഴടക്കി എന്നതു് അഭിമാനത്തോടെ എടുത്തു പറയാനാഗ്രഹിക്കുന്നു. ജില്ലാബോൾ ബാഡ്മിൻറൻ ലീഗ് മൽസരങ്ങളിൽ ഇൻറർ കോളേജിയററ് വിഭാഗത്തിൽ ചാമ്പ്യൻമാരും ജൂനിയർ വിഭാഗത്തിൽ രണ്ടാംസ്ഥാനവും നമ്മുടെ കോളേജ് ടീം നേടി. ജില്ലാ ക്രിക്കററ് ലീഗ് മൽസരങ്ങളിൽ നമ്മുടെ ക്രിക്കററ് ടീം റണ്ണേഴ്സ് അപ്പായി. ഹോക്കി, ടേബിൾ ടെന്നീസ് എന്നീ ടീമുകളൊഴിച്ച് ബാക്കിയെല്ലാ കോളേജ് ടീമുകളും ഇൻറർ കോളേജിയററ് മൽസരങ്ങളിൽ പങ്കെടുത്തു. ഷട്ടിൽ ബാഡ്മിൻറൻ ക്വാർട്ടർ ഫൈനലിലും, ടെന്നീസ് സിംഗിൾസ് സെമി ഫൈനലിലും, വോളിബോൾ, ഫുഡ്ബോൾ ആദ്യറൗണ്ട് മൽസരങ്ങളിൽ വിജയം കൈവരിച്ചതും പ്രശംസനീയമാണ്. കഴിഞ്ഞ വർഷം ഇന്ത്യൻ യൂനിവേഴ്സിററി കളറണിയുകയും ഈ വർഷം യൂനിവേഴ്സിററിക്കും അടുത്ത് കൊച്ചിയിൽ നടന്ന ജൂനിയർ നാഷനൽ ഫുഡ് ബോളിൽ രണ്ടാം സ്ഥാനക്കാരായ കേരള ടീമിൻെറ വിംഗ് ബാക്കുമായ ശ്രീ: അശറഫ് കെ. ഈ കലാലയത്തിലെ വിദ്യാർത്ഥിയാണ് എന്നതു് നമുക്ക് അഭിമാനത്തോടെ സ്മരിക്കാം. മൂന്ന് വർഷം തുടർച്ചയായി കാലിക്കററ് യൂനിവേഴ്സിററി ബോൾ ബാഡ്മിൻറൻ ടീമിനെ നയിക്കുകയും രണ്ടുവർഷം കേരള ടീമിനുവേണ്ടി കളിക്കുകയും ചെയ്ത ശ്രീ: സുരേഷ് പൈ ഈ കോളേജിലെ വിദ്യാർത്ഥിയാണ്. അൻവർ പി. സി. മുരളീധരൻ എന്നിവർ ബോൾ ബാഡ്മിൻറലും ഉമ്മർകോയ, റാസിക്ക് എന്നിവർ സബ് ജൂനിയർ ഫുഡ്ബോളിലും കോഴിക്കോട് ജില്ലയെ പ്രതിനിധീകരിച്ചു. ശ്രീ: ഇല്യാസ് അഹമ്മദ് ഈ വർഷം മദ്രാസിൽ വെച്ച് നടത്തിയ സബ് ജൂനിയർ നാഷനൽ ഫുഡ്ബോളിൽ കേരളത്തിനു് ഷീൽഡ് വാങ്ങികൊടുക്കുന്നതിൽ നിസ്തുലമായ പങ്കുവഹിച്ചു എന്നതു് ഇവിടെ രേഖപ്പെടുത്തട്ടെ. ഈ വർഷത്തെ കോഴിക്കോട് ജില്ലാ സബ്ജൂനിയർ ടീമിൻെറ നായകൻ കൂടിയാണ് അദ്ദേഹം.

### സ്പോർട്സ് ഡെ:

പ്രത്യേക സാഹചര്യത്തിൽ അൽപം വൈകിയാണെങ്കിലും മാർച്ച് 20,21 തീയതികളിൽ കോളേജ് ട്രാക്കിൽ അരങ്ങേറിയ സ്പോർട്സ് ഡെ എന്തുകൊണ്ടും പുതുമയാർന്നതായിരുന്നു. 20ാം തീയതി ഉച്ചക്ക് ബാൻറ് വാദ്യങ്ങളോടെ വർണ്ണശബളമായ മാർച്ച് പാസ്റ്റോടുകൂടി ആരംഭിച്ചു. ഈ വർഷത്തെ ഓവറോൾ ചാമ്പ്യൻഷിപ്പ് 'സർ സയിദ്' ഹൗസ് നേടി. സ്പോർട്സ് 'ഡെ'യിൽ മലപ്പുറം ഡിസ്ട്രിക് ജഡ്ജി ശ്രീ: ഷാഹുൽ ഹമീദ് മുഖ്യാതിഥിയായിരുന്നു.

കായിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച എല്ലാ കളിക്കാരെയും ഞങ്ങൾ അനുമോദിക്കുന്നു.

### കോളേജ് ഡെ:

സമര കോലാഹലങ്ങൾ മൂലം ഒട്ടേറെ അദ്ധ്യയനങ്ങൾ നഷ്ടപ്പെട്ടതുകൊണ്ട് 'കോളേജ് ഡെ' നമ്മുടെ പ്രതീക്ഷക്കൊത്തു് നടത്താൻ സാധിച്ചിട്ടില്ല എന്നുള്ള വസ്തുത വിസ്മരിക്കുന്നില്ല. ഏപ്രിൽ 1ാം തീയതി കോളേജ് ഡെ ആയിരുന്നു. കോഴിക്കോട് ആകാശവാണിയിലെ ഡയറക്ടർ ശ്രീ. നാരായണൻ നായർ മുഖ്യാതിഥിയായിരുന്നു. ശ്രീ : കെ. എ

കൊടുങ്ങല്ലൂർ ആശംസാ പ്രസംഗം നടത്തി. ചെയർമാന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രിൻസിപ്പാൾ സ്വാഗതം പറയുകയും സെക്രട്ടറി റിപ്പോർട്ടവതരിപ്പിക്കുകയും വൈസ് ചെയർമാൻ നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

## നന്ദി, നന്ദി, നന്ദി.........

ഈ വർഷത്തെ യൂനിയൻപ്രവർത്തനങ്ങൾ ഭംഗിയായി നടത്തുന്നതിന് സഹകരിച്ച, സഹായിച്ച എല്ലാവരോടും ഞങ്ങൾക്കുള്ള നന്ദി രേഖപ്പെടുത്തട്ടെ. പ്രിൻസിപ്പൽ, സ്റ്റാഫ് അഡ്വൈസർ പ്രൊ: ടി. ഒ. പരീത് പിള്ള എന്നിവരുടെ ഉപദേശ നിർദ്ദേശങ്ങൾക്ക് ഞങ്ങൾക്ക് അകൈതവമായ നന്ദിയുണ്ട്. യൂനിവേഴ്സിററി. ബി. സോൺ കലോൽസവം നമ്മുടെ കലാലയത്തിൽവെച്ച് നടത്താൻ സമ്മതിച്ച യൂനിവേഴ്സിററി യൂനിയനോടും കൺവീനർ അബ്ദുള്ള മണപ്രത്തിനോടും ഞങ്ങൾക്കുള്ള നന്ദി പ്രത്യേകം എടുത്തു പറയട്ടെ.

യൂനിയൻ പ്രവർത്തനം സുഖകരമാക്കുന്നതിൽ ഞങ്ങളോടു സഹകരിച്ച അദ്ധ്യാപകർക്കും പ്രത്യേകിച്ച് ഫൈൻ ആർട്സ് ഡയരക്ടർ കെ. എസ്. കര്യൻ സാറിനും ഫിസിക്കൽ എഡ്യുക്കേഷൻ ഡയരക്ടർ, പ്രൊ: സി. വി. അബൂബക്കർ സാറിനും ഞങ്ങളുടെ നന്ദി. ഞങ്ങളോട് സഹകരിച്ച മററെല്ലാവർക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ട് റിപ്പോർട്ട് അവസാനിപ്പിക്കട്ടെ.

അഭിവാദ്യങ്ങളോടെ,

**സിക്രട്ടറി**

കോളേജ് യൂനിയൻ,

ഫാറൂഖ് കോളേജ്.

1-4-1981.

# ഏകാന്തപഥികൻ

താടി നരച്ചൊരാ കാലം—തേഞ്ഞ
ചെരുപ്പാൽ യാത്ര തുടർന്നൂ.........
നരകക്കടലിലിൻ കീഴെ—എന്നുടെ
സ്വപ്നം കരിയിലപോലെ.
ആരോ പാടിയ പാട്ടെന്നുള്ളിൽ
ഈണമുരച്ചു നടപ്പൂ.........

പ്രസവ വാർഡിന്നുള്ളിൽ
പ്രതിഷേധിച്ചു കരഞ്ഞു
കൈയാൽ കാലാൽ ബെഡ്ഡിൽ-
പായ്യാരങ്ങൾ തുടർന്നൂ !
മരണം ജീവിത മേകി' തായ—
ക്കണ്ണിൽ കരുണ കണക്കെ

കാലം കണ്ണ്് തുറക്കെക്കണ്ടു
എന്നുടെ നരകകവാടം തന്നിൽ
എന്നുടെ പകൽ മേടകളുള്ളിൽ
ജീവിത മൊഴുകി ക്കണ്ടേൻ
എന്നുടെ നരകക്കൂട്ടിൽ ദൈന്യം
തിന്നു കൊഴുത്തത് കണ്ടേൻ

വെറു പെരുകലിയെടുക്കാൻ ജാഗ്രത
യൊപ്പം ദൈന്യം പേറി—
പ്പേറി മുഖങ്ങൾ കൊഴിഞ്ഞു.

ഏകതയാണെന്നാത്മാ—
വേകതയാണെൻ സ്വർഗം
എന്നുടെ സ്വപ്നവു മെന്നുടെ മോഹവു-
മേകാന്തതയിൽ ലയിപ്പൂ.........

കെ. ടി. സത്യൻ II P.D.C.

**ഭൗതികമായി നേടാൻ കഴിവുള്ളതെല്ലാം നേടികഴിഞ്ഞാലും നമ്മിൽ ആത്മസംതൃപ്തി പൂർണ്ണതയിലെത്തുന്നില്ല. ഭാരിച്ച ഒരു ഹൃദയം അപ്പോഴും നമ്മുടെ കൂടെയുണ്ടായിരിയ്ക്കും.**

# എന്നിലുള്ള ഞാൻ....

മനുഷ്യൻ– അവൻ ആരായാലും, അവന്റെ കാലം ഏതായാലും, ചുററുപാട് എന്തായാലും അവനെപ്പോഴും മാനുഷിക ശക്തിക്കതീതമായ ഒരു കേന്ദ്രത്തിലേക്ക് കൈനീട്ടുന്നതു് കാണാം. അതിൽ അവൻ തന്നെ അനുഗ്രഹിക്കുവാനും തന്റെ ജീവിതത്തിനു് വെളിച്ചം കണ്ടെത്തുവാനും ശ്രമിക്കുന്നു.

മനുഷ്യൻ-സത്യത്തിൽ മനുഷ്യരായ നാം എന്താണ് ആ വാക്ക് കൊണ്ടുദ്ദേശിക്കുന്നതു് ? ഞാൻ ആരാണ്? എന്റെ ദേഹമോ? ദേഹിയോ ?– തന്റെ കൃത്യങ്ങളിൽ എതെങ്കിലും, എപ്പോഴെങ്കിലും, തെററായിരുന്നു എന്നു് സമൂഹം ചൂണ്ടിക്കാണിക്കുമ്പോൾ എന്നിലുള്ള ഞാൻ അതിനെ അംഗീകരിക്കാൻ തെയ്യാറാകുന്നുണ്ടോ ? സ്വയം നിഷ്കളങ്കതയെ പ്രകീർത്തിക്കാനല്ലെ നാം മുതിരുക ? കാരണം.എന്നിലുള്ള എന്നെ സ്നേഹിക്കാൻ ഞാൻ മാത്രമെയുള്ളൂ—

ആവശ്യങ്ങൾ ആഗ്രഹങ്ങൾ സ്വപ്നങ്ങൾ തുടങ്ങിയവ മനുഷ്യഹൃദയങ്ങളിൽ ജനിക്കുന്നു– അനുഭവസമൃദ്ധിയുള്ള ഒരു സമൂഹ ജീവിതത്തിലെ പങ്കാളി ആകുമ്പോൾ– ഇത് തന്നെ അവനിലെ നൻമകളെയും തിൻമകളെയും ബാധിക്കുന്ന ഒരു പ്രധാന ഘടകം.

യാതനകളുടെയും അസ്വസ്ഥതകളുടെയും തീച്ചൂളയിൽ നിന്നും പുറത്തു് വന്നു് ഒരു തുള്ളി ദാഹജലത്തിനു് വേണ്ടി അലയുന്ന ഒരാൾ ഏററവും അധികം ആഗ്രഹിക്കുന്നതും ഇഷ്ടപ്പെടുന്നതും ആ ഒരു തുള്ളി ദാഹജലമാണ്. താനേററവും ഇഷ്ടപ്പെട്ടതു് തനിക്ക് കിട്ടി എന്നതിലുള്ള സന്തോഷം അയാൾക്ക് അന്നേരം ഉണ്ടാവുമോ ? –അതോ ഒരാഗ്രഹം സഫലീകരിക്കപ്പെടുമ്പോൾ, അതിനെക്കുറിച്ച് തന്റെ മനസ്സിനെ അലട്ടിക്കൊണ്ടിരുന്ന, തീജ്വാല മാത്രം കെട്ടടങ്ങിയെന്നോ ?

ഭൗതികമായി നേടാൻ കഴിവുള്ളതെല്ലാം നേടിക്കഴിഞ്ഞാലും നമ്മിൽ ആത്മ സംതൃപ്തി പൂർണ്ണതയിലെത്തുന്നില്ല. ആരാലോ ശപിക്കപ്പെട്ടെന്നപോലെ ഭാരിച്ച ഒരു ഹൃദയം അപ്പോഴും നമ്മുടെ കൂടെയുണ്ടായിരിക്കും. ശോഭയില്ലാത്ത ഈ ഹൃദയവും പേറി എത്ര ദൂരം നാം സഞ്ചരിക്കണം ?–എന്തിനു് വേണ്ടി ? ആർക്ക് വേണ്ടി ? ബാഹ്യതയിലേക്ക് അതിന്റെ കിരണങ്ങളെത്തിക്കാൻ നാം എത്ര ശ്രമിച്ചു, പരാജയപ്പെടുന്നു. ജീവിതത്തിനു് എന്തെങ്കിലും അർത്ഥം കാണാൻ നമുക്ക് കഴിയേണ്ടിയിരുന്നു, പക്ഷെ... ? അപ്പോൾ ഭൗതിക നേട്ടങ്ങളെ മാനസികാസ്വസ്ഥതക്ക് ഒരു പ്രതിവിധിയായി അംഗീകരിക്കാൻ കഴിയില്ല. എങ്കിലും മനുഷ്യസമൂഹം മുഴുവനും യഥാർത്ഥ ജീവിതത്തിന്റെ ഭംഗി ആസ്വദിച്ചനുഭവിക്കാത്തതു് മൂലം, ഭൗതിക നേട്ടങ്ങളുടെ ഭൗതിക സുഖങ്ങളുടെ, പിന്നാലെ പായുന്നു.

വെറും നൈമിഷികമായ ആനന്ദം നുകരാൻ സഹായകമാകുന്ന ഈ ജീവിതം മൂഖേന മനുഷ്യൻ യഥാർത്ഥത്തിൽ കബളിപ്പിക്കപ്പെടുന്നു. ഇവയിലൂടെ ലഭ്യമാകുന്ന ജീവിത സുഖങ്ങൾ ഒരാളിൽ ഒട്ടും സംതൃപ്തി നൽകുന്നില്ല, മനസ്സിനു് കുളിർമയേകുന്നില്ല. സ്വസ്ഥത ലഭിക്കുന്നില്ല. കുററബോധവും നഷ്ടബോധവും എന്നും കൂടെത്തന്നെയായിരിക്കും. വിരസത തോന്നിക്കുന്ന ഇത്തരമൊരു ജീവിതത്തിന്റെ ആവർത്തനം അയാളിൽ മുഷിപ്പുണ്ടാക്കുന്നു. മനസ്സ് നൊമ്പരപ്പെടുന്നതോടൊപ്പം ജീവിതത്തെക്കുറിച്ചുള്ള ലക്ഷ്യബോധം നഷ്ടപ്പെടുന്നു. ഒടുവിൽ എല്ലാം നശിച്ചു, എല്ലാം നശിച്ചവൻ, എന്നു സമൂഹത്താൽ പറയപ്പെടുന്ന ഒരാളായി അയാൾ മാറുന്നു.

***മുഹമ്മദാലി പി. കെ.***

ജീവിതത്തിന്റെ ബാഹ്യവശം മാത്രം കാണാൻ ഒരുമ്പെടുന്ന ഒരാൾക്കും ഒരുപക്ഷെ പരാജയം എന്ന കറുത്ത മുഖത്തെ നേരിൽ കാണേണ്ടിവരും. അതേ സമയം മററുള്ളവരുടെ ജീവിതത്തിലെ ബാഹ്യവശം പ്രഥമദൃഷ്ട്യാ അംഗീകരിച്ച് അവയെ മാതൃകയായി പിൻപററാൻ ശ്രമിക്കുന്നത് വിഡ്ഢിത്തമായിരിക്കും. ചിലപ്പോൾ ചിലർ തന്നിലുള്ള ഉൽകൃഷ്ടഗുണങ്ങൾ സമൂഹത്തിനെ കാണിക്കാൻ വേണ്ടിനടത്തുന്ന വിഫല ശ്രമത്തിൽ സ്വയം പരാജിതനാവുന്നു. തന്നിലുള്ള കഴിവ്കേടിനെ അത് സൂചിപ്പിക്കുന്നു എന്നു് മനസ്സിലാക്കാതെ, മനസ്സിലാക്കാൻ ശ്രമിക്കാതെ, ഇതിന്റെ കുററങ്ങളെല്ലാം സമൂഹത്തിനു മേൽ ചുമത്തി അനന്തതയിൽ മുഴകിയ ഒരു ജിവിതത്തിൽ മുങ്ങി മരിക്കുന്നു.—സ്വയം നശിക്കുന്നു. നോക്കി കാണാൻ കഴിയാത്തതു്പോലും എത്തിപ്പിടിക്കാൻ ചിലപ്പോൾ മനുഷ്യൻ ശ്രമിക്കാറുണ്ട്. പരാജയം സുനിശ്ചിതമായ ഇത്തരം ഘട്ടങ്ങളുടെ അനന്തര ഫലമായി അവനിൽ അവിവേകം വിരിയുന്നു. ഇത് സമൂഹത്തെ, മൊത്തത്തിൽ മാനസിക ദൃഢതയില്ലാത്ത മനുഷ്യ വംശത്തെ ബാധിക്കുന്നു.

മററ ഘട്ടങ്ങളിൽ മനുഷ്യൻ സ്വബോധത്താൽ അവനിലുള്ള സൽ ഗുണങ്ങളെ കുഴിച്ചു് മൂടി ശാശ്വതമല്ലാത്ത ആനന്ദം പകരാൻ ദുർഗ്ഗുണങ്ങളെ മാന്യതയോടെ പുറത്തേക്കെടുക്കുന്നു.

അനുകരണ ബുദ്ധിയുള്ള മനുഷ്യരിൽ പലരും സ്വബുദ്ധിയെ നേർമാർഗ്ഗത്തിൽ ചലിപ്പിക്കാതെ നന്മയെ തികച്ചും അവഗണിച്ച് കൊണ്ട് ഇത്തരക്കാരെ പിൻതുടരുന്നു. തന്നിലുള്ള ബുദ്ധി തനിക്ക് നേർമാർഗ്ഗം കാണിച്ച് തന്നിട്ടില്ല. താൻ നേർമാർഗ്ഗം ഏതെന്ന് അന്വേഷിച്ചിട്ടില്ല, എന്നും അയാൾ ഈ സമയത്ത് മനസ്സിലാക്കുന്നില്ല. അവസാനം എല്ലാം വീണുടഞ്ഞ് ചിന്തിച്ചിരിക്കുമ്പോൾ തനിക്ക് നഷ്ടപ്പെട്ട നന്മകളോർത്ത് ആശ്വാസത്തിന് വഴികാണാതെ അലഞ്ഞ് നടക്കുന്നു.

ഇങ്ങിനെ, മൊത്തത്തിൽ– മനുഷ്യൻ അവന്റെ സ്ഥാനം അർഹത, അഭിമാനം–ഇവക്ക് വേണ്ടി സംസാരിക്കാതെ ഇവക്ക് വേണ്ടി സ്വരമുയർത്താതെ–ഇവയെല്ലാം വലിച്ചെറിഞ്ഞ് ഇവയെ തികച്ചും അവഗണിച്ച് കൊണ്ട് ലക്ഷ്യബോധമില്ലാതെ ജീവിക്കുന്ന ഒരു സമൂഹത്തിൽ കുടുങ്ങിപ്പോവുന്നു. മനുഷ്യരാൽ നിർമ്മിതമായ മനുഷ്യ സമൂഹത്തിൽ–ഇത്രയും ആകുമ്പോൾ മനുഷ്യ മനസ്സിനെ ചിന്തയുടെ പാതയിലേക്ക് എല്ലാ മനുഷ്യരിലും ഒളിഞ്ഞ് കിടക്കുന്ന ബുദ്ധിയുടെ പ്രവർത്തന പാതയിലേക്ക് ക്ഷണിക്കുമ്പോൾ— ജീവിതം, യഥാത്ഥ ജീവിതം ഇവ എന്താണ് എന്ന് മനസ്സിലാക്കാൻ അവയെക്കുറിച്ച് പഠിക്കാൻ ആഗ്രഹമുള്ള മനുഷ്യർ തങ്ങൾക്കുള്ള ചോദ്യം ഇവിടെ ഉന്നയിക്കട്ടെ.

മനസ്സമാധാനം, മാനസിക ദൃഢത, മനോധൈര്യം തുടങ്ങിയവയാണ് മനുഷ്യന്റെ ജീവിത സുഖത്തിൽ മറ്റെന്തിനേക്കാളും പ്രാധാന്യമർഹിക്കുന്നവ എന്ന് തീരുമാനിച്ചുറച്ചവർ. മനുഷ്യ ജീവിത വിജയത്തിന് ഇവ ഒഴിച്ചുകൂടാൻ പറ്റാത്തവയാണെന്ന് മനസ്സിലാക്കിയവർ നിങ്ങൾക്കുള്ള ഉത്തരം നാം എവിടെ അന്വേഷിക്കും? — എവിടെയെല്ലാം അന്വേഷിക്കേണ്ടിവരും? ഭൗതീക ലോകത്തിലും അതിന്റെ കളങ്കത്തിലും ലയിച്ച് മതി മറന്ന ഒരാൾക്ക് ഈ തീരുമാനത്തിലെത്താൻ കഴിയുമോ? ഈ ലോകത്തെ സമ്പന്നമാക്കി ജീവിതത്തിന്റെ തെറ്റായ മാർഗ്ഗം സ്വീകരിച്ച് ജീവിതം നയിക്കുന്ന ഒരാൾക്ക് ഈ തീരുമാനത്തിലെത്താൻ കഴിയുമോ? ഇവിടെയുണ്ടാകുന്ന നഷ്ടങ്ങൾ ജിവിതത്തെ ബാധിച്ച് അതിന്റെ ഫലം അവിവേകത്തിൽ ചെന്നെത്തിക്കുന്ന ഒരാൾക്കോ? ഇത്തരക്കാർക്ക് ഈ തീരുമാനത്തിലെത്താൻ കഴിയുമോ? ഇല്ല. മാനസിക ശുദ്ധിയില്ലാത്ത ഭൗതിക വിശ്വാസത്തിന് ഇതിന് കഴിയില്ല. എങ്കിൽ അതിന് വിപരീതമായി മറ്റെന്തുണ്ട്? ''ദൈവിക ബോധം'' മനുഷ്യനന്മക്ക് അനുകൂലമായിരിക്കുമോ? മാനവ ലോകത്തെ പുരോഗതിയിൽ നിന്നും പുരോഗതിയിലേക്ക് നയിക്കാൻ സഹായകമാകുന്ന ദൈവ വിശ്വാസത്തിൽ മാത്രമെ ഇതിന് മറുപടിയുള്ളു. ഇതിൽ അടിയുറച്ച് വിശ്വസിക്കുന്ന ഒരാൾക്ക് ജീവിതത്തിൽ ലക്ഷ്യബോധം ഉണ്ടായിരിക്കും.

പരീക്ഷണ ഘട്ടങ്ങൾ ജീവിതത്തിൽ ഒന്നിന് പുറകെ ഒന്നായി വന്നേക്കും. ഇത്തരം ഘട്ടങ്ങളിൽ നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഈ വിശ്വാസത്തിന്റെ, മാനസിക ദൃഢതയുടെ, പിൻബലത്തോടെ എതിർത്ത് തോൽപ്പിച്ച് ജീവിക്കാൻ കഴിയുന്നവൻ ആരാണോ തീർച്ചയായും അവൻ വിജയി തന്നെ.

# എന്റെ കലാലയം

മരതകപ്പട്ടുടുത്ത മാമലയ്ക്കുമേലെ
മകുടമണിഞ്ഞു നില്ക്കുമെൻ കലാലയമേ
നിമ്മക്കാം ഞങ്ങളിൽ നിൻകനിവു്, തേനൊഴുക്കി
നിന്നീടാനെന്നുമെന്നും നേർന്നിടുന്നു തായേ!

വാണിമാതിൻ ചേണിയലും തൃക്കടാക്ഷമേററ്
വാ, ണറിവിൻ പൊയ്കകളിൽ താണിറങ്ങി മുങ്ങി
പാരിലെന്നും സേവനത്തിൻ കൊടിയുയർത്തി വാഴാൻ
പാവനേ, നിൻ കാരുണി നീ ഞങ്ങളിൽ ചൊരിയൂ!

പല പല കലകളിലും പ്രാജ്ഞരീര സൃഷ്ടിച്ചു.
ഉലകിതിൽ സ്നേഹശാന്തി ഗീതമാലപിച്ചു.
പെരുമയും പേരുമേന്തി പ്രോജ്വലിക്കുമമ്മേ
തിരുനാമം വാഴ്ത്തി ഞങ്ങൾ ധന്യരാവട്ടെ!

**സുഹറാബി. കെ. III B.Sc.**

**രോഹിണി ഉപഗ്രഹം 90 മിനുട്ടുകൊണ്ടു് ഭൂമിയെ പ്രദക്ഷിണം വയ്ക്കുന്നു. 285 കി. മീ. അധമ ചന്ദ്രായനത്തിലും 600 കി. മീ. പരമ ചന്ദ്രായനത്തിലും ആയാണ് ഉപഗ്രഹം കറങ്ങിക്കൊണ്ടിരിയ്ക്കുന്നത്.**

# ഇന്ത്യ "സ്പേസ് ക്ലബിൽ"

1980 ജൂലായ് 18-ാം തിയ്യതി ഇന്ത്യക്ക് ഒരു മഹത്തായ ദിനമായിരുന്നു. ഇന്ത്യയുടെ "എസ്. എൽ. വി" റോക്കറ്റ് ഭ്രമണ പഥത്തിലേക്ക് "രോഹിണി" എന്ന ഉപഗ്രഹത്തെ എത്തിച്ചതോടെ ഇന്ത്യ സ്പേസ് യുഗത്തിലേക്ക് കാലൂന്നിയിരിക്കയാണ്. അങ്ങനെ ലോകത്തിലെ ചുരുക്കം ചില രാജ്യങ്ങൾക്ക് മാത്രം അഭിമാനിക്കാവുന്ന ഈ നേട്ടം നാം കൈപ്പിടിയിലൊതുക്കിയിരിക്കയാണ്. നമ്മുടെ ശാസ്ത്രജ്ഞന്മാരുടെ അക്ഷീണ പ്രയത്നമാണ് ഈ കാര്യസിദ്ധിക്ക് നമ്മെ സഹായിച്ചതെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

കേരളത്തിലെ തുമ്പയിൽ ഉണ്ടാക്കിയ "എസ് എൽ വി" എന്ന ഉപഗ്രഹ വാഹനം വഴി "രോഹിണി എന്ന ഉപഗ്രഹത്തെ ഭ്രമണ പഥത്തിലെത്തിച്ചതോടെ ഇന്ത്യ സ്പേസ് ക്ലബ്ബിന്റെ ആറാമത്തെ അംഗത്വം നേടിയെടുത്തിരിക്കുന്നു. ഇതിന്റെ മുന്നോടിയായി ഇന്ത്യ രണ്ടു ഉപഗ്രഹങ്ങൾ വിക്ഷേപിച്ചിരുന്നുവെങ്കിലും അതിൻമേലുള്ള നേട്ടം ഇന്ത്യക്ക് മാത്രം അഭിമാനിക്കാൻ മാത്രം വകയുള്ളതായിരുന്നില്ല. കാരണം—ആര്യഭട്ടയും, ഭാസ്കരയും—ഇപ്പോഴും ഭൂമിയുടെ ഭ്രമണ പഥത്തിലുള്ള ഈ രണ്ട് ഉപഗ്രഹങ്ങളും നിർമ്മിച്ചത് ഇന്ത്യയിൽ നിന്നാണെങ്കിലും വിക്ഷേപിച്ചത് റഷ്യയിൽ നിന്നായിരുന്നു.

35 കിലോഗ്രാം തൂക്കം വരുന്ന "രോഹിണി" ആന്ധ്രാപ്രദേശിലെ ശ്രീ ഹരികോട്ട വിക്ഷേപണ കേന്ദ്രത്തിൽ നിന്നാണ് വിട്ടയച്ചത്. 12 മിനുട്ട്കൊണ്ട് ഉപഗ്രഹം ഭൂമിയുടെ ഭ്രമണപഥത്തിലെത്തി. ഇന്ത്യയിൽ നിന്ന് ഉപഗ്രഹം തൊടുത്തു വിടാൻ ശാസ്ത്രജ്ഞന്മാരുടെ രണ്ടാമത്തെ ശ്രമമാണിത്. 1979 ആഗസ്റ്റിൽ നടത്തിയ പരീക്ഷണം ഉപഗ്രഹ വിക്ഷേപണ വാഹനം "വഴിതെറ്റുകയാൽ" ബംഗാൾ ഉൾക്കടലിൽ പതിച്ചു. ഈ പരീക്ഷണത്തിലെ പരാജയ കാരണങ്ങൾ ശരിക്കും പഠിച്ച് ഇത്തവണ ഈ വാഹനത്തിൽ ആവശ്യമായ മാററങ്ങൾ വരുത്തിയതിനാൽ 'രോഹിണി'യെ വിജയകരമായിതന്നെ ഭ്രമണപഥത്തിലെത്തിക്കാൻ സാധിച്ചു.

ഇന്ത്യൻ ശാസ്ത്രജ്ഞന്മാരുടെ നേട്ടം, ഐ. എസ്. ആർ. ഒ. അദ്ധ്യക്ഷൻ പ്രൊഫസർ എസ് എസ് ധവാന്റെ സ്വരത്തിൽ നിന്ന് അദ്ദേഹം ശ്രീ ഹരികോട്ടയിൽ വെച്ചു നടത്തിയ പത്ര സമ്മേളനത്തിൽ നിന്ന് മനസ്സിലാക്കാമായിരുന്നു. സ്വയം ഉപഗ്രഹം വിക്ഷേപിക്കാനുള്ള ശ്രമം ഇന്ത്യ 1973 ൽ തുടങ്ങിയതാണ്. 1972 ൽ ആണ് ഇന്ത്യയുടെ ബാഹ്യാകാശ പര്യവേക്ഷണ വകുപ്പ് സ്ഥാപിതമായത്. 1975 ൽ ഇന്ത്യയുടെ ആദ്യത്തെ ഉപഗ്രഹമായ 'ആര്യഭട്ട' വിക്ഷേപിക്കപ്പെട്ടു. 1979 ജൂണിൽ ഭാസ്കരയും.

**ബാലഗോപാലൻ സി.സി.**
**III B.Sc. (Physics)**

'രോഹിണി' ഉപഗ്രഹം 90 മിനുട്ട് കൊണ്ട് ഭൂമിയെ പ്രദക്ഷിണം വെക്കുന്നു. 285 കിലോമീററർ അധമ ചന്ദ്രായനത്തിലും (പെരിജി) 600 കിലോമീററർ പരമ ചന്ദ്രായനത്തിലും (അപ്പോജി) ആയാണ് ഉപഗ്രഹം കറങ്ങികൊണ്ടിരിക്കുന്നത്. നാലു ഘട്ടങ്ങളിൽ ആയിട്ടാണ് റോക്കററിന്റെ യാത്ര. ഒന്നാം ഘട്ടത്തിൽ മണിക്കൂറിൽ ;190 കിലോമീററും മൂന്നാം ഘട്ടത്തിൽ മണിക്കൂറിൽ 200 കിലോമീററും നാലാം ഘട്ടത്തിൽ മണിക്കൂറിൽ 28000 കിലോമീററും വേഗതയിലാണ് റോക്കററ് സഞ്ചരിച്ചത്.

വളരെയധികം സാമ്പത്തിക ബാദ്ധ്യതയുള്ള ആ പദ്ധതിക്ക് 22.5 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഭൂമിയിലെ സജ്ജീകരണങ്ങൾക്കും ഉപഗ്രഹത്തിനും മാത്രമായി 1 കോടി രൂപയാണ് ചെലവ്. ഇന്ത്യയിൽ നിന്ന് നിർമ്മിച്ച പ്രത്യേക ഇന്ധനമാണതിൽ ഉപയോഗിച്ചത്. തിരുവനന്തപുരത്തുള്ള 'വിക്രംസാരാഭായ് സ്പേയിസ് സെൻറർ' 10 വർഷം കൊണ്ടാണ് ഉപഗ്രഹ വിക്ഷേപണ വാഹനമായ 'എസ്. എൽ. വി' എന്ന ഈ "ഏഴുനില കെട്ടിടം" പണിതത്

നമ്മുടെ ഉപഗ്രഹത്തിന് 35 കിലോഗ്രാം തൂക്കം വരുവുള്ളവെങ്കിലും അമേരിക്കയും (8 കിലോ) ജപ്പാനും (24 കിലോ)

ആദ്യം തൊടുത്തു വിട്ട ഉപഗ്രഹത്തേക്കാൾ ഘനക്കൂടുതലാണീയുപഗ്രഹത്തിന്. റഷ്യയുടേതിന് 84 കിലോഗ്രാം തൂക്കമുണ്ടായിരുന്നു.

രോഹിണിയുടെ വിക്ഷേപണത്തിന് ,ആയിരക്കണക്കിന് ശാസ്ത്രജ്ഞന്മാരും, സാങ്കേതിക വിദഗ്ദ്ധരും നടത്തിയ ശ്രമങ്ങൾ അഭിനന്ദനാർഹങ്ങളാണ്. ഈ വാഹനത്തിന് വേണ്ട പ്രൊപ്പല്ലൻറുകൾ നിർമ്മിച്ചത് ശ്രീഹരി കോട്ടയിലായിരുന്നു. കൂടാതെ ബാംഗ്ലൂർ, അഹമ്മദബാദ് എന്നീ കേന്ദ്രങ്ങളിലെ ശാസ്ത്രജ്ഞന്മാരുടെ പങ്കും ഇവിടെ വിസ്മരിക്കാൻ പാടുള്ളതല്ല. 1979 ലെ ആദ്യത്തെ പരീക്ഷണത്തിന് ശേഷം ഇപ്പോഴുണ്ടായ ആ വിജയം ഐ. എസ്. ആർ. ഒ അദ്ധ്യക്ഷൻ പ്രൊഫസർ എസ് എസ് ധവാൻെറ വ്യക്തിപരമായ നേട്ടം കൂടിയാണ് എന്ന വസ്തുത നിസ്തർക്കമാണ്.

റഷ്യ, അമേരിക്ക, ചൈന, ഫ്രാൻസ്, ജപ്പാൻ എന്നീ രാജ്യങ്ങൾക്കൊപ്പം തന്നെ ''സ്പേസ് ക്ലബ്ബിൽ'' ഇന്ത്യക്ക് ചേരാൻ കഴിഞ്ഞ വസ്തുത ഇന്ത്യൻ ബാഹ്യാകാശ ഗവേഷണ ചരിത്രത്തിലെ മഹത്തായ സംഭവമായിതന്നെ കണക്കാക്കണം.

ഈ ഉപഗ്രഹ നിക്ഷേപണത്തോടെ എടുത്തു പറയാവുന്ന നേട്ടം, ഇന്ത്യക്ക് ബാല്ലിസ്റ്റിക് മിസ്സൈലുകൾ വികസിപ്പിച്ചെടുക്കാനുള്ള ശേഷിയാണ്. അടുത്ത എട്ടോ, പത്തോ വർഷങ്ങൾക്കുള്ളിൽ ഇന്ത്യ ഒട്ടേറെ ഉപഗ്രഹം തൊടുത്തുവിടാനിടയുണ്ട്. ഇതിനായി ഇന്ത്യയിൽ തന്നെ നിർമ്മിക്കുന്നവയും മറ്റ് നാടുകളിൽ നിന്ന് സമ്പാദിക്കുന്നവയും ആയ വാഹനങ്ങൾ ഉപയോഗിക്കാം. വാർത്താ വിനിമയം, കാലാവസ്ഥ നിരീക്ഷണം എന്നിവക്കെല്ലാം ഈ ഉപഗ്രഹങ്ങൾ വളരെയേറെ പ്രയോജനപ്രദമാണ്.

# ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ ഖാദി ഗ്രാമവ്യവസായങ്ങളുടെ പങ്ക്

പ്രതാപൻ തായാട്ട് പ്രി.ഡിഗ്രി.

നാമിന്നു് ജീവിക്കുന്നത് റോക്കററ് യുഗത്തിലാണ്. മനുഷ്യൻ ഭൂമിയെവിട്ട് മററു ഗോളങ്ങളെ കയറിപിടിച്ചിരിക്കുന്നു! അവിടെ ആധിപത്യം സ്ഥാപിക്കാൻ വൻരാഷ്ട്രങ്ങൾ കുതിച്ചോട്ടം നടത്തുകയാണിന്നു്. ഇതിനുവേണ്ടി കോടിക്കണക്കിനു പണം ചിലവഴിക്കാനുമവർ തയ്യാറാണ്. സമ്പത്തവർക്കൊരു പ്രശ്നമല്ല. ലോകം ഈ വഴിക്കു നീങ്ങുമ്പോൾ നമുക്ക് കൈയ്യും കെട്ടിയിരിക്കുക സാദ്ധ്യമാണോ? ഖാദിയും, ഗ്രാമവ്യവസായങ്ങളുമായി മുന്നോട്ടുപോയാൽ നമുക്കെത്ര ദൂരം ചെന്നെത്താനാവും! കാളവണ്ടിയുഗത്തിലെ ഈ പഴഞ്ചൻ ഉത്പാദന സമ്പ്രദായം ഉപേക്ഷിച്ചില്ലെങ്കിൽ ലോകരാഷ്ട്രങ്ങളുടെ ഇടയിൽ നമുക്ക് സ്ഥാനമുണ്ടാകുമോ?

ഉയരാനും, വളരാനും ഉത്കണ്ഠ കാണിക്കുകയും മററു രാഷ്ട്രങ്ങളോടൊപ്പമെത്താനാവാതെ പോയതിൽ കണ്ഠിതപ്പെടുകയും ചെയ്യുന്ന യുവതലമുറ പ്രത്യേകിച്ചും തൊടുത്തുവിടുന്ന മേൽമേൽ കൊടുത്ത ചോദ്യങ്ങളെല്ലാം ഗൗരവപൂർവ്വം കൈകാര്യം ചെയ്യേണ്ടവയാണ് സംശയമില്ല.

## നാമിന്നെവിടെ നിൽക്കുന്നു?

പലതും മുഖംതിരിഞ്ഞിരിക്കുന്നതു് ഈ പ്രശ്നത്തിൻമേലാണ്. നാമിന്നെവിടെ നിൽക്കുന്നു എന്നു് സത്യസന്ധമായി ചിന്തിച്ചുനോക്കാനാരുമിന്നു് മിനക്കെടാറില്ല. ഇതര രാഷ്ട്രങ്ങളിൽനിന്നു് വിഭിന്നമായ നമുക്കുള്ള പ്രശ്നങ്ങൾ നിരവധിയാണ്. 27 പൈസമാത്രം ദേശീയവരുമാനമുള്ള നാടാണ് നമ്മുടേത്. ഏതാണ്ട് 50% ജനങ്ങൾ ജീവിക്കുന്നതു് ദരിദ്രരേഖക്ക് താഴെയാണ്. തൊഴിലില്ലായ്മ ഇവിടെ കൊടികുത്തിവാഴുന്നു. മണ്ണുകുറവും, ജനങ്ങൾ ഏറെയുമുള്ള നാടാണ് നമ്മുടേതു്. പട്ടിണിയും തൊഴിലില്ലായ്മയും മൂലം എന്നും പൊട്ടിത്തെറിച്ചേക്കാവുന്ന ഒരഗ്നിപർവ്വതത്തിൻമേലാണ് നാമിന്നു് മയങ്ങികിടക്കുന്നതു്. സമ്പത്തിൻെറ ഉച്ചകോടിയിലുള്ള അമേരിക്കക്കോ, സോഷ്യലിസ്റ്റ് രാജ്യങ്ങൾക്കോ നേരിടേണ്ടിവന്നിട്ടില്ലാത്ത നിരവധി പ്രശ്നങ്ങളാണ് നമുക്കു് നേരിടേണ്ടി വന്നിരിക്കുന്നതു്. അവർ വളർന്ന ചുററുപാടുകൾ ഇനി വരാത്തവണ്ണം പോയ് മറഞ്ഞിരിക്കുന്നു. അത്കൊണ്ടുതന്നെ അത്തരം രാഷ്ട്രങ്ങളെ കണ്ണടച്ചു നമുക്ക് മാതൃകകളാക്കാൻ പാററില്ല. എങ്കിൽ നമുക്കും നമ്മുടേതായ മാർഗ്ഗം സ്വീകരിച്ചേ പററൂ. സത്യസന്ധമായ ഒരു വിലയിരുത്തൽ ഇതിനാവശ്യമാണ്. നാമിന്നെവിടെ നിൽക്കുന്നു എന്നു മനസ്സിലാക്കുകയാണ് ആദ്യം വേണ്ടതു്.

മററാരേക്കാളും ഗാന്ധിജിക്കിതറിയാമായിരുന്നു. നമ്മുടെ മണ്ണിൻെറ മണവും അതിൽ ജീവിക്കുന്ന പട്ടിണിക്കാരായ കോടിക്കണക്കിനുള്ള ജനതയുടെ ഹൃദയമിടിപ്പും ഇത്രമാത്രം ഉൾക്കൊള്ളാൻ കഴിഞ്ഞ മറെറാരു നേതാവിനെക്കുറിച്ചും ഇന്ത്യക്കോർക്കാനാവില്ല. ആ നിലക്ക് നാം നന്നാവുന്നതിലുള്ള കണ്ണുകടിയല്ല മറിച്ചു് യാഥാർത്ഥ്യബോധമാണ് ഗാന്ധിജിയെ ഒരു പ്രായോഗിക മനുഷ്യനാക്കി മാററിയതെന്ന് നാം ഓർക്കുക.

## വൻകിട യന്ത്രങ്ങൾ നമുക്ക് പ്രായോഗികമാണോ?

അല്ല. കാരണങ്ങൾ പലതാണ്. പ്രധാനമായവ മൂലധനത്തിൻെറയും തൊഴിലില്ലായ്മയുടെയും പ്രശ്നങ്ങൾ തന്നെ. ഇതിനുപുറമെ അസംസ്കൃത പദാർത്ഥങ്ങളുടെയും, കമ്പോളങ്ങളുടെയും പ്രശ്നങ്ങളും സാമൂഹ്യമായ മാററങ്ങളും വേറെയുമിരിക്കുന്നു.

സുപ്രസിദ്ധ സോഷ്യലിസ്റ്റ് നേതാവായിരുന്ന പരേതനായ ഡോ. റാം മനോഹർ ലോഹ്യ ഇക്കാര്യങ്ങളെക്കുറിച്ചു് ഏറെ ചിന്തിക്കുകയും ചില കാര്യങ്ങൾ വെട്ടിത്തുറന്നു പറയുകയുമുണ്ടായിട്ടുണ്ട്. ഒരു ലോകപര്യടനം കഴിഞ്ഞ് ഇന്ത്യയിൽ മടങ്ങിയെത്തിയ ശേഷം അദ്ദേഹം പറഞ്ഞതിങ്ങനെ ആയിരുന്നു. അമേരിക്കയെപോലെ ഇന്ത്യ വ്യാവസായികരിക്കപ്പെടണമെങ്കിൽ ഒരു തൊഴിലാളിക്ക് ശരാശരി ഒരു ലക്ഷം ഉറുപ്പിക മൂലധനം മുടക്കണം. ഇംഗ്ലണ്ടിനെപ്പോലെ ആവണമെങ്കിൽ $\frac{3}{4}$ ലക്ഷം ഉറുപ്പിക മതി. അതല്ല ചെറുകിടയന്ത്രങ്ങളുമായി മുന്നേറുന്ന ജപ്പാനെപ്പോലെയെങ്കിലും വ്യവസായം വളർത്തിയെടുക്കണമെങ്കിൽ ഒരു തൊഴിലാളിക്ക് മുടക്കേണ്ട മൂലധനം 30000 ക.യാണ്. ഈ കണക്കുകൾ അദ്ദേഹം പറഞ്ഞതു് ഏതാണ്ട് 28 കൊല്ലങ്ങൾ മുമ്പാണെന്ന കാര്യം നാം ഓർക്കുക. അന്നു് നമ്മുടെ ജനസംഖ്യ 51 കോടിയായിരുന്നുവെന്നും അതിനുശേഷം ഉറുപ്പികമൂല്യം 75% നഷ്ടപ്പെട്ടുവെന്നും കൂടി ഓർക്കുക ഇന്ത്യയിലൊരൊററ കുഞ്ഞുപോലും വർദ്ധിക്കാതിരിക്കുകയും, ഉറുപ്പികമൂല്യം നഷ്ടപ്പെടാതെ പിടിച്ചു നിർത്തുകയും ചെയ്തശേഷം സ്വകാര്യവ്യക്തികളുടെ സമ്പത്തു മുഴുവൻ പിടിച്ചെടുക്കാമെങ്കിൽ അദ്ദേഹത്തിൻെറ കണക്കനുസരിച്ച് 200 കൊല്ലത്തെ അശ്രാന്തപരിശ്രമമുണ്ടെങ്കിലേ

നമുക്ക് ജപ്പാനെപ്പോലെയെങ്കിലും വ്യാവസായികമായി ഉയരാൻ പററു. ഇന്ന് നമ്മുടെ ജനസംഖ്യ 64 കോടിയാണ്. അതനുസരിച്ച് നമ്മുടെ ദേശീയവരുമാനം വളരുകയല്ല കുറയുകയാണുണ്ടായത്. 28 കൊല്ലം മുമ്പുള്ള സാങ്കേതിക വിദ്യയിൽനിന്ന് മുൻപറഞ്ഞ രാഷ്ട്രങ്ങളും വളരെയേറെ മുന്നേറിക്കഴിഞ്ഞു.

## ഇനി തൊഴിലില്ലായ്മയുടെ കാര്യമോ?

നമ്മുടെ പ്രശ്നമിന്ന് ഉത്പ്പാദന വർദ്ധനവ് മാത്രമല്ല അത്രത്തന്നെയോ, അതിലധികമോ പ്രാധാന്യം തൊഴിലില്ലായ്മാപ്രശ്നം പരിഹരിക്കുന്നതിലുമുണ്ട്. ആധുനികശാസ്ത്രമുപയോഗിച്ചാൽ ഉത്പാദനം എത്രവേണമെങ്കിലും വർദ്ധിപ്പിക്കാം. ഒരു ബട്ടൺ അമർത്തിയാൽ ആയിരക്കണക്കിന് ചക്രങ്ങൾ തിരിയുകയും കോടിക്കണക്കിന് വാര വസ്ത്രങ്ങൾ ഉത്പ്പാദിപ്പിക്കപ്പെടുകയും ചെയ്യും. പക്ഷെ അതിനാവശ്യം ബട്ടൺ അമർത്താനുള്ള ഏതാനും ചില തൊഴിലാളികളെ മാത്രമാണ്. തൊഴിലില്ലാത്ത കരങ്ങൾക്ക് തൊഴിലവസരമാണ് നിഷേധിക്കപ്പെടും. ആ നിലക്ക് ഉത്പ്പാദിപ്പിച്ച സാധനങ്ങൾ വിലക്കു വാങ്ങാനുള്ള കഴിവും ജനങ്ങൾക്കില്ലാതെ പോകും. മൂലധനം ഉണ്ടായാൽ പോലും ഇന്ത്യയിലെ പോലെ ജനപ്പെരുപ്പംകൊണ്ടും തൊഴിലില്ലായ്മകൊണ്ടും വീർപ്പുമുട്ടുന്ന ഒരു രാജ്യത്തിന് സ്വീകരിക്കാവുന്ന മാർഗ്ഗമല്ലത്. ഈ പ്രായോഗിക വീക്ഷണമാണ് ബീഡി തെറുപ്പു യന്ത്രവും ചകിരി തല്ലുന്ന യന്ത്രവും ഇറക്കുമതി ചെയ്യാനുദ്ദേശിച്ചപ്പോൾ വൻകിടയന്ത്രങ്ങളുടെ ആരാധകർ പോലും അതികഠിനമായതിനെ എതിർക്കാൻ കാരണം. എങ്കിൽ ഖാദി ഗ്രാമവ്യവസായങ്ങളുടെ കാര്യത്തിലും എന്തുകൊണ്ടീ സമീപനം പാടില്ല.

ഇനി അതും പോകട്ടെ. വൻകിടയന്ത്രങ്ങൾക്കുവേണ്ട അസംസ്കൃത സാധനങ്ങൾ എവിടെനിന്നുകിട്ടും. ഉത്പ്പാദനം വിററഴിക്കാനുള്ള കമ്പോളം എവിടെയുണ്ട്. വൻകിടയന്ത്രങ്ങളുടെ പ്രവർത്തനംമൂലമുണ്ടാകുന്ന വായു-ജലമലിനീകരണങ്ങൾക്ക് നാമെന്ത് പ്രതിവിധി കണ്ടുപിടിക്കും. അമേരിക്കക്ക് പോലും തലവേദനയുണ്ടാക്കുന്ന പ്രശ്നമാണിത്. താരതമ്യേന ചെറിയ ഒരു വ്യവസായം കൊണ്ടുമാത്രം പരിസരവും ഇന്ന് വീർപ്പുമുട്ടുകയാണ്. ചാലിയാറിന്റെ ദുരന്തം നമുക്കറിയാവുന്നതാണല്ലോ? ജനങ്ങൾക്കവിടെ കുടിക്കാനും ശ്വസിക്കാനും വയ്യാത്ത സ്ഥിതി വന്നിരിക്കുന്നു.

മുൻകാലങ്ങളിൽ വേണ്ടുവോളം അസംസ്കൃത പദാർത്ഥങ്ങളുണ്ടായിരുന്നു. വിററഴിക്കാനുള്ള കോളനികളും വൻരാഷ്ട്രങ്ങൾക്കുണ്ടായിരുന്നു. ഉത്പാദനവും വിൽപ്പനയും ഒരു പ്രശ്നമല്ലാതിരുന്ന ആദ്യകാലങ്ങളിലാണ് വൻകിടരാഷ്ട്രങ്ങൾ വ്യാവസായികമായി മുന്നേറിയിരുന്നത്. ഇന്നാണെങ്കിൽ അവ രണ്ടും നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നു. എല്ലാം സ്വതന്ത്രരാജ്യങ്ങളായി മാറിയിരിക്കുന്നു. കമ്പോളങ്ങളിൽ കടുത്ത മത്സരമാണ്. അവ പിടിച്ചെടുക്കാനുള്ള മത്സരപരീക്ഷണം മൂത്ത് യുദ്ധം വരെ ആരംഭിക്കേണ്ടിവന്നു. ഈ നില തുടരാനോ വേണ്ടെന്നുവെക്കാനോ വയ്യാത്ത ഒരു ഗതികേടിലകപ്പെട്ടിരിക്കുകയാണ് വൻരാഷ്ട്രങ്ങൾ മുഴുവൻ. ഇന്നവർ Small is beautifull (ചെറുതാണ് സുന്ദരം) എന്ന നിലയിൽ ചിന്തിക്കാൻ തുടങ്ങിയിരിക്കുന്നു. ഇതിൽ നിന്നെല്ലാം നമുക്കൊന്നും പഠിക്കാനില്ലേ? അന്ധമായ അനുകരണഭ്രമവും ശാഠ്യംപിടിച്ച പരിഷ്കാരവും നാമൊന്നവസാനിപ്പിച്ചേ തീരൂ.

## അപ്പോൾ നാമെന്ത് ചെയ്യണം?

വേണ്ടത്ര മൂലധനം നമുക്കില്ല; പട്ടിണിയും തൊഴിലില്ലായ്മയും ജനപ്പെരുപ്പവും കൊണ്ട് വീർപ്പുമുട്ടുന്ന ജനതയാണ് നാം. അപ്പോൾ നാമെന്ത് ചെയ്യണം.

ഇവിടെയാണ് നാം നമ്മുടെ പ്രത്യേക ചുററുപാടിൽ ഖാദി ഗ്രാമോദ്യോഗവ്യവസായങ്ങൾക്കുള്ള സ്ഥാനത്തെക്കുറിച്ച് ചിന്തിക്കേണ്ടത്. 1000ക മുടക്കിയാൽ ഒരാൾക്ക് തൊഴിൽ നൽകാം. സാമ്പത്തികകേന്ദ്രീകരണം ഒരു പരിധി വരെ ഒഴിച്ചുനിർത്താം. കോടികണക്കിന് മൂലധനം മുടക്കേണ്ട പ്രശ്നമില്ല. ഉത്പാദകർ തന്നെയാണ് യന്ത്രത്തിന്റെ ഉടമ. ആ നിലക്ക് തൊഴിലാളി മുതലാളി പ്രശ്നമുദിക്കുന്നില്ല. ഉപഭോക്താവും ഉത്പാദകനും അയൽക്കാരാണ്. അവിടെ ഉത്പാദനവിതരണവും പ്രശ്നമില്ല. എല്ലാത്തിനും പുറമെ യാതൊരു വിധ ചൂഷണവും ആ രംഗത്തുണ്ടാവുന്നില്ല. ശാരീരികമായി കഴിവുള്ള ആർക്കും ഉത്പാദനത്തിനുള്ള സന്ദർഭവും അതുവഴി രാഷ്ട്രപുരോഗതിയിൽ അംഗത്വവും ലഭിക്കുന്നു.

ഇന്നും നമ്മുടെ ഗ്രാമങ്ങളിൽനിന്ന് വസ്ത്രത്തിന്റേയും സോപ്പിന്റേയും പോലുള്ള സാധനങ്ങളുടെ പേരിൽ മറുനാടുകളിലേക്കൊഴുകിപ്പോകുന്ന കോടികണക്കിനുള്ള രൂപയുടെ ഒഴുക്കവസാനിപ്പിച്ച് അതിവിടെ ഉത്പ്പാദിപ്പിക്കാമെങ്കിൽ തൊഴിലില്ലായ്മ ഒരു പ്രശ്നമാകുന്നതെങ്ങിനെ? പക്ഷെ നമുക്കിത്തിരി സ്വദേശീ മനോഭാവമുണ്ടാകണം. അയൽക്കാരനോടൽപ്പം സഹാനുഭൂതിയും സഹകരണവും കാണിക്കുകയും വേണം. എങ്കിലേ നമ്മുടെ 80% വരുന്ന ഗ്രാമീണ ജനതക്ക് ഉയർത്തെഴുന്നേൽക്കാനാവൂ. ഏതാനും ചില പട്ടണങ്ങൾ പുരോഗമിച്ചാൽ ഭാരതം പുരോഗമിക്കില്ല. ഗ്രാമങ്ങളാണ് നമ്മുടെ നാട്ടിന്റെ ശക്തികേന്ദ്രങ്ങൾ അവയുടെ സമ്പദ് വ്യവസ്ഥയിലാണ് മാററങ്ങളുണ്ടാവേണ്ടത്. ഈ നിലക്ക് ഖാദി ഗ്രാമോദ്യോഗവ്യവസായങ്ങൾക്കുള്ള മാന്ത്രിക ശക്തിയെക്കുറിച്ച് നാം ചിന്തിക്കേണ്ടത്. മഹാത്മജിയുടെ ''ഗ്രാമസ്വരാജ്'' എന്ന സങ്കൽപ്പത്തിന്റെ അർത്ഥവും വ്യാപ്തിയും ഇവിടെയാണ്. അതേക്കുറിച്ച് വൈകിയ വേളയിലെങ്കിലും ചർച്ചചെയ്യാനും പഠിക്കാനും അതിലുപരി ഉൾക്കൊള്ളാനും യുവതലമുറയെങ്കിലും തയ്യാറാവണമെന്നാണെന്റെ ആഗ്രഹം.

# ഇന്ത്യൻ വിദ്യാഭ്യാസം

എ. അബ്ദുൽറഷീദ്
I B.A. Economics

ഇന്ത്യൻ വിദ്യാഭ്യാസം പരിഷ്കരിക്കപ്പെടേണ്ടതിൻെറ അനിവാര്യത പല സമര കോലാഹലങ്ങൾ കൊണ്ടും ഒരു മുറവിളി ആയിട്ട് വർഷങ്ങൾ പലതായി. എന്നിട്ടും ഇന്ത്യൻ ഭരണ കൂടത്തിന്ന് ഇരുന്ന ഇരിപ്പിടത്തിൽ നിന്നും യാതൊരു ചലനവും ഉണ്ടായിട്ടില്ലന്നത് വളരെ ദയനീയമായ ഒരു വസ്തുതയാണ്. ഇതിന്നൊരു അറുതി വരുത്താൻ ഇക്കൂട്ടർ ഇനിയും വൈകുന്നത് അപകടമാണ്.

ഇന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും പുറത്ത് വരുന്നവരിൽ 50 ശതമാനവും തൊഴിലില്ലാതെ അലയുന്നവരാണ്. ഇതെന്ത് കൊണ്ടെന്ന് ആരും അന്വേഷിക്കാറില്ല. ഒരു വികസ്വര രാഷ്ട്രമായ ഇന്ത്യ ഇന്നും, സാമ്പത്തിക, സാമൂഹിക, സാംസ്ക്കാരിക മേഖലകളിൽ പുരോഗതി പ്രാപിച്ച വരുടെതായ ഒരു വിദ്യാഭ്യാസ രീതിയാണ് തുടർന്ന് പോരുന്നത്. സായിപ്പൻ വിദ്യാഭ്യാസ രംഗത്ത് നിന്നും നമുക്കെന്നാണിനി മോചനമുണ്ടാവുക? നമ്മുടെ വിദ്യാഭ്യാസക്കമ്മീഷനുകൾക്കും ഭരണ കൂടങ്ങൾക്കും അതിലൊട്ടും താല്പര്യവുമില്ല എന്നതാണ് വാസ്തവം. ഇന്നത്തെ ഈ രീതിയിൽ എന്തായാലും സമൂലമായ ഒരു പരിവർത്തനം അത്യന്താപേക്ഷിതമാണ്. ജീവിതവുമായി യാതൊരു ബന്ധമില്ലാത്ത ഈ രീതി പണ്ടേ തുടച്ച മാറേറണ്ടിയിരിക്കുന്നു. ഇവിടെ പ്രായോഗിക ജീവിതത്തിൽ സാമൂഹ്യ ജീവിക്കുപയോഗപ്പെടുന്ന രീതിയിലുള്ള ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് വേണ്ടത്. മറിച്ച് ഇന്നത്തെ രീതിതന്നെ തുടരുകയാണെങ്കിൽ ദിനം പ്രതി നാം ജീവിതവുമായ് അകലുകയും മുതലാളിത്തത്തിൻെറ പ്രതീകമായ തൊഴിലില്ലായ്മ നമ്മെ പിടികൂടുകയും ചെയ്യുന്നു.

ഇപ്പോൾ ഇവിടെ നിലനിൽക്കുന്ന ഈ വിദ്യാഭ്യാസ സമ്പ്രദായം തീരെ അശാസ്ത്രീയവും, അപ്രായോഗികവും ആണെന്ന കാര്യത്തിൽ ലേശവും സംശയത്തിന്ന് സ്ഥാനമില്ല. ഇതിനെ മാററി പകരം പുതിയൊരു ശാസ്ത്രീയവും പ്രായോഗികവുമായ വിദ്യാഭ്യാസ രീതി നടപ്പിൽ വരുത്താൻ ഇന്ത്യൻ വിദ്യാഭ്യാസ കമ്മീഷനുകളും, വിദ്യാർത്ഥി പ്രതിനിധികളും അതു പോലെത്തന്നെ മററു പുരോഗമന വാദികളും മുന്നോട്ട് വരേണ്ടത് തീർത്തും ആവശ്യമാണ്. എന്നാൽ ഇതുവരെ പുതിയ പരിഷ്കാരങ്ങൾ നടപ്പിലാക്കുക എന്ന പേരിൽ കാട്ടികൂട്ടിയ കോമാളിത്തരങ്ങൾ ഇനിയും തുടരുന്നപക്ഷം ഇന്ന് നിലവിലുള്ള ഈ സമ്പ്രദായം കൂടുതൽ വികൃതമാക്കാനേ സഹായിക്കൂ എന്നതിൽ രണ്ട് വശമില്ല. ഇത് നാം ഇതുവരെയുള്ള അനുഭവത്തിൽ നിന്നും എന്നോ മനസ്സിലാക്കികഴിഞ്ഞതാണ്.

23 ലക്ഷം അടിമകളുള്ള ഇന്ത്യാരാജ്യത്ത്, ഈ വിദ്യാഭ്യാസ രീതികൊണ്ടു മാത്രം അഭ്യസ്ത വിദ്യരായ 52 ലക്ഷം ചെറുപ്പക്കാർ ഇന്നും അലയുന്നു. ദാരിദ്ര രേഖ എന്ന ഓമന പ്പേരിന്ന് അടിയിലുള്ളവരുടെ ശതമാനം നഗരങ്ങളിൽ 43 ഉം നാട്ടിൻ പുറങ്ങളിൽ 50 ശതമാനവുമായി വർദ്ധിച്ചിരിക്കുന്നു. അവർ ആ ഓമന രേഖകളിൽത്തന്നെ എത്തിച്ചേരണമെങ്കിൽ ഇനിയും ദശാബ്ദങ്ങൾ തന്നെ വേണ്ടിവരും. മാത്രമല്ല, വർഷം പ്രതി 60 ലക്ഷം ജനങ്ങൾ ദാരിദ്ര്യത്തിലേക്ക് പതിച്ചു കൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള ഒരു രാജ്യത്തിലെ വിദ്യാഭ്യാസ മേഖലയിൽ മാററം വരുത്തുന്നില്ലെങ്കിൽ അടുത്ത ഭാവിയിൽ എന്തായിരിക്കും ഇവിടത്തെ സ്ഥിതി എന്ന് നമുക്കുഹിക്കാൻ പോലും കഴിയില്ല.

ഇവിടെ നിലനിൽക്കുന്ന ഈ അശാസ്ത്രീയ വിദ്യാഭ്യാസ രീതി നമുക്ക് പ്രൈമറി സ്കൂളിൽ നിന്ന് തന്നെ വളരെ വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്നതാണ്. വളരെ ലളിതമായി നമുക്ക് പ്രൈമറി ക്ലാസ്സുകളിലെ ചരിത്രം തന്നെയെടുക്കാം. അവിടെ ഇന്ത്യാ ചരിത്രം എന്ന പേരില റിയപ്പെടുന്നത് ഏതാനും ഐതിഹ്യങ്ങളും, ധീരവീര സാഹസികതയുടെ ഏതാനും കെട്ടുകഥകളുമാണ്. അതിലുപരി ഇത് വിദ്യാർത്ഥികളുടെ ഇടയിൽ പ്രാദേശിക-വർഗീയ, സങ്കുചിത ചിന്താഗതികൾ കൂടി വളർത്താൻ പോന്നതാണ്. ഈ രീതിയിലുള്ള ചരിത്രങ്ങളും മററും പാടെ എടുത്ത് കളയേണ്ട കാലം എന്നോ അതിക്രമിച്ചിരിക്കുന്നു. മാത്രമല്ല അവരുടെ സിലബസ് ലഘൂകരിക്കണം എന്നത് വളരെക്കാലമായി വിദ്യാർത്ഥികൾ ഉന്നയിക്കുന്ന ഒരു പ്രധാന കാര്യമാണ്. വിദ്യാർത്ഥികളുടെ മാനസിക വളർച്ചക്കനുസൃതമായ ഒരു സിലബസ് വിദ്യാഭ്യാസക്കമ്മീഷൻ ഏതായാലും ഉണ്ടാക്കേണ്ടിയിരിക്കുന്നു.

മാത്രമല്ല, നമ്മുടെ സർക്കാറുകൾ ഇന്ന് പ്രാഥമിക വിദ്യാഭ്യാസത്തിന്ന് മുൻതൂക്കം നൽകേണ്ടതിൻെറ ആവശ്യകത വളരെയാണ്. ഇന്ത്യയിൽ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യാനുള്ള ഏക പോംവഴിയും അതു തന്നെയാണ്. ഈ സ്ഥിതിയിൽത്തന്നെ പ്രൈമറി ക്ലാസ്സുകളിൽ ചേർന്ന് പഠിക്കുന്ന കുട്ടികളിൽ വെറും 25% മാത്രമാണ് സെക്കൻണ്ടറി വിദ്യാഭ്യാസം പൂർത്തിയാക്കുന്നുള്ള എന്ന വസ്തുത ആരെയും ഞെട്ടിക്കാൻ പോന്നതാണ്. എന്നാൽ ഈ സെക്കൻററി വിദ്യാ

ഭ്യാസം പൂർത്തിയാക്കുന്നതിനു മുമ്പുള്ള ഈ കൊഴിഞ്ഞു പോക്ക് എന്തുകൊണ്ടെന്നതിനെപ്പററി ഒരു അന്വേഷണം നടത്തി വിദ്യാഭ്യാസക്കമ്മീഷനുകൾ ഇത് തടയേണ്ട പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

ഇന്നത്തെ വിദ്യാഭ്യാസ ഘടനയുടെ മറെറാരു സുപ്രധാന പോരായ്മയാണ് ഇപ്പോഴും നിലനിന്ന്കൊണ്ടിരിക്കുന്ന, വിദ്യാർത്ഥികൾ ഏററവും കൂടുതൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന തീരാശാപമായ പരീക്ഷാ സമ്പ്രദായം. ഇത് ഇന്ന് വെറുതെ ഓർമ്മ ശക്തിയെ അളക്കാനുപയോഗിക്കുന്ന ഒരു അളവ്കോൽ മാത്രമായി അധ:പതിച്ചിരിക്കുന്നു. വിദ്യാർത്ഥികളുടെ ഓർമ്മ ശക്തിയെ പരീക്ഷിക്കുന്ന ഈ സമ്പ്രദായം എടുത്ത് കളയേണ്ട കാലം എന്നോ അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നുവെന്നത് ഒരു പരമാർത്ഥം മാത്രമാണ്.

നമ്മുടെ വിദ്യാഭ്യാസത്തിൻെറ മുഖ്യലക്ഷ്യമായ തൊഴിലിന്ന് വേണ്ടിയുള്ള പരിശീലനത്തിൻെറ മുന്നോടിയായ തൊഴിലിലധിഷ്ഠിത വിദ്യാഭ്യാസം എന്ന വാക്ക് ഇന്ന് നമ്മുടെ വളരെക്കാലത്തെ മുറവിളികൊണ്ട് ഒരു പഴഞ്ചനായി മാറിയിരിക്കയാണ്. എന്നിട്ടും വേണ്ടപ്പെട്ട അധികാരികൾ ഈ കാര്യത്തിനു തീരെ തല്പരരല്ല ഇപ്പോഴത്തെ അഭ്യസ്ത വിദ്യരിലെ ഏററവും പ്രധാന പ്രശ്നങ്ങളിലൊന്നായ തൊഴിലില്ലായ്മയുടെ കാരണക്കാരനായ തൊഴിലിലധിഷ്ഠിത വിദ്യാഭ്യാസത്തിൻെറ അഭാവം, കൂടുതൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിച്ച് കൊണ്ട് നീക്കേണ്ടതാണ്.

കൂടുതലായി നമ്മുടെ വിദ്യാഭ്യാസ മേഖല കൈയ്യടക്കി വെച്ചിരിക്കുന്ന ഏതാനും കുത്തകകളുടെ പിടിയിൽ നിന്നും മോചിപ്പിച്ച് പൊതുമേഖലയിൽ കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. ഇതിനു കൂടി വിദ്യാഭ്യാസ മേഖലയെ ഒരു പരിധിവരെ ഇന്നത്തെ ജനാധിപത്യ ധ്വംസനത്തിൽ നിന്നും മോചിപ്പിക്കാൻ കഴിയുമെന്ന വസ്തുത അനിഷേധ്യമാണ്. അതുമല്ല ഈ മേഖലയെ(വിദ്യാഭ്യാസ)തീർത്തും കൺകറൻറ് ലിസ്ററിൽ നിന്നും നീക്കം ചെയ്ത് അതായത് സംസ്ഥാന ഗവൺമെൻറുകളുടെ കീഴിൽ കൊണ്ടുവരുന്നതുവഴി ഇന്നുള്ള പല പ്രശ്നങ്ങൾക്കും വളരെ വേഗത്തിൽ പരിഹാരം കാണാൻ കഴിയുന്നതാണ്

എന്നാൽ സ്വന്തം രാഷ്ട്രീയ ലക്ഷ്യങ്ങൾ നിലനിർത്താൻ വേണ്ടി ഏതാനും കുത്തകകളുടെ കയ്യിലേക്ക് ഇന്ത്യൻ വിദ്യാഭ്യാസത്തെ എറിഞ്ഞു കൊടുക്കുക മാത്രമല്ല നമ്മുടെ ഗവൺമെൻറുകൾ ചെയ്യുന്നത്, മറിച്ച് അഞ്ചാം പദ്ധതിയിൽ വിദ്യാഭ്യാസത്തിനായി നീക്കിവെച്ച സംഖ്യയുടെ ഏതാണ്ട് പകുതിപോലും നമ്മുടെ ഭരണ കൂടം ചിലവഴിക്കുകയുണ്ടായില്ല. ഇത് മൂലം വിദ്യാഭ്യാസ മേഖല ഇന്നൊരു കച്ചവടച്ചരക്കായി മാറിയിരിക്കയാണ്. കുത്തകക്കാർ ഇന്ന് ഏററവും കൂടുതൽ കണ്ണ് നട്ടുകൊണ്ടിരിക്കുന്നതും ഈ വിദ്യാഭ്യാസ മേഖലയിലേക്കു തന്നെ. അവർ അവിടെ കുടിയേറിപ്പാർത്ത് കഴിഞ്ഞിരിക്കുകയാണ്. അവരിൽ പലരും തന്നെ ഉന്നത വിദ്യാഭ്യാസ മേഖലയിലാണ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. അതിന്നു വ്യക്തമായ തെളിവാണ് നമ്മുടെ കേന്ദ്രവിദ്യാഭാസ മന്ത്രിയുടെ പാർലിമെൻറിലെ ഇന്ത്യൻ വിദ്യാഭ്യാസ മേഖലയെക്കുറിച്ചുള്ള വിവരണം. അദ്ദേഹത്തിൻെറ കണക്ക് പ്രകാരം ഇന്ത്യയിൽ 22 സംസ്ഥാനങ്ങളിലും മററു യൂണിയൻ ടെറിററികളിലും കൂടി മൊത്തമുള്ള 4558 കോളേജുകളിൽ 3268 എണ്ണം സൗകാര്യമേഖലയിലാണത്രെ ! ബാക്കിയുള്ള വെറും 1290 എണ്ണം മാത്രമാണ് പൊതുമേഖലയിലുള്ളത്. ഇവയിൽ നിന്ന് തന്നെ ഉന്നത വിദ്യാഭ്യാസ രംഗത്തെ കച്ചവടത്തെ സംബന്ധിച്ച് ഊഹിക്കാവുന്നതാണ്. താഴെ കൊടുക്കുന്നതാണ് അതിലെ ശരിയായ കണക്ക്. അതിൽ നിന്നും ഒരു ഏകദേശ രൂപം നമുക്ക് കിട്ടുന്നതാണ്.

ഇന്ന് സ്വകാര്യ കോളേജുകളിൽ ഏററവും മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് മഹാരാഷ്ട്രം. അവിടെ ആകെയുള്ള 516 കോളേജുകളിൽ 436 എണ്ണവും സ്വകാര്യമേഖലയിലാണ് സ്ഥിതിചെയ്യുന്നത്. രണ്ടാം സ്ഥാനത്ത് നിൽക്കുന്ന യു. പിയിൽ മൊത്തമുള്ള 540 കോളേജുകളിൽ പൊതുമേഖലയിൽ വെറും 74 എണ്ണം മാത്രമുള്ളപ്പോൾ സ്വകാര്യമേഖലയിൽ 467 എണ്ണമാണുള്ളത്. മൂന്നാം സ്ഥാനത്ത് നിൽക്കുന്ന കർണ്ണാടകയിൽ 382 ൽ 308 എണ്ണവും സ്വകാര്യ മേഖലയിൽ സ്ഥിതിചെയ്യുന്നു. അതുപോലെത്തന്നെ, പശ്ചിമബംഗാൾ ത്രിപുര, സിക്കിം എന്നീ സംസ്ഥാനങ്ങളിലെ മൊത്തമുള്ള 322 കോളേജുകളിൽ 253 എണ്ണംസ്വകാര്യമേഖലയിൽത്തന്നെ നിലനിൽക്കുന്നു. എന്നാൽ കേരളത്തിലെ സ്ഥിതി നേരെ മറിച്ചാണ്, ഇവിടെ മൊത്തമുള്ള 543 കോളേജുകളിൽ 411 എണ്ണം പൊതുമേഖലയിലുള്ളപ്പോൾ വെറും 132 എണ്ണം മാത്രമാണ് സ്വകാര്യമേഖലയിലുള്ളത് എന്ന വസ്തുത പ്രത്യേകം ശ്രദ്ധേയമാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് കുത്തകൾക്ക് കൂടുതൽ തടിച്ച് കൊഴുക്കാൻ പററിയ അന്തരീക്ഷമല്ല കേരളത്തിലുള്ളതെന്ന് സുവ്യക്തമാണ്.

ഇത്പോലെത്തന്നെ നമ്മുടെ മെഡിക്കൽ കോളേജുകളും അതുപോലെത്തന്നെ എൻജിനിയറിംഗ് കോളേജുകളും ഇതിൽ നിന്നും ഒട്ടും വ്യത്യസ്തമല്ലെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇന്ത്യയിൽ മൊത്തമുള്ള 108 മെഡിക്കൽ കോളേജുകളിൽ 31 എണ്ണം സ്വകാര്യമേഖലയിൽ സ്ഥിതി ചെയ്യുന്നുണ്ട്. ഇതിൽ 13 സ്വകാര്യ മെഡിക്കൽ കോളേജുകളുള്ള മഹാരാഷ്ട്രയാണ് മുൻപന്തിയിൽ നിൽക്കുന്നത്. രണ്ടാം സ്ഥാനത്ത് നിൽക്കുന്ന കർണ്ണാടകയിലും ബീഹാറിലും 9 വീതം സ്ഥിതിചെയ്യുന്നുണ്ട്. എന്നാൽ എൻജിനിയറിംഗ് കോളേജുകളെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഇന്ത്യയിൽ മൊത്തമുള്ള 136 ൽ 40 എണ്ണവും സ്വകാര്യ മേഖലയിൽ സ്ഥിതിചെയ്യുന്നു. ഏററവും കൂടുതൽ സ്വകാര്യ എൻജിനിയറിംഗ് കോളേജുകളുള്ള കർണ്ണാടകയാണ് മുന്നിൽ നിൽക്കുന്നത്. അവിടെ മൊത്തമുള്ള 23 കോളേജുകളിൽ 16 എണ്ണവും സ്വകാര്യമേഖലയിൽത്തന്നെ നിലനിൽക്കുന്നു. രണ്ടാം സ്ഥാനത്ത് നിൽക്കുന്ന കർണ്ണാടകയിൽ മൊത്തമുള്ള 15 ൽ 4 എണ്ണം സ്വകാര്യമേഖലയിലാണ്.

ഇന്ത്യയിൽ ഉന്നതവിദ്യാഭ്യാസമേഖലയെ അപേക്ഷിച്ച് കുത്തകകരാക്ക് കൂടുതൽ തടിച്ചു കൊഴുക്കാൻ പററിയ സ്ഥിതിയല്ല പ്രൈമറി വിദ്യാഭ്യാസമേഖലകളിൽ നമുക്ക് കാണാൻ കഴിയുന്നത്. ഇന്ത്യയിലെ മൊത്തം 590307 സ്കൂളുകളിൽ 500667 എണ്ണവും പൊതുമേഖലയിലാണ് സ്ഥിതിചെയ്യുന്നത് എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. ഇതിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ കഴിയുന്ന വസ്തുതയാണ്, കുത്തകകരാക്ക് കൂടുതൽ കച്ചവടത്തിന്, പററിയ മേച്ചിൽ സ്ഥലം സ്ക്കൂളുകളേക്കാളും കോളേജുകളാണ് എന്ന്. എന്നാൽ, അതിശയോക്തിപരമായി നാം മനസ്സിലാക്കേണ്ടുന്ന ഒരു വസ്തുത, ഏററവും കൂടുതൽ സ്വകാര്യകോളേജുകൾ ഉള്ളത് പശ്ചിമബംഗാളിലാണെന്നതാണ്. അവിടെ മൊത്തമുള്ള 15889 സ്ക്കൂളുകളിൽ 11980 എണ്ണവും സ്വകാര്യമേഖലയിലാണ് ഉള്ളത്. എന്നാൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന യു. പി യിൽ ആകെയുള്ള 81192 സ്ക്കൂളുകളിൽ 69368 എണ്ണം പൊതു ഉടമയിലും, മറിച്ച് സ്വകാര്യ ഉടമയിൽ 11724 എണ്ണവുമാണ് എന്നിരുന്നാലും കേരളത്തിൻെറ സ്ഥിതി കോളേജുകളിൽ നിന്നും നേരെമറിച്ചാണ്. ഇവിടെ ആകെയുള്ള 11612 സ്കൂളുകളിൽ 7202 എണ്ണവും സ്വകാര്യമേഖലയിലും 4410 എണ്ണം പൊതുമേഖലയിലും സ്ഥിതിചെയ്യുന്നു.

ഇത്രയും കൂടുതൽ കുററങ്ങളും കുറവുകളും അതുപോലെത്തന്നെ അനാസ്ഥയുംഈ സാക്ഷരതയിൽ ഉണ്ടെങ്കിൽ നമ്മുടെ നിരക്ഷരരുടെ സ്ഥിതി ഇന്നെന്തായിരിക്കുന്നു എന്ന ചോദ്യം തന്നെ വളരെ ദയനീയത വിളിച്ചറിയിക്കുന്നതാണ്. 32 വർഷം പിന്നിട്ട സ്വതന്ത്രഭാരതത്തിലെ നിരക്ഷരരുടെ എണ്ണം ജന സംഖ്യയുടെ 70 ശതമാനം ആണ്. സ്വതന്ത്രമായ ശേഷം 10 വർഷം കൊണ്ട് 14 വയസ്സ്വരെയുള്ള എല്ലാ കുട്ടികരാക്കം നിർബ്ബന്ധവും സൗജന്യവുമായ വിദ്യാഭ്യാസമെന്ന രാഷ്ട്രത്തിൻെറ പ്രതിജ്ഞ ഇന്നും അതേപടി നിലനിൽക്കുന്നുവെന്ന കാര്യം വളരെ ലജ്ജാവഹം തന്നെയാണ്. ആറ് വയസ്സ് മുതൽ ഇന്ത്യയിലെ കുട്ടികരാക്ക് വിദ്യാഭ്യാസം കൊടുത്ത് തുടങ്ങാം എന്നതാണ് നമ്മുടെ വിവിധവിദ്യാഭ്യാസക്കമ്മീഷനുകളുടെ വിദഗ്ധാഭിപ്രായം. എന്നാൽ 6 നും 14 നും ഇടക്കുള്ള വെറും 25 ശതമാനത്തോളം വരുന്ന ഒരു ന്യൂനപക്ഷത്തിന്ന് മാത്രമാണ് ഇന്നിവിടെ വിദ്യാഭ്യാസം കിട്ടിക്കൊണ്ടിരിക്കുന്നത്. അതൊട്ട് നിർബ്ബന്ധവും. സൗജന്യമെന്ന സർക്കാരിൻെറ പഞ്ചാരവാക്കിൽ പെട്ടതല്ലാതാനം. 3 ദശാബ്ദക്കാലത്തെ വളരെ ഗൗരവത്തോട് കൂടിയ ആസൂത്രണത്തിന്ന് ശേഷവും ഇന്ത്യയുടെ സാക്ഷരതാശതമാനം 30 ൽ തന്നെ നിലകൊള്ളുന്നു. എന്നാൽ 1961നും 1871 നും ഇടക്കുണ്ടായി എന്ന് കൊട്ടിഘോഷിക്കപ്പെടുന്ന സാക്ഷരതത്തിൻെറ പുരോഗതി വെറും 4.5 ശതമാനം മാത്രമാണ്. അതായത് 24 ൽ നിന്നും അത് 1971 ആയപ്പോഴേക്ക് 29.5 ആയെന്ന് ചുരുക്കം. ഇതിൽ നിന്നുതന്നെ നമ്മുടെ വിദ്യാഭ്യാസത്തിൻെറ മന്ദഗതി മനസ്സിലാക്കാവുന്നതാണ്.

കഴിഞ്ഞ 33 വർഷമായി വിദ്യാഭ്യാസത്തിന്നായി ചില വിട്ടന്ന സംഖ്യക്കാനപാതികമായി നമ്മുടെ സാക്ഷരതാശതമാനം ഉയർന്നിട്ടില്ല എന്നത് വളരെ ദയനീയമായ ഒരു വസ്തുതയാണ്. മാത്രമല്ല, അഞ്ചാം പദ്ധതിയിൽ വിദ്യാഭ്യാസത്തിനായി നീക്കിവെച്ച തുകയുടെ പകുതിപോലും ചിലവഴിക്കുകയുണ്ടായില്ല എന്നതാണ് പരമാർത്ഥം. കൂടാതെ ഇന്ന് വിദ്യാഭ്യാസത്തിന്നായി ബജററിൽ ഉരംക്കൊള്ളിക്കുന്ന സംഖ്യ തീരെ അപര്യാപ്തമാണ്. അതിനാൽ ആറാം പദ്ധതിയിൽ വിദ്യാഭ്യാസത്തിന്നായി കൂടുതൽ തുക ബജററിൽ ഉരംക്കൊള്ളിക്കേണ്ടിയിരിക്കുന്നു. കാരണം സാമ്പത്തികപരാധീനതമൂലം നമ്മുടെ സർക്കാറുകരം അടുത്ത അഞ്ച് വർഷത്തേക്ക് പുതിയ വിദ്യാഭ്യാസസ്ഥാപനങ്ങരം തുടങ്ങുന്നതല്ലെന്ന് വരെ പ്രഖ്യാപനം നടത്തിക്കൊണ്ടിരിക്കുന്നു.

ഇന്ത്യയിലെ സാക്ഷരത്വം 1971 ൽ താഴെക്കൊടുത്തിരിക്കുന്ന രൂപത്തിലാണ് നിലനിൽക്കുന്നത്.

| സംസ്ഥാനം | ശതമാനം |
|---|---|
| ആന്ധ്ര | 24.6 |
| ആസ്സാം | 28.7 |
| ബീഹാർ | 19.9 |
| ഗുജറാത്ത് | 25.8 |
| ഹരിയാന | 26.9 |
| ഹിമാചൽ | 32.0 |
| കാശ്മീർ | 18.6 |
| കേരളം | 60.4 |
| മദ്ധ്യപ്രദേശ് | 22.1 |
| മഹാരാഷ്ട്രം | 34.2 |
| കർണ്ണാടകം | 26.5 |
| പഞ്ചാബ് | 33.7 |
| രാജസ്ഥാൻ | 19.1 |
| തമിഴ്നാട്ട് | 39.5 |
| ത്രിപുര | 31.0 |
| യു. പി | 21.8 |
| ബംഗാരം | 32.2 |
| അഖിലേന്ത്യ | 29.5 |

ഇവിടെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുണമെങ്കിൽ ആദ്യമായി നാം മററു സോഷ്യലിസ്ററ് രാജ്യങ്ങളിൽ കാണുന്ന പോലെ 6 മുതൽ 14 വയസ്സ്വരെ നിർബ്ബന്ധവും സൗജന്യവുമായ വിദ്യാഭ്യാസം നടപ്പിലാക്കേണ്ടതാണ്. കൂടുതലായി ഇന്ന് വളരെ പിന്നോക്കം നിൽക്കുന്ന അവശ, ദുർബ്ബലവിഭാഗത്തിന്ന് കൂടുതൽ ആനുകൂല്യങ്ങരം നൽകിക്കൊണ്ട് അവരെ വിദ്യാഭ്യാസപരമായി കൂടുതൽ മുന്നോട്ട് കൊണ്ടുവരേണ്ടതാണ്. കാരണം ഭൂരിപക്ഷക്കാരായ അവരാണ് ഇന്ത്യയിൽ വിദ്യാഭ്യാസരംഗത്ത് ന്യൂനപക്ഷക്കാർ. അത്കൊണ്ട് ഇന്നത്തെ 30 ശതമാനത്തിന്ന് മാത്രം ഉപയോഗപ്പെടുന്ന ഈ വിദ്യാഭ്യാസസമ്പ്രദായം പാടെ തച്ചുടച്ചുകൊണ്ട് പകരം 70 ശതമാനത്തിന്ന് കൂടി ഉപകാരപ്രദമായ നീതി ലഭിക്കുന്ന, ജനാധിപത്യ സ്വഭാവത്തോട്ട് കൂടിയ പുതിയൊരു വിദ്യാഭ്യാസസമ്പ്രദായം ആവിഷ്ക്കരിക്കേണ്ടതിൻെറ അനിവാര്യത നാം കണ്ടുകഴിഞ്ഞു.

**വ്യക്തിയുടെ ജീവിത ഭദ്രത ഉറപ്പു വരുത്താത്ത പക്ഷം അവൻ ചെയ്യുന്ന കുററത്തിനുത്തരവാദി സമൂഹമാണെന്ന് ആദ്യമായി സിദ്ധാന്തിച്ച വ്യവസ്ഥ ഇസ്ലാമായിരുന്നു. അതനുസരിച്ചു് തൻെറ അവകാശങ്ങൾക്ക് വേണ്ടി സമൂഹത്തോടു പോരാടാനുള്ള അവകാശം വ്യക്തിയ്ക്ക് അതു വകവെച്ചുകൊടുത്തു.**

# ഇസ്ലാമും ശിക്ഷയും

**അബ്ദുൽഖാദർ പി. കെ.**
I M .Com.

കുററം എന്നതു് മിക്കപ്പോഴും സമൂഹത്തിൻെറ നേർക്കു് വ്യക്തി നടത്തുന്ന കയ്യേററമായിരിക്കും. അതിനാൽ കുററവും ശിക്ഷയും സംബന്ധിച്ച വീക്ഷണം ഓരോ സമുദായവും വ്യക്തി സമൂഹബന്ധത്തെ എങ്ങിനെ കാണുന്നു എന്നതിനോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

സ്വതന്ത്രമായി അഴിച്ചുവിടേണ്ട ലൈംഗികാസക്തിയെ മതവും സദാചാരവും ധാർമ്മിക ശിക്ഷണങ്ങളും വഴി അടിച്ചമർത്തുന്നതുമൂലമുണ്ടാകുന്ന മാനസിക വൈകല്യങ്ങളാണ് വ്യക്തികളെ കുററത്തിനു് പ്രേരിപ്പിക്കുന്നത് എന്നൊരഭിപ്രായമുണ്ട്.

കമ്യൂണിസ്റ്റ് സിദ്ധാന്തപ്രകാരം സാമ്പത്തിക കാരണങ്ങൾ കൊണ്ടാണ് കുററങ്ങൾ ഉണ്ടാകുന്നത്. സാമ്പത്തികമായി തളർന്ന ഒരു സമൂഹത്തിൽ ഉൽകൃഷ്ടഗുണങ്ങൾ സംജാതമാകുകയില്ല. അതുകൊണ്ടുതന്നെ കുററവാളിയെ ശിക്ഷിയ്ക്കാൻ പാടില്ല. അപ്പോൾ പിന്നെ സമത്വാധിഷ്ഠിത സിദ്ധാന്തത്താൽ നിയന്ത്രിക്കപ്പെടുന്ന സാമ്പദ്വ്യവസ്ഥ നിലവിലുള്ള സോവ്യററ് റഷ്യയിൽ കുററങ്ങൾ ഉണ്ടാകുന്നതു് എന്തുകൊണ്ടാണ്? അറിയില്ല. അവിടെ കോടതികളും ജയിലുകളും എന്തിനാണാവോ?

ബോധപൂർവ്വമല്ലാത്ത മാനസിക വൈകല്യങ്ങൾ ചിലപ്പോൾ കുററത്തിനു പ്രേരിപ്പിച്ചേക്കാം. എന്നാൽ കേവലം നിഷ്ക്രിയനായ സാഹചര്യത്തിൻെറ കളിപ്പാവ മാത്രമായ ഒരു സൃഷ്ടിയല്ല മനുഷ്യൻ. വിശപ്പ് ചിലപ്പോൾ കുററത്തിലേക്കും മനസ്സിൻെറ സമനില തെററിക്കുന്ന അസൂയയിലേക്കും അതുവഴി ധാർമ്മികാധഃപ്പതനത്തിലേക്കും നയിച്ചേക്കാം. എന്നാൽ സാമ്പത്തിക ഘടകം മാത്രമാണ് മനുഷ്യൻെറ പെരുമാററങ്ങളെ നിയന്ത്രിക്കുന്നതു് എന്ന വാദം അതിശയോക്തി നിറഞ്ഞതാണ്. കമ്യൂണിസ്റ്റുകാരുടെ വാദമനുസരിച്ച് ദാരിദ്ര്യവും പട്ടിണിയും എല്ലാമില്ലാത്ത സോവ്യററ് റഷ്യയിൽപോലും കുററങ്ങൾ നില നിൽക്കുന്നു.

ഇവിടെ ഒരു ചോദ്യം ഉത്ഭവിക്കുന്നു. കുററവാളിക്കു് തൻെറ കുററത്തിൽ എത്രത്തോളം ഉത്തരവാദിത്വമുണ്ട്. എന്തടിസ്ഥാനത്തിലാണ് നാം അയാളുടെ മേൽ ശിക്ഷ ചുമത്തുക. അല്ലെങ്കിൽ ചുമത്താതിരിക്കുക?

ഈ വസ്തുത പരിഗണിച്ചുകൊണ്ടാണ് ഇസ്ലാം കുററവും ശിക്ഷയും കൈകാര്യം ചെയ്യുന്നതു്.

വ്യക്തിയുടെ ജീവിത ഭദ്രത ഉറപ്പു വരുത്താത്ത പക്ഷം അവൻ ചെയ്യുന്ന കുററത്തിനുത്തരവാദി സമൂഹമാണെന്നു് ആദ്യമായി സിദ്ധാന്തിച്ച വ്യവസ്ഥ ഇസ്ലാമായിരുന്നു. അതനുസരിച്ചു് തൻെറ അവകാശങ്ങൾക്കുവേണ്ടി സമൂഹത്തോടു് പോരാടുവാനുള്ള അവകാശം വ്യക്തിയ്ക്കു് അതു് വകവെച്ചു കൊടുത്തു.

വെറുതെ അങ്ങു് ശിക്ഷ നിശ്ചയിക്കുകയും അതു കണ്ണടച്ചു് നടപ്പിൽ വരുത്തുകയുമല്ല ഇസ്ലാം ചെയ്യുന്നതു. ലോകത്തിലെ മറെറല്ലാ സിദ്ധാന്തങ്ങളിൽനിന്നും വ്യത്യസ്തമായ ഒരു വീക്ഷണഗതിയാണ് ഇസ്ലാമിനുള്ളതു്. ചിലപ്പോൾ അതു് മുതലാളിത്ത സിദ്ധാന്തങ്ങളുമായി യോജിച്ചു എന്നു വരാം. മററു ചിലപ്പോൾ സർവ്വാധിപത്യ സമ്പ്രദായങ്ങളോടുമായിട്ടാവാം യോജിക്കുന്നതു്. എന്നാൽ അവക്കു് നടുവിൽ മദ്ധ്യേ നീതിയുടെ തുലാസ്സ് അതു് ഉയർത്തിപ്പിടിക്കുന്നു. സാഹചര്യങ്ങളും പരിതഃസ്ഥിതികളും എല്ലാം ഒരേ സമയം കണക്കിലെടുക്കുന്നു. കുററത്തിൻെറ നേർക്കു് ആരോപിക്കപ്പെട്ട വ്യക്തിയുടെയും അതു സംഭവിച്ച സമൂഹത്തിൻെറയും കണ്ണുകൾ കൊണ്ടു് ഒരേ സമയം ഇസ്ലാം വീക്ഷിക്കുന്നു. പിന്നീടു് ശരിയായ അറിവിനും യുക്തിയ്ക്കും യോജിച്ച നീതിപൂർവ്വകമായ നടപടി നിശ്ചയിക്കുന്നു. അവിടെ തെററായ ചിന്താഗതികളോടൊപ്പം ചായുകയോ വ്യക്തികളുടെയും സമൂഹങ്ങളുടെയും അഭിലാഷങ്ങൾക്ക് വഴങ്ങുകയോ ചെയ്യുന്നില്ല.

മോഷ്ടാവിന്റെ കരം ഛേദിക്കണമെന്നാണ് ഇസ്ലാമിന്റെ വിധി. പക്ഷെ, വിശപ്പാണ് മോഷണത്തിനു കാരണം എന്ന് സംശയം തോന്നിയാൽ കൈമുറിയ്ക്കാൻ അതൊരിക്കലും അനുവദിക്കുന്നില്ല. വ്യഭിചരിക്കുന്ന സ്ത്രീ പുരുഷൻമാരെ എറിഞ്ഞുകൊല്ലണമെന്നാണ് അതിന്റെ വിധി. എന്നാൽ വിവാഹിതനാണെങ്കിൽ മാത്രമേ ആ ശിക്ഷയ്ക്ക് വിധേയനാകുകയുള്ളൂ. അതും കുറ്റം നേരിൽ കണ്ട 4 ദൃക്സാക്ഷികളുടെ മൊഴി ലഭിച്ചാൽ മാത്രം. അതായത് വിവാഹിതനായിട്ടും നാലാൾ കാൺകെ പരസ്യമായി ലൈംഗിക വേഴ്ചയിൽ ഏർപ്പെടണം.

ക്ഷാമകാലത്ത് മോഷ്ടിച്ചവരുടെ കൈ മുറിയ്ക്കാൻ മുസ്ലീം ഭരണാധികാരികൾ കൂട്ടാക്കിയിരുന്നില്ല. മോഷണത്തിനുള്ള പ്രേരകം വിശപ്പായിരിക്കാം എന്ന സംശയത്തിലാണ് അങ്ങിനെ ചെയ്തത്.

ഇസ്ലാമിക ശിക്ഷയുടെ അടിസ്ഥാനമായി ഒന്നാമതായി കുറ്റത്തിലേക്ക് നയിക്കുന്ന എല്ലാവിധ മാർഗ്ഗങ്ങളും സമൂഹത്തിന്റെ മുൻപിൽ അത് കെട്ടിയടയ്ക്കുന്നു. അതിനുശേഷം മിതവും നീതിപൂർവ്വവുമായ അതിന്റെ ശിക്ഷ നടപ്പിൽ വരുത്തുന്നു. ഒരു വ്യക്തിയെ കുറ്റം ചെയ്യാൻ പ്രേരിപ്പിക്കുന്ന ന്യായമായ യാതൊരു സാഹചര്യവും ഇല്ലെന്ന് തെളിയുന്നതും സംശയത്തിന്റെ വല്ല സാദ്ധ്യതയും അവശേഷിക്കുന്നുണ്ടെങ്കിൽ അവിടെ ശിക്ഷ ഒഴിവാക്കപ്പെടുന്നതാണ്. കുറ്റത്തിൽ പ്രതികളുള്ള പങ്കിന്റെ ഏറ്റക്കുറച്ചിലനുസരിച്ച് ആ കുറ്റക്കാരന് അടിയോ ജയിൽ വാസമോ ശിക്ഷ വിധിക്കുന്നു.

സമൂഹ ജീവിതത്തിൽ വ്യക്തിയുടെ സ്ഥാനമോ മതമോ ജാതിയോ വർണ്ണമോ ഭാഷയോ പരിഗണിക്കാതെ സമൂഹത്തിലെ ഓരോ അംഗത്തിന്റെയും സംരക്ഷണം രാഷ്ട്രത്തിന്റെ ബാദ്ധ്യതയായി കണക്കാക്കുന്നു. മാന്യമായ തൊഴിലവസരം സൃഷ്ടിക്കുന്നു. തൊഴിലെടുക്കാൻ ശേഷിയില്ലെങ്കിലോ തൊഴിലവസരം ഇല്ലെങ്കിലോ പൊതുഖജനാവിൽ നിന്നും അവർക്ക് സഹായം നൽകുന്നു. അങ്ങിനെ മോഷണത്തിലേക്കുള്ള എല്ലാ പഴുതും അടയ്ക്കുന്നു. അതോടൊപ്പം ഏതെങ്കിലും സാഹചര്യങ്ങളുടെ സമ്മർദ്ദംമൂലമല്ല കുറ്റവാളി കുറ്റം ചെയ്തത് എന്ന് പൂർണ്ണമായും ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

ലൈംഗികാസക്തി മനുഷ്യന്റെ പ്രകൃതി താല്പര്യമാണെന്നും അതിന്റെ സ്വാധീനം ശക്തമാണെന്നും ഇസ്ലാം മനസ്സിലാക്കുന്നു. എന്നാൽ അത് ശമിക്കുന്നതിനുവേണ്ടി നിയമാനുസൃതമായ മാർഗ്ഗം ഇസ്ലാം നിശ്ചയിച്ചിരിക്കുന്നു. ലൈംഗികാസക്തിയെ ഇളക്കിവിടുന്നതും മനുഷ്യനെ അധഃപ്പതിപ്പിക്കുന്നതുമായ ഇന്നത്തെ പൈശാചിക പ്രേരണകളൊന്നും ഇസ്ലാമിക ഭരണത്തിൻ കീഴിൽ ഉണ്ടാവുകയില്ല. ജനങ്ങൾക്ക് വിവാഹം കഴിക്കാൻ സാദ്ധ്യമല്ലാത്ത വിധം ദാരിദ്ര്യം അവിടെയില്ല. ഇത്തരം പരിതഃസ്ഥിതി സൃഷ്ടിച്ചതിനുശേഷം മാത്രമെ ഇസ്ലാം ജനങ്ങളിൽനിന്ന് ഉന്നതമായ പെരുമാറ്റം ആവശ്യപ്പെടുന്നുള്ളൂ.

ഒന്നാമതായി കുറ്റങ്ങളിലേക്ക് പ്രേരിപ്പിക്കുന്ന സാഹചര്യങ്ങളിൽനിന്നും സമൂഹത്തെ സംരക്ഷിക്കുന്നു. സംശയത്തിന് സാദ്ധ്യത ഉണ്ടെങ്കിൽ ശിക്ഷ ഒഴിവാക്കുന്നു. ഇത്രയും നീതിപൂർവ്വമായ മറ്റേത് വ്യവസ്ഥയാണ് ലോകത്തുള്ളത്? ഇസ്ലാമിക ശിക്ഷയെ പററി വ്യക്തമായ അറിവില്ലാത്തവർ ഇസ്ലാമിക സമൂഹത്തിൽ ഭീകരമായ ഒരു കൊലക്കളം വിഭാവനം ചെയ്യുന്നു. അവിടെ ഒരാൾ ചാട്ടവാറുകൊണ്ട് അടിയ്ക്കപ്പെടുന്നു. മറ്റൊരാളുടെ കൈ വെട്ടുന്നു. വേറെ ഒരാളെ എറിഞ്ഞുകൊല്ലുന്നു. എന്നാൽ യഥാർത്ഥത്തിൽ കേവലം മിതമായ ഈ ശിക്ഷാരൂപങ്ങൾ അപൂർവ്വമായേ പ്രയോഗിക്കേണ്ടി വരികയുള്ളൂ. കുറ്റത്തിൽ നിന്നു ജനങ്ങളെ പിൻതിരിപ്പിക്കാനുള്ള ഒരു താക്കീതാണിത്.

# ജ്വലിക്കുന്ന ചന്ദ്രനും, മിന്നുന്ന കുറെ താരകങ്ങളും...........ഒരു പിടി മൺതരിയും

**സമദ് സമദാനി കോട്ടക്കൽ**
**1st year M.A.**

ഭാരതപ്പുഴയുടെ പ്രശാന്ത തീരം !

ആത്മാവിന്റെ ആഴങ്ങളിൽ ഓളങ്ങളും കോളുകളും ഉയർത്തുന്ന വിശ്വ സത്യത്തെക്കുറിച്ച് ചിന്തിച്ച് കൊണ്ട് ഞാൻ ഒരു മണൽത്തിട്ടയിലിരുന്നു. സമയം സന്ധ്യയാകാറായി. അങ്ങകലെ എന്നെപ്പോലെ അസ്വസ്ഥമായ അലമാലകൾ സമുദ്രത്തിന്റെ വിരിമാറിൽ ഒന്ന് തലചായ്ക്കാനുള്ള നിതാന്ത സമരത്തിലാണ്.

നിളാനദീ ! തുഞ്ചനെയും, കുഞ്ചനെയും, വള്ളത്തോളിനെയും മയക്കിയ മായാമോഹിനീ ! കൈരളിക്ക് 'ജീവജലമായ' തീർത്ഥജലം ദാനം ചെയ്യുന്ന ഭാരതത്തിന്റെ നദീ ! നിന്നെ ഞാൻ ഇഷ്ടപ്പെടുന്നു, യൂഫ്രട്ടീസിനേക്കാളും. ടൈഗ്രീസിനേക്കാളും ഓക്സസിനേക്കാളും. ഇന്ന്.... ഒഴുകിയൊഴുകി തളർന്ന നീ അല്പസമയം എന്റെ പരിദേവനം കേൾക്കുമോ ?

അതാ വീണ്ടും കൂരിരുട്ട് ! ജീവിത ദുഃഖങ്ങളുടെയും, മാനസിക സംഘട്ടനങ്ങളുടെയും അന്ധകാരത്തിൽ നിന്ന് ഓടിയെത്തിയ എനിക്ക് നിയതി ഇവിടെയും സ്വൈരം തരികയില്ലെന്നോ? കൂരിരുട്ടും കൂടെ ചീറിയടിക്കുന്ന കൊടുങ്കാറ്റും ! എത്ര ഭീകരമായിരിക്കുന്നു ഈ ലോകം ! നിളേ നീ എങ്ങുപോയി? ഇല്ല എനിക്ക് കൂട്ടില്ല, ഞാനിവിടെ ഒറ്റപ്പെട്ടിരിക്കുന്നു.

ഒരു ജ്യോതിസ്സല്ലേ അത് ? ഞാൻ ജിജ്ഞാസുവായി ആകാശത്തിലേക്ക് നോക്കി. അപ്പോൾ മാലാഖമാരുടെ കര പല്ലവങ്ങളിൽ നിന്നുള്ള പുഷ്പവൃഷ്ടിയേറ്റ്കൊണ്ടും പൗരസ്ത്യവും പാശ്ചാത്യവുമായ നിർമ്മാണ ശൈലികളെ അനുസ്മരിപ്പിക്കുന്ന തൂവെള്ളപ്പട്ടുകൊണ്ട് പൂമേനി പുതച്ചും സ്വർണ്ണ രഥത്തിൽ ഉപവിഷ്ടനായി, വാഗ്മണ്ഡലത്തിൽ ദിവ്യപ്രഭയുടെ കാന്തിമണ്ഡലം സൃഷ്ടിച്ച്കൊണ്ട് മെല്ലെ മെല്ലെ കീഴ്പോട്ട് ഇറങ്ങിവരുന്ന അത്ഭുത രൂപം എന്റെ നയനങ്ങൾക്ക് ഗോചരീഭവിച്ചു. എങ്ങും ഒരു പൂനിലാവ് പരന്ന ക്ഷണങ്ങളായിരുന്നു. വാചാലമായ നിശ്ശബ്ദത ! പ്രകൃതി വിജനതയുടെ മൂടുപടത്തിൽ ഒതുങ്ങിക്കൂടിയിരിക്കുന്നു.

ആ രൂപം കൂടുതൽ വ്യക്തമായി. തിളങ്ങുന്ന മുഖവും, അന്തരീക്ഷം സാന്ദ്രമായ പ്രകാശം പ്രസരിപ്പിക്കുന്ന താടിയിഴകളും, മേൽചുണ്ടിനെ മറയ്ക്കാൻ വെട്ടിവെച്ച മീശയും......

ആഗതനെ തിരിച്ചറിഞ്ഞപ്പോൾ എന്റെ ഹൃദയം പ്രകമ്പിതമായി. എന്റെ പനിനീർ പൂവിനെ ഉന്മാദമണിയിച്ച മഴവർഷമേ ! ഭാരതത്തിന്റെ ഹൃദയ ചക്രവാളത്തിൽ ഉദിച്ചുയർന്ന് വിശ്വസാഹിത്യ, ദർശനങ്ങളുടെ വിശാല വക്ഷസ്സിലേക്കുയർന്ന അത്ഭുത ജ്യോതിസ്സ് എന്ന് ടാഗോർ വാഴ്ത്തിയ അങ്ങാണോ ഈ ഒരു പിടി മൺതരിയായ എനിക്ക് മുമ്പിൽ നിൽക്കുന്നത് !

''വരൂ :'' സ്വർഗ്ഗീയമായ സംഗീതധാരയിലെ തരംഗത്തെപ്പോലെ ഒഴുകി വന്ന ആ സ്വരം കേട്ട് ഞാൻ ഉണർന്നു. "നീ ഏത് അവസ്ഥയിലാണ്? ജീവന്റെയോ, മരണത്തിന്റെയോ, ജീവന്മരണത്തിന്റെയോ? നിന്റെ അവസ്ഥ നിജപ്പെടുത്തുന്നതിനാവശ്യമായ സാക്ഷികളെത്തേടി നീ എന്റെ കൂടെ വരൂ ! മിഅ്റാജ്' എന്നാൽ എന്താണ്? ഒരു സാക്ഷിയെത്തേടിയുള്ള അന്വേഷണം മാത്രം ! '' ആ ഗായകൻ മൊഴിഞ്ഞു. ഞാൻ സന്തോഷപൂർവ്വം തേരിൽ കയറി എന്റെ ഖിസ്റിന്റെ കൂടെ യാത്രയായി.

## ശങ്കരാചാര്യരുടെ കൂടെ:

ജ്വലിച്ചു നിൽക്കുന്ന സ്ഫടിക [illegible] ശോഭനമായിരുന്ന മണ്ഡപത്തിൽ പ്രവേശിക്കുമ്പോൾ [illegible] ളത്തെ തെല്ലും ചലിപ്പിക്കാതെ സൂര്യ രശ്മികൾ [illegible] സഞ്ചരിക്കുന്നത് പോലെ അവയിലൂടെ [illegible] ഞങ്ങൾ അകത്ത് പ്രവേശിച്ചു. ''ഇവിടെ നിന്നാൽ അങ്ങേക്ക് അദ്വൈതത്തിന്റെ ആചാര്യനെ കാണിച്ചു തരട്ടെ?'' വിനയാന്വിതനായി ഞാൻ എന്റെ നായകനോട് ഉണർത്തിച്ചു '' ശങ്കരാചാര്യരുടെ മഠത്തിലേക്കാണ് നാം നീങ്ങിക്കൊണ്ടിരിക്കുന്നത്.'' എന്ന മറുപടി എന്നിൽ കുളിരുളവാക്കി.

അനേകം പടവുകൾകൊണ്ട് ചുറ്റപ്പെട്ട [illegible] ത്തിൽ സ്ഥാപിതമായ ഒരു പീഠത്തിലിരുന്ന [illegible] ജ്ഞാന ശക്തിയാൽ സർവ്വജ്ഞപീഠമേറിയ [illegible] ഞങ്ങളെ സ്വാഗതം ചെയ്തു. ''കേരളത്തിൽ ജനിച്ച് [illegible] ജനിച്ച ''[illegible]'' ശങ്കരാ, [illegible]

തിന്റെ ചെപ്പൊന്ന് തുറന്ന് കാണിക്കുമോ? ആത്മാവ് എന്താണെന്ന് ചൊല്ലുമോ?'' ഞാൻ ചോദിച്ചു. ഏക ദൈവത്തിന്റെ പ്രതീകമാണ് ആത്മാവ്'' ഗുരുവരൻ മൊഴിഞ്ഞു.

''ദൈവ നിഷേധം? അതിന്റെ ഹേതു? തമസ്സിന്റെ ദൂരീകരണം?''

''സൂര്യ പ്രകാശം ആസ്വദിച്ചുകൊണ്ട് സൂര്യൻ മിഥ്യയാണെന്ന് വാദിക്കുന്നതാണ് ദൈവനിഷേധം. അതിന്റെ ഹേതു മായയാണ്. അജ്ഞാനത്താലുണ്ടാകുന്ന മായയെ ജ്ഞാനം കൊണ്ടേ ദൂരീകരിക്കാനാവൂ.''

''ബ്രാഹ്മണ്യത്തിന്റെ ലക്ഷണങ്ങളൊത്ത ഈ വേദനം [8] ഭൗതീകതയുടെ അപസ്വരങ്ങളെ നിഗ്ഗുണ്യമാക്കിയ ഒരു മഹാ ചിന്തകൻേറതാണ്'' എന്ന് അല്ലാമാ ഇഖ്ബാലിനെ നോക്കി പറഞ്ഞുകൊണ്ട് ആചാര്യർ ഞങ്ങളെ യാത്രയാക്കി.

## സോക്രട്ടീസ് മുതൽ ഗസ്സാലി വരെ

ചന്ദ്രമണ്ഡലത്തിൽ 'ഖഷ്മറൂദ' പർവ്വതത്തിന് സമീപത്ത് വെച്ച് മഹാന്മാരായ ദാർശനികരിൽ ചിലരെ ഇഖ്ബാൽ എനിക്ക് പരിചയപ്പെടുത്തിത്തന്നു: സോക്രട്ടീസും ശിഷ്യൻ പ്ലേറ്റോയും, അരിസ്റ്റോട്ടിലും മദ്ധ്യ കാലഘട്ടത്തിലെ അദ്ദേഹത്തിന്റെ വിഖ്യാതനായ വ്യാഖ്യാതാവ് ഇബ്നുരുഷ്ദും (അവറോസ്) ഇരു കൂട്ടർക്കും മദ്ധ്യേയായി ഇമാം ഗസ്സാലിയും മൻസൂർ ഹല്ലാജും ദൃശ്യരായി. ഡമയോജനീസിന്റെ മേൽക്കൂരയില്ലാത്ത കൂടാരവും ഇബ്നുഖൽദൂന്റെ നിരവധി കവാടങ്ങളുള്ള മന്ദിരവും അകലെയല്ലാതെ കാണപ്പെട്ടു. ദാർശനിക മലർവാടിയിലെ അമൂല്യ മലരുകൾ എഴുന്നേറ്റ് നിന്നുകൊണ്ട് ആധുനിക കാലഘട്ടത്തിലെ മഹാനായ ദാർശനികന് സ്വാഗതമരുളി. സോക്രട്ടീസും ഇഖ്ബാലും തമ്മിൽ നടന്ന സംവാദത്തിൽ എന്റെ മനസ്സിലെ നിരവധി സംശയങ്ങൾ അലിഞ്ഞുപോയി. തന്റെ ചിന്താമണ്ഡലത്തിലെ തന്റെ ഇഷ്ട തോഴന്മാരായ ഗസ്സാലിയും ഹല്ലാജുമായി ധീര ചിന്തകനായ ഇഖ്ബാൽ കുറെ നേരം സംസാരിച്ചിരുന്നു.

## ചരിത്രത്തിന്റെ യാഥാർത്ഥ്യം:

''ചരിത്രത്തിന് 'ആമുഖം' രചിച്ച ചിന്തകരേ! തന്റെ കാലഘട്ടത്തിന്റെ തേജസ്സാകുന്ന കൃഷിയിടത്തിൽ വിടർന്ന പ്രശോഭിത പുഷ്പമേ, ഖൽദൂൻ! ചരിത്രം എന്താണെന്ന് പറയാതെ തന്നാലും!'' ഞാൻ അപേക്ഷിച്ചു.

''വിടരുന്ന പൂവ് കണ്ടിട്ടില്ലേ? മെല്ലെ മെല്ലെ വിടർന്ന് പൂർണ്ണാവസ്ഥയെ പുണർന്ന് പരിലസിച്ച ശേഷം മെല്ലെ മെല്ലെ കൂമ്പി മണ്ണിൽ വീണ് അത് നശിക്കുന്നു. ചില പൂക്കളെ ശത്രുകരങ്ങളുടെ 'ലാളന'യേറ്റ് പെട്ടെന്ന് നിലം പതിക്കുന്നു. വിടർന്ന് കൊഴിയുന്ന സംസ്കാരങ്ങളുടെ വളർച്ചയുടെയും, തകർച്ചയുടെയും അറിയാതെ നിർണ്ണയിക്കുന്ന സാമാന്യ നിയമങ്ങളുടെയും കഥയാണ് ചരിത്രം''. ഇബ്നുഖൽദൂൻ പറഞ്ഞു.

## ഉമർഖയ്യാമിന്റെ കൂടെ:

ചന്ദ്രമണ്ഡലത്തിൽ 'ഖഫ്തീൻ' പർവ്വതത്തിന് താഴെയുള്ള ഒരു മട്ടുപ്പാവിൽ ഞാനും യോഗിതുല്യനായ ഒരു വ്യക്തിയെക്കണ്ടു. ''പ്രകൃതി ചഷകത്തിൽ പ്രതിബിംബിക്കുന്ന ദൈവിക മുഖം കണ്ട് 'നിറയെക്കണ്ടേ'' പാടിയ ദാർശനികനായ ഉമർ ഖയ്യാമാണ് ആ പനിനീർ പൂക്കളുടെ നടുക്ക് പാനപാത്രത്തിനരികെ പാടികൊണ്ടിരിക്കുന്നത്. പിഴക്കാത്തഗണിതമായിരുന്നു ആ കവിത'', എന്ന് എന്റെ കാതിൽ മന്ത്രിച്ചശേഷം ചഷകങ്ങളെ തട്ടിയുടച്ച ഉന്മത്തതയുടെ ഉടമയായ ഇഖ്ബാൽ മൊഴിഞ്ഞു: ''ഹേ, ശിബിര നിത്യതാവേ [6]! പറയൂ, പ്രണയം എന്താണ്?''

''ഹൃദ്രക്തം കൊണ്ടെഴുതപ്പെട്ട കവിത''. ഉമർ ഖയ്യാം ചൊല്ലി. ''പ്രണയിനിയോ?''

''ആ വരികളിലെ സംഗീതത്തെ ഒഴുക്കുന്ന മണിവീണ മീട്ടുന്ന ഭാഗ്യദേവത.''

''പ്രണയത്തിന്റെ ശക്തി?''

''തന്റെ പ്രണയിനിയായ ഷരീനിലേക്കെത്താൻ ഫർഹാദ് ഒരു പർവ്വത ശൃംഖത്തെ വഹിച്ച്കൊണ്ടുപോയില്ലേ?''

## നീഷേ, മാർക്സ്, കീറ്റ്സ്:

''യൂറോപ്പിന്റെ വിശ്വാസത്തിന്റെ പ്രതിനിധിയായും ''മദ്ധ്യശതക യൂറോപ്പിന്റെ ആത്മാവ്'' എന്നും വിശേഷിപ്പിക്കപ്പെടുന്ന മഹാനായ ഇറ്റാലിയൻ കവി ഡാന്റെയെക്കണ്ട്, ബിയാട്രീസിനെ അനശ്വരയാക്കിയ അദ്ദേഹത്തിന്റെ ദിവ്യ ഗീത (Divine Comedy) ത്തിലെ ഈരടികൾ കേട്ട ശേഷം ആധുനിക കാലഘട്ടത്തിലെ പ്രസിദ്ധരായ ദാർശനികന്മാരുടെയും സാഹിത്യ നായകന്മാരുടെയും ഒരു നിര ഞങ്ങളെ എതിരേറ്റു. വിനീതനും ജിജ്ഞാസുവുമായി ആത്മഗായകന്റെ മേൽ വസ്ത്രത്തോട് ചേർന്ന് നിന്നുകൊണ്ട് ഞാൻ ആ മഹൽ സദസ്സിലേക്ക് പ്രവേശിച്ചു. മഹാൻ ദാർശികന്മാരായ ഗോയ്ഥെയും, നീഷേയും, കാന്റും, ബ്ഗ്സംഗറും മുൻപരിചയത്തെ അനുസ്മരിപ്പിക്കുന്ന ഭാവങ്ങളോടെയും,[7] കാറൽ മാർക്സും ബർട്രന്റ് റസ്സലും, സാർത്രെയും ഗൗരവമാർന്ന പുഞ്ചിരി പൊഴിച്ച് കൊണ്ടും ''പടിഞ്ഞാറിനെ തലോടിയ കിഴക്കിന്റെ മാരുതനെ'' എതിരേറ്റു. തുടർന്ന് നടന്ന ദാർശനിക സംവാദത്തിൽ നീഷേ തന്റെ അതിമാനുഷനെ വെല്ലുവിളിച്ച ഇഖ്ബാലിന്റെ പൂർണ്ണ മനുഷ്യനെ വിശദീകരിച്ചു. നീഷയേക്കുറിച്ചും, കാറൽമാർക്സിനെക്കുറിച്ചും താൻ രചിച്ച പ്രശസ്ത കാവ്യങ്ങൾ ചൊല്ലികേൾപ്പിച്ച ശേഷം ഇഖ്ബാൽ, ഓരോ ദാർശനികന്റെയും ചിന്താധാരയെ ഇസ്ലാമിക തത്വചിന്തയുമായി താരതമ്യം ചെയ്ത്കൊണ്ട് സംസാരിച്ചു. പിരിയാൻ സമയത്ത് കാറൽമാർക്സിനോടായി

മഹാകവി പറഞ്ഞു: ''മനുഷ്യനെ ഉന്നതമായ ആത്മീയ സത്വം (Super Spiritual Being) ഉൾക്കൊണ്ട വ്യക്തിത്വത്തിൽ നിന്ന് 'ഉപകരണമുണ്ടാക്കുന്ന മൃഗ' (Tool making Animal) ത്തിലേക്ക് താഴ്ത്തിക്കളഞ്ഞതാണ് താങ്കളുടെ ചിന്താധാരയെങ്കിലും, ഒരു വശത്ത് കൊട്ടാരങ്ങളും മറുവശത്ത് തെരുവിന്റെ മക്കളുടെ ഓവുചാൽ ഭവനങ്ങളും പണിതീർക്കുന്ന സാമൂഹ്യ വ്യവസ്ഥിതിക്കെതിരെ അങ്ങു തൊടുത്തുവിട്ട സമരത്തിന്റെ പ്രാധാന്യം പരിഗണിക്കുമ്പോൾ താങ്കളെ ആദരിക്കാൻ ഞാൻ നിർബ്ബന്ധിതനായിത്തീരുന്നു. ഇസ്ലാമും കമ്മ്യൂണിസവും തമ്മിൽ ദൈവത്തിന്റെ വ്യത്യാസമേ യുള്ളൂ, അതൊരു മഹാ വ്യത്യാസമാണെങ്കിലും അങ്ങു പറയൂ, ആധുനിക ലോകത്തിന്റെ രാഷ്ട്രീയ സ്ഥിതിയെ സംഘട്ടനാത്മകമാക്കുന്ന ഘടകങ്ങൾ ഏതൊക്കെയാണ്? ''ക്രാന്ത ദർശിയായ ഇഖ്ബാൽ, സാമ്രാജ്യത്വവും, ഏകാധിപത്യവും കൂടുതൽ ശക്തമാണിന്ന്. അവക്കെതിരെയായിരിക്കട്ടെ നിങ്ങളുടെ സമരം.'' മാർക്സ് പ്രതിവചിച്ചു.

കദനത്തെ സ്വർഗ്ഗീയ മധുവാക്കിയ കീററ്സും, പ്രകൃതിയെ കാമിനിയാക്കിയ വേഡ്സ്വർത്തും സൂക്ഷ്മമായ ജീവിത നിരീക്ഷണത്തിലൂടെ മനുഷ്യനെ കണ്ടറിഞ്ഞ ഖലീൽ ജിബ്രാനും, വിക്ടർ ഹ്യൂഗോയും, ടോൾസ്റ്റോയിയും സാഹിത്യനായകന്മാരുടെ സദസ്സിനെ അലങ്കരിച്ചിരുന്നു. ''സ്നേഹ ഗായകാ', കദനത്തിൽ നിന്നുള്ള മോചന മാർഗ്ഗത്തെപ്പററി അങ്ങ്' മഹാകവി കീററ്സിനോട് ചോദിക്കുമോ? എന്റെ ചോദ്യം കേട്ട ഉടനെ കീററ്സ് പറഞ്ഞു: ''കദനത്തെ സ്വർഗ്ഗീയ ശിശുവിനെപ്പോലെ മാറിലിരുത്തി ഓമനിക്കാൻ കഴിയുന്ന ഉൽകൃഷ്ട പദവിയിലേക്ക് ഉയരുക മാത്രം''[10]

## വാൽമീകി, വ്യാസൻ, കാളിദാസൻ:

വിടർന്ന താമരയുടെ ആകൃതിയിലുള്ള സ്ഫടികം പോലെ നിർമ്മലവും ഭ്രാജമാനവുമായ ഒരു ആശ്രമത്തിലേക്കാണ് തുടർന്ന് ഞങ്ങൾ കടന്ന് ചെന്നത്. അവിടെ വെച്ച് ഭാരതീയ പ്രതിഭാസാഗരങ്ങളായ വാല്മീകി മഹർഷി, വേദവ്യാസൻ, കപിലൻ, കാളിദാസൻ, ഭർതൃഹരി എന്നിവരെ കണ്ടു. വാൽമീകിയുമായി ആദ്യ കാവ്യത്തിന്റെ സന്ദേശമായ 'സത്യമേവ ജയതേ' യെ കുറിച്ചും, വ്യാസനുമായി ഭഗവത് ഗീതയുടെ കാഴ്ചപ്പാടിലുള്ള ബ്രാഹ്മണ്യത്തെക്കുറിച്ചും, ചർച്ചചെയ്ത ശേഷം വർത്തമാനകാല ഭാരതത്തിൽ കലാ സാഹിത്യങ്ങൾക്ക് സംഭവിച്ചിരിക്കുന്ന തകർച്ച ഇഖ്ബാൽ കാളിദാസന്റെ ശ്രദ്ധയിൽപ്പെടുത്തി: ''അവിടത്തെ തൂലികാകാരന്മാർ! തങ്ങളുടെ പാട്ടിന്റെ മായിക ലഹരിയിൽ അവർ പൈലററിനെ മയക്കി കപ്പൽ മുക്കിക്കളയുന്നു.'' 'മഹാകവി വിവരിക്കുമോ? എന്താണ് കല?'' ഞാൻ ചോദിച്ചു. ''ആത്മാവിനെ ശുദ്ധീകരിക്കുന്ന ആത്മനിഷ്ഠമായ ഒരനുഭൂതി'' കാളിദാസൻ മൊഴിഞ്ഞു.

''ഉത്തമ സാഹിത്യം ഒഴുകി വരുന്ന ജലമാണോ?''
''അല്ല, സുന്ദരമായ ഹൃദയത്തിൽ നിന്ന് ഉറന്നൊഴുകുന്ന ചുട്ട രക്തമാണ്.''

## ശ്രീബുദ്ധന്റെ കൂടെ:

ആശ്രമത്തിൽ നിന്ന് പുറത്ത് കടന്ന ഞങ്ങൾ അനുഗ്രഹീതമായ ഒരു സ്വർഗ്ഗീയ വൃക്ഷത്തിന്റെ തണലിൽ ധ്യാന നിമഗ്നനായിരിക്കുന്ന ആനന്ദതുന്ദിലനായ ശ്രീ ബുദ്ധനെ കണ്ടു. ''അല്ലയോ, കപില വസ്തുവിലെ പ്രവാചകാ! ഞങ്ങൾക്ക് മാർഗ്ഗദർശനോപദേശനങ്ങൾ നൽകിയാലും!'' എന്ന് ഉണർത്തിയപ്പോൾ സിദ്ധാർത്ഥൻ ഇപ്രകാരം ചൊല്ലി: ''മാർഗ്ഗദർശന പ്രകാശനങ്ങളുടെ തുടക്കവും ഒടുക്കവുമായ മൈത്രേയ[11]ന്റെ അനുയായികളായ നിങ്ങളെ ഉപദേശിക്കാൻ ഞാൻ ശക്തനല്ല. സർവ്വ ചന്ദ്രന്മാരേയും മറച്ച ആ സ്വത്യർഹനായ സൂര്യനെ പോയി നമിക്കൂ നിങ്ങൾ.''

## ഭാരതത്തിന്റേയും കേരളത്തിന്റേയും ആത്മാവുകൾ:

ചന്ദ്രമണ്ഡലത്തിലെ യാത്ര അവസാനിച്ചതോടെ ഞങ്ങൾ അത്ഭുതങ്ങൾ നിറഞ്ഞ ഒരു ജോതിർ മണ്ഡലത്തിലേക്ക് പ്രവേശിച്ചു. ഹൃദയമുള്ള ആരെയും നടുക്കുന്നതായിരുന്നു അവിടെക്കണ്ട ഭാരതത്തിന്റെയും കേരളത്തിന്റെയും ആത്മാവുകളുടെ രംഗപ്രവേശം. ഉത്തമ സ്ത്രീ രത്നങ്ങളുടെ വേഷമണിഞ്ഞ ഇരുവരും അടിമത്തത്തിന്റെ ചങ്ങലകളാൽ ബന്ധിതരായിരുന്നു. ഭാരതത്തിന്റെ ആത്മാവ് ഇംഗ്ലീഷ്കാരനോടുള്ള മാനസികാടിമത്ത ഭാവത്തെക്കുറിച്ചും രാഷ്ട്രീയക്കാരന്റെ ചൂഷണത്തെക്കുറിച്ചും കേരളത്തിന്റെ ആത്മാവ് മാതൃഭാഷയേയും അതിന്റെ സംസ്കാരത്തെയും അവഗണിച്ച്കൊണ്ട് ആംഗ്ലേയ ഭാഷയെ പൂജിക്കുന്ന പ്രവണതക്കെതിരെയും പരാതിപ്പെട്ട് വിലപിക്കുന്നുണ്ടായിരുന്നു. മഹാത്മജിയും ടിപ്പുസുൽത്താനും, സ്വാമി വിവേകാനന്ദനും, മൗലാനാആസാദും കൂടി ഭാരതത്തെയും മഹാകവികളായ വള്ളത്തോളും ശങ്കരക്കുറുപ്പും കേരളീയരുടെ അഭിമാനമായ രണ്ടു വീരവ്യക്തിത്വങ്ങളും[12] കൂടി കേരളത്തെയും നയിച്ചിരുന്നു. രാഷ്ട്ര പിതാവിന്റെ മുഖത്ത് ദൃശ്യമായ വാചാലമായ ദുഃഖം എന്തിന് വിശദീകരിക്കണം?

## പാശ്ചാത്യസംസ്ക്കാരം:

യാത്രക്കിടയിൽ ആധുനിക ലോകത്തിന്റെ സാംസ്കാരിക തകർച്ചയെക്കുറിച്ച് ആരാഞ്ഞപ്പോൾ ഇഖ്ബാൽ ഇപ്രകാരം പറഞ്ഞു. ''ആത്മാവ് നഷ്ടപ്പെട്ട പാശ്ചാത്യരുടെ യന്ത്ര സംസ്കാരവും അതിന്റെ സ്വാധീനവുമാണ് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. ഉത്തമ സംസ്കാരങ്ങളുടെ വക്താക്കൾ പോലും പടിഞ്ഞാറിന്റെ പാന പാത്രം കണ്ട് നൊട്ടിനുണയുന്നു! എന്നാൽ വിഷം കവർത്തിയ മധുവാണതെന്ന് അവർ അറിയുന്നില്ല. പൊതു ജീവിതത്തിൽ നിന്ന് മൂല്യങ്ങളെ ബഹിഷ്ക്കരിച്ച ഒരു സംസ്കാരവും തകരാതെ പോയിട്ടില്ലെന്ന് ടോയൻബിയുടെ പഠനം തെളിയിച്ചില്ലേ? ആധുനിക പാശ്ചാത്യൻ സംസ്കാരവും തകർച്ചയെ നേരിടാൻ പോകുന്നു. ഒരു ചില്ലിക്കൊമ്പിൽ വെച്ച് കെട്ടുന്ന കൂട് എങ്ങനെ നശ്വരമാകാതിരിക്കും?''

## കല്ലെറിഞ്ഞവർ എറിയപ്പെടുന്നു:

നരകശിക്ഷ വിധിക്കപ്പെട്ട ഏതാനും കുററവാളികളെ ''ഷമാഷർ'' എന്ന ഗന്ധകപ്പൊയ്കയുടെ അടിവശത്തിലൂടെ നരകത്തിലേക്ക് കൊണ്ടുപോകുന്ന കാഴ്ച ജ്യോതിർമണ്ഡലത്തിൽ വെച്ച് ഞങ്ങളെ പിടിച്ചുകുലുക്കി. ആ കാഴ്ചയുടെ ഭീകരത വിസ്തരിക്കാൻ ഞാൻ വൃഥാ എൻെറ ശ്വാസം ചിലവഴിക്കുന്നില്ല. ഉറച്ച മഞ്ഞുകട്ടയിൽ നെഞ്ചോളം കുഴിച്ചുമൂടപ്പെട്ടവരും, തീയുണ്ടകൾ കൊണ്ടെറിയപ്പെടുന്നവരും ആരാണെന്ന് ഞാൻ കവിവരേണ്യനോട് ചോദിച്ചു. ''ആദ്യത്തെ വിഭാഗം ദൈവനിന്ദ എന്ന മഹാപാപം ചെയ്തവരും അപരർ കല്ലെറിഞ്ഞവരുമാണ്.'' ഇഖ്ബാൽ പറഞ്ഞു. ''കല്ലെറിഞ്ഞവരോ?'' ഞാൻ ചോദിച്ചു. ''മററുള്ളവരുടെ ജീവിതത്തിൻെറ സ്ഫടികക്കോട്ടയെ കല്ലെറിഞ്ഞു തകർക്കലായിരുന്നു ഭൂമിയിലെ ജീവിതകാലത്ത് അവരുടെ ജോലി എത്രപൂമൊട്ടുകൾ അവർ നശിപ്പിച്ചു കളഞ്ഞു! മററുള്ളവരുടെ കുററങ്ങളും കുറവുകളും കണ്ടുപിടിക്കാൻ വേണ്ടി ഉണർന്നിരിക്കുന്നതിനേക്കാൾ ഉറങ്ങുകയായിരുന്നു അവർക്ക് നല്ലത്''.

മഹതീമണികളായ സ്ത്രീ രത്നങ്ങളുടെ വാസ സ്ഥാനമായ നന്ദനവനത്തിലേക്ക് പോകും വഴി ഒട്ടനവധി അത്ഭുത ദൃശ്യങ്ങൾക്ക് ഞങ്ങൾ സാക്ഷ്യം വഹിച്ചു. അക്കൂട്ടത്തിൽ കണ്ട രാത്രികാലത്ത് പാടങ്ങളിൽ ധാന്യക്കതിരുകളിൽ വന്നിരുന്ന് പെട്ടെന്ന് ജ്വലിച്ചണയുന്ന മിന്നാമിനുങ്ങുകളുടെ നക്ഷത്ര വ്യൂഹത്തിന് കോട്ടക്കൽ പൂരമഹോത്സവത്തിൻെറയും മനോഹരമായ ത്രിസന്ധ്യക്ക് ചാലിയാർ തീരത്തെ സന്ധ്യകളുടെയും നേരിയ ഒരു ഛായയുണ്ടായിരുന്നു.

## പീഡിതരേ, സംഘടിക്കുവിൻ:

വർദ്ധിച്ചുവരുന്ന മുതലാളിത്ത മനഃസ്ഥിതിയെക്കുറിച്ചും ഈ പരിഷ്കൃതയുഗത്തിലും ഏററവും പ്രാഥമികമായ അവകാശങ്ങൾപോലും നിഷേധിക്കപ്പെട്ട് കഴിയുന്നവരെക്കുറിച്ചും ചോദിച്ചപ്പോൾ ഇഖ്ബാൽ താൻ മുമ്പൊരിക്കൽ വിരചിച്ച ഒരു കാവ്യശകലം ചൊല്ലിക്കേൾപ്പിച്ചു: ''......മുതലാളിമാർ ചുവന്ന രത്നങ്ങൾ കരസ്ഥമാക്കുന്നത് പാവപ്പെട്ടവൻെറ രക്തത്തിൽ നിന്നാണ്. ഈശ്വരൻെറ ഭൂമിയിലെ കൃഷിയിടങ്ങൾ കൈക്കലാക്കി മനുഷ്യ പുത്രന് അപ്പം നിഷേധിക്കുന്ന പണക്കാരൻെറ കൊട്ടാര മതിലുകൾ ഉലക്കാൻ എന്നാണ് 'ഫാറൂഖ്''[1] ആഗതനാവുക......?ഉണർന്നെഴുന്നേൽക്കൂ, ചൂഷകൻെറ ഗോതമ്പു വയലുകൾ ചുട്ടുകരിക്കൂ! വരൂ, വിപ്ലവമേ വരൂ!''

## മരണത്തിൻെറ തത്വശാസ്ത്രം:

നന്ദന വനത്തിലേക്കുള്ള യാത്ര തുടരുകയാണ്. പ്രശാന്ത വനത്തിലെത്തി ഒട്ടുവളരെ മഹത്തുക്കളെ പരിചയപ്പെട്ടതോടെ മൃത്യുവിൻെറ നിയമം തട്ടിക്കൊണ്ടുപോയ എൻെറ വാത്സല്യ പിതാവിനെ കാണാനുള്ള ആഗ്രഹം എന്നിൽ വളർന്നു വലുതായി. ഞാൻ എൻെറ ഇംഗിതം അറിയിച്ചപ്പോൾ എൻെറ മൂകവേദനകളുടെ ഗായകൻ പറഞ്ഞു. ''എനിക്കെല്ലാം അറിയാമായിരുന്നു. നിങ്ങളുടെ ബന്ധം ചഷകവും വീഞ്ഞും തമ്മിലുള്ളതായിരുന്നില്ലേ?'' ഒരു മാലാഖയെ വിളിച്ച് മഹാകവി എന്തോ നിർദ്ദേശം നൽകിയതോടെ സ്നേഹനിധിയായ പിതാവ് പ്രത്യക്ഷനായി. അവാച്യമായ ഹർഷോന്മാദത്താൽ പരിസരം മറന്ന ഞാൻ ഭൂമിയിലേക്ക് ക്ഷണിച്ചപ്പോൾ പ്രത്യേകമായി ഒരു ഭാവഭേദവുമില്ലാതെ ആ പ്രിയസ്വരം മൊഴിഞ്ഞു. ''ആത്മാവിനെ ശരീരമെന്ന മൺകൂരയിൽ തടവുപുള്ളിയാക്കുന്ന ഭൂമിയിലേക്ക് തിരിച്ചുവരാൻ ആരാണ് തയ്യാറാവുക?''

''മൃത്യുവിൻെറ ലാളനയേററവരെ മരണവും അതിന് ശേഷമുള്ള അവസ്ഥയും വിവരിക്കാമോ?'' ഇഖ്ബാൽ ചോദിച്ചു.

''മരണം നിദ്രക്ക് തുല്യമാണ്. നിദ്രകൊണ്ട് ജീവന് വല്ല തകരാറും സംഭവിക്കുമോ? രാവിന് ശേഷം പകൽ എന്നതാണ് പ്രകൃതിനിയമമെങ്കിൽ മരണശേഷം മനുഷ്യൻ ജീവിക്കേണ്ടതു തന്നെയാണ്'' പിതാവ് പറഞ്ഞു.

## മഹതീമണികളുടെ കൂടെ:

അതീവ സുന്ദരികളായ ഏതാനും ഹൂറിമാർ വന്ന് ഞങ്ങളെ നന്ദനവനത്തിലേക്ക് സ്വാഗതം ചെയ്തു. അവിടെ നിതാന്ത ശ്യാമമായ ആകാശത്തിൽ ഒളിമിന്നിനിൽക്കുന്ന മാരിവില്ല് പോലെ മനോഹരമായ ഒരു തേജോ രൂപത്തെക്കണ്ടു. ''ഉത്തമ സ്ത്രീത്വത്തിൻെറ സാക്ഷാൽക്കാരമായ പ്രവാചക പുത്രി! കവയത്രിയും പ്രസംഗകയുമായ ഫാത്തിമത്തുസ്സഹ്റാ! സ്ത്രീ സ്വാതന്ത്ര്യത്തെ തെററിദ്ധരിച്ചവർ പ്രപഞ്ചകഥയിലെ നായികയെ സാംസ്കാരിക ജീർണ്ണതയുടെ ആയുധമാക്കുന്നു.........!'' ഒരു തോഴിയാണ് മറുപടി പറഞ്ഞത്: ''പുരുഷൻെറ സ്വത്വം പരാശ്രയിയല്ല. എന്നാൽ സ്ത്രീയുടെ സ്വത്വം പുഷ്പിക്കുന്നത് പുരുഷ കരങ്ങളിലാണ്. മാതൃത്വം അമ്മമാരുടെ കപോലങ്ങൾക്ക് മങ്ങലേല്പിക്കും എന്ന് പറയുന്നവർ സ്ത്രീത്വത്തിൻെറയും മാതൃത്വത്തിൻെറയും മഹത്വം അറിയുന്നില്ല.''

ഞങ്ങൾ മുമ്പോട്ട് പോയപ്പോൾ കാരുണ്യപ്പുഴയുടെ തീരത്ത് പൂ പറിച്ചു നിൽക്കുന്ന സീതാദേവിയെക്കണ്ടു. ''തൻെറ ചാരിത്ര ശുദ്ധിയിൽ ഭർത്താവിന് സംശയമുദിച്ചപ്പോൾ ''ഇവൾ പരിശുദ്ധയും പതിവ്രതയുമാണ്'' എന്ന് ആദികവി സാക്ഷ്യപ്പെടുത്തിയ ഭൂപുത്രി! ആരാണ് സ്ത്രീ എന്ന് ചൊല്ലുമോ?'' ഒരു മധുരസ്വരം മൊഴിഞ്ഞു: ''സ്നേഹം കൊണ്ട് നിൻെറ ഉൺമയെ ഉയർത്തുന്ന നിൻെറ മാതാവും, സഹോദരിമാരും, പിന്നെ നിന്നെയനുഗമിക്കുന്ന നിൻെറ പ്രേയസിയും ഭുവനത്തിൻെറ ശംഖിൽ ഒളിഞ്ഞിരിക്കുന്ന മുത്താണ് സ്ത്രീ.''

ജ്യോതിർ മണ്ഡലത്തിൽ നിന്നും പുറത്ത് കടന്നപ്പോഴുണ്ടായ ശൂന്യാകാശ ദർശനം അവർണ്ണനീയമായിരുന്നു. അസം

ഖ്യം താരകങ്ങളും ചന്ദ്രനും ഭൂമിയും മററനേകം ഗ്രഹങ്ങളും ഉപഗ്രഹങ്ങളും കൂടി അണിയിച്ചൊരുക്കിയ ആ സമ്മോഹന ദൃശ്യം പ്രപഞ്ചത്തെ കണ്ടറിഞ്ഞ ഗാതാവിനെ വികാരഭരിതനാക്കി : ''ആദിത്യന് പോലും തേജസ്സ് കൊടുക്കുന്ന സ്രഷ്ടാവിന്റെ സ്മരണയല്ലാതെ മററെന്താണ് ഈ സമ്മോഹന ദൃശ്യം നമ്മിലുണർത്തുന്നത്? പക്ഷെ അധികമാളുകളും അറിയുന്നില്ല.''

## തിരുനബിയുടെ തിരുമുഖദർശനം:

ഇഖ്ബാൽ അറിയിച്ചു: ''മഹത്വത്തിന്റെ പൂർണ്ണതയായ സ്വാതന്ത്ര്യനായ സൂര്യനെയാണ് ഇനി നമുക്ക് ദർശിക്കാനുള്ളത്. അതിനായി സർവ്വ മണ്ഡലങ്ങൾക്കും അതീതമായ ഒരു വിശേഷ സ്ഥാനത്തേക്ക് പോകേണ്ടിയിരിക്കുന്നു'' ആനന്ദാതിരേകത്തോടെ ഞാൻ എന്റെ തേരാളിയോട് വേഗത കൂട്ടാൻ അപേക്ഷിച്ചു. യാത്ര ധ്രുതഗതിയിലായി. മാർഗ്ഗമദ്ധ്യേ ധവളതേജസ്സ് പ്രസരിക്കുന്ന കുറെ പേരടങ്ങിയ ഒരു സംഘം ഞങ്ങളോട് ചേർന്നു. വിഖ്യാതനായ സൂഫികവി ജലാലുദ്ദീൻ റൂമിയും മഹാനായ പരിഷ്കർത്താവ് ജമാലുദ്ദീൻ അഫ്ഗാനിയുമാണ് ആ 'ധവള സംഘത്തെ' നയിച്ചിരുന്നത്. പ്രവാചകപ്രേമം നിറഞ്ഞു തുളുമ്പുന്ന ഗീതങ്ങൾ അന്തരീക്ഷത്തിൽ അലയടിച്ചു:

''പ്രപഞ്ച ഗ്രന്ഥത്തിന്റെ ആമുഖമായ പ്രവാചകൻ! അത്തരമൊരു വ്യക്തിത്വത്തെ ഭൂമി മററൊരിക്കലും ചുമന്നുപെററില്ല... പരുപരുത്ത ഈത്തപ്പനയോലയിൽ നിദ്രകൊണ്ട ജനനായകാ! സീസറിന്റെ കിരീടം അങ്ങയുടെ പാദങ്ങളിൽ സമർപ്പിക്കപ്പെട്ടില്ലേ? പതിനാലു ശതകങ്ങൾക്കപ്പുറം മനുഷ്യാവകാശങ്ങൾ പ്രഖ്യാപിച്ച വിമോചകനായ വിപ്ലവകാരീ, അഭിവാദ്യങ്ങൾ..........!''

ലക്ഷ്യസ്ഥാനം കണ്ടുതുടങ്ങി. ജഗത്തിന്റെ മാർഗ്ഗദർശന ഗ്രന്ഥമായ പരിശുദ്ധ ഖുർആൻ മിന്നിത്തിളങ്ങി പ്രപഞ്ചത്തിലാകെ വെളിച്ചത്തിന്റെ പ്രളയം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ലക്ഷോപലക്ഷം വരുന്ന നക്ഷത്ര രൂപികളായ ആത്മാക്കൾ ഒരു മിനാരത്തിന്റെ രൂപത്തിൽ അണിനിരന്നിരിക്കുന്നു. ഞങ്ങൾ അത്ഭുതസ്തബ്ധരായി നോക്കിനിൽക്കെ, ആ വിശാലമിനാരത്തിന്റെ മദ്ധ്യത്തിൽ താരാമണ്ഡല മദ്ധ്യസ്ഥനായ പൂർണ്ണ ചന്ദ്രനെപ്പോലെ തേജസ്സിന്റെയും തേജസ്സായ സാക്ഷാൽ മുഹമ്മദ് മുസ്തഫായുടെ ഭാസുര രൂപം ദൃശ്യമായി. നിർന്നിമേഷനായി, മുകുളപാണിയായി ഞാൻ ആ മഹൽ സ്വരൂപത്തെ നോക്കിനിന്നു. ''ജീവിത പ്രതീക്ഷയുടെ സാക്ഷാൽക്കാരമായ പ്രിയനബീ! ദൈവരക്ഷ അങ്ങേക്കുണ്ടാകട്ടെ'' അസംഖ്യം അധരങ്ങൾ ഉരുവിട്ടു. മുഹമ്മദ് ഇഖ്ബാലിന്റെ നയനങ്ങളിൽ പ്രവാചക പ്രേമത്തിന്റെ ബാഷ്പകണികകൾ തിളങ്ങുന്നത് ഞാൻ കണ്ടു.

## യാത്രയുടെ അന്ത്യം:

മടക്കയാത്രയിൽ ഞാൻ വ്യസനിച്ചു. ഒരു മഹദനുഭവം അവസാനിക്കാൻ പോകുന്നു. പ്രിയഗായകനെ പിരിയേണ്ടിവരുന്നു, ''ശേഷിച്ചുള്ള ജീവിതകാലം നിന്റെ പാദങ്ങൾ ആഞ്ഞുപതിപ്പിച്ചിരിക്കുന്ന ഭൂതലം അതാ ദൃശ്യമായി'' ഭൂമണ്ഡലത്തെ ചൂണ്ടി നായകൻ പറഞ്ഞു. ഞാൻ ചോദിച്ചു: ''എന്റെ ഹൃദയത്തിൽനിന്ന് കാലത്തിന്റെ കെട്ടുകൾ അഴിച്ചുമാററിയ ശേഷം താങ്കൾ എന്നെ പിരിയുകയാണോ? ഡോ: ഇഖ്ബാൽ മൊഴിഞ്ഞു: ''അതെ എനിക്ക് പോവേണ്ടതുണ്ട്! പക്ഷെ നിന്നിൽ നിറയുന്ന പ്രചോദനമായി എന്നും ഞാൻ നിന്നോടൊത്തു വസിക്കും. നീ കുന്നിൻ മുകളിൽ ഒരു കൂട് കെട്ടൂ, ഇടിമിന്നലിൽ അത് ഉയർന്നു നിൽക്കട്ടെ!''

ഭൂമിയിൽ ഞങ്ങളെ സ്വീകരിക്കാൻ കാത്തുനിന്ന ഒരു തുമ്പപ്പൂവിനെ നോക്കി സൂക്ഷ്മജ്ഞാനിയായ കവി പറഞ്ഞു ' ഈ പൂവിൽ നിറയുന്ന തുഷാരം സ്നേഹമാണ്.'' രഥവും സാരഥിയും മറഞ്ഞു. ഞാൻ പൂവിന്റെ പരമാനന്ദം നുകർന്നു. ആററമില്ലാത്ത പാരമ്യമേ, അനാദ്യന്തമേ, പ്രേമത്തിന്റെ, പ്രശാന്തിയുടെ അക്ഷയ ഭണ്ഡാരമേ എന്റെ ഹൃദയത്തിന്റെ, താളമേളങ്ങളെ അണിയിച്ചൊരുക്കുന്ന ഓടക്കുഴൽ ഗായകാ...

'' നതദ്ഭാസയതേ സൂര്യോ
നശശാങ്കോ നപാവക : ''

## കുറിപ്പ്:–

1. പ്രവാചകന്റെ പ്രസിദ്ധമായ വാനാരോഹണ സംഭവം
2. വഴികാട്ടിയായ ജ്ഞാനി
3. ഇഖ്ബാലിന്റെ പൂർവ്വികർ കാശ്മീരി ബ്രാഹ്മണരായിരുന്നു.
4. മഹാകവി ഉമർ ഖയ്യാം ഒരു മഹാഗണിത ശാസ്ത്ര പണ്ഡിതൻ കൂടിയായിരുന്നു.
5. ഖയ്യാം = ശിബിര നിർമ്മാതാവ്
6. പ്രചരിതമായ ഒരു പേർഷ്യൻ ഇതിഹാസത്തിലെ നായകൻ
7. ഡാൻതെയുടെ പ്രണയിനി
8. ജർമ്മൻ തത്വചിന്തയോട് അടുത്ത ബന്ധമാണ് ഇഖ്ബാലിയൻ ദർശനത്തിനുള്ളത്.
9. നീഷേയുടെ Super Man Theory യിലേക്കും ഇഖ്ബാലിന്റെ Perfect Man Theroy യിലേക്കും സൂചന
10. Come then sorrow, Sweetest sorrow
    Like an on babe I nurse thee on my breast keats
11. ബുദ്ധമത ഗ്രന്ഥങ്ങളിൽ അന്ത്യ പ്രവാചകനായ മുഹമ്മദ് നബിയുടെ വിശേഷണം
12. മുഹമ്മദ് അബ്ദു റഹ്മാൻ സാഹിബും കെ. പി കേശവമേനോനും
13. സത്ഭരണത്തിന്റെ പ്രതീകമായി വാഴ്ത്തപ്പെടുന്ന ഖലീഫാ ഉമറിന്റെ വിശേഷണമാണ് 'ഫാറൂഖ്' (സത്യാസത്യ വിവേചകൻ) എന്നത്
14. 'സഹ്റ' ( പുഷ്പം ) എന്നായിരുന്നു ഫാത്തിമ സംബോധന ചെയ്യപ്പെട്ടിരുന്നത്
15. ''ഇയം ശുദ്ധസമാചാരാ അപാപാപരിദേവതാ!''

റിഷി പൊട്ടിക്കരഞ്ഞു "സാബ്.... സാബ്..... ഇന്നു് ചൂണ്ട ഒടിഞ്ഞുപോയി. സാബിന് 'മച്ച്ലി' തരാൻ സാധിച്ചില്ല" പെൺകുട്ടിയുടെ ആത്മാർത്ഥതയിൽ ബിജു പൊട്ടിച്ചിരിച്ചു.

# കാശ്മീരി പെൺകുട്ടി


***അബ്ദുൽമജീദ് സി.പി.എം.***

**I B A (Economics)**


പുലർച്ചെ എഴുന്നേററപ്പോഴും തന്നെ വല്ലാത്തക്ഷീണം. ബിജു ജനൽ വിരികൾ കമ്പിയിലൂടെ ഒഴുക്കി മാററി പുറത്തേക്ക് നോക്കി.

നദി അന്നേരം ശാന്തമായി നിശ്ചലതയിൽ പരന്നു കിടന്നു. മാനം അതിലെ സ്വർണ്ണ രഥത്തിലേറിയ പ്രഭാത മേഘത്തെ അഴിച്ചു വിട്ടു. സൂര്യൻ അവരുടെ ജേതാവിനെപ്പോലെ ചുവന്നു ചിരിച്ചു.

ബിജു കട്ടിലിൽ നിന്ന് ചെരിഞ്ഞു കോട്ടുവായിട്ടു. ഹൌസ്ബോട്ട് തൊട്ടിലാട്ടിയിട്ട് വീണ്ടും ചാഞ്ചാടി. ഓളങ്ങൾ ഹൌസ് ബോട്ടിൻെറ പള്ളയിൽ മണി കിലുക്കി. നേരിയ തണുത്ത കാററ്, ശരീരം കുളിരുന്നത്പോലെ അവൻ രസായികൾമേലെ വീണ്ടും തടിച്ച കമ്പിളി വലിച്ചിട്ടു.

കാശ്മീരിലെ ശിശിരത്തിലെ തണുപ്പ് കേരളീയനായ അവനു് അസഹനീയമാണ്. പോരെങ്കിൽ പനിയുണ്ടെന്ന് തോന്നുന്നു.

അക്കരെയിലെ പഴതോട്ടത്തിലെ വൃക്ഷങ്ങൾ തെന്നലിൽ ഇന്നലത്തെ മഞ്ഞു മഴയെ അയവിറക്കി. വെളുത്ത മഞ്ഞു വായുവിൽ പളുങ്ക് ഗോളങ്ങൾ പോലെ തൂങ്ങികിടന്നു. 'ഡൽ' തടാകം മണ്ടനായ ആസ്വാദകനായി അത് വീണ്ടും വരച്ചു.

ഇന്ന് കോളേജിൽ പോവണോ?

കഴിഞ്ഞ മൂന്ന് ദിവസം ക്ലാസ്സിൽ ലീവായിരുന്നു. ബൽഗാമിൽ സ്നേഹിതന്മാരൊടൊപ്പം പിക്നിക്ക് പോവാൻ. ഇങ്ങനെ ലീവാക്കിയാൽ ഈകൊല്ലം ഹാജർ കമ്മിയായത് തന്നെ. പക്ഷെ ക്ഷീണത്തോടെ ക്ലാസ്സിൽ പോവാൻ പററില്ല.

രസായികളിൽ നിന്നും ശരീരം പുറത്തെടുക്കാൻ മടി തോന്നി. കൈകൾ പുറത്തേക്ക് നീട്ടിയപ്പോൾ ബാഹ്യലോകത്തെ ശൈത്യം മരവിപ്പിക്കുകയായിരുന്നു.

ബിജു രസായിക്കുള്ളിൽ തന്നെ ചുരുണ്ടുകൂടി, കൈകൾ ഊന്നി ചെറിയ വലിപ്പിൽ നിന്ന് പേന പെറുക്കി എടുത്തു. ലീവ് ലെററർ എഴുതാൻ വേണ്ടി.

വിശാലമായ ജനലിലൂടെ തണുത്ത കാററ് വീണ്ടും കുളിര് കോരിയിട്ടു. ഹൌസ് ബോട്ടിൻെറ അടിയിൽ തട്ടിയ കല്ലോലങ്ങൾ വീണ്ടും ചിലങ്കയണിഞ്ഞു.

ബിജു ലീവിന് വേണ്ടി വാക്കുകൾ ഓർത്തു.

ജനവാതിലൂടെ ഒരു കഴുക്കോൽ നീങ്ങിവരുന്നത് അവൻ ശ്രദ്ധിച്ചു. കഴുക്കോലിനടിയിൽ 'ശികാരി' ഇല്ലാതിരിക്കില്ല. ഓ അത് തുഴയാൻ ഒരു മനുഷ്യനും.

ജനൽ പടിയിൽ രണ്ട് കൈപ്പത്തികൾ പിടിച്ച്തൂങ്ങി നഖങ്ങളിൽ ചായം പുരട്ടിയ, റോസാപ്പൂ നിറമുള്ള അംഗുലികൾ മെലിഞ്ഞു നീണ്ട അവ ഭംഗിയുള്ളതായിരുന്നു.

ബിജു നിശ്ചലനായി ഒരു നിമിഷം കിടന്നു.

'ഡൽ' തടാകത്തിലെ ജലം കിളികൂട്ടം പോലെ ഇളകി ശബ്ദിച്ചു. ജമന്തിപ്പൂവിൻെറ ഒരു മുഖം ജനലിൽ പ്രത്യക്ഷപ്പെട്ടു.

''ക്യാ ബിജു.........''

സുന്ദരിയായ അവൾ ഹൌസ് ബോട്ടിൽ തൂങ്ങി നില്ക്കുകയായിരുന്നു. ബിജു പകച്ച് നിന്നു.

അപരിചിതയായ സുന്ദരി അവനെ പേര് ചൊല്ലിവിളിക്കുന്നു.

''ഒന്നുമില്ല സുന്ദരി......''
പെിള്ള മനസ്സിൽ ഉത്തരം പറഞ്ഞിട്ട് ചിരിക്കാൻ ശ്രമിച്ചു.

''ബില്ലു മുജെ മാലൂം ഹേ?''
അവനെങ്ങിനെ അവളെ അറിയാനാണ്? എങ്കിലും വേഴാമ്പലിലേക്ക് നോക്കി അറിയില്ലെന്ന് പറയാൻ വിഷമം തോന്നി.

''മേരാ നാം രിഷി...''
അവൾ സ്വയം പരിചയപ്പെടുത്തിയപ്പോൾ വീണയിൽ സ്വപ്നകമ്പികൾ ചലിച്ച സ്വരമായിരുന്നു.

''രിഷി...'' അവൻ അറിയാതെ അനുകരിച്ചു.
നല്ല പേര്, അവളുടെ ചുവന്ന മുഖത്തിന് അത് നല്ല ചേർച്ചയായിരുന്നു.

''രിഷി ... തും ഇധർ ക്യാ കർത്തി ഹെ.''
അവൻ പേന തിരുകി പിടിച്ച് പരിചയത്തോടെ ചോദിച്ചു.

അക്കരെ ആപ്പിൾ തോട്ടത്തിലെ നൃത്തം വെക്കുന്ന വൃക്ഷങ്ങൾ വരാൻ പോകുന്ന മഴയെ തട്ടിയുണർത്തി. 'ഡൽ' തടാകത്തിന് കുറുകേ മുറിച്ചു കടന്ന ചുവന്ന ഇരുമ്പ് പാലം അപ്പോഴും നനഞ്ഞിരുന്നു.

വിസിറ്റിംങ്ങ് മുറിയിൽ ആരോ സംസാരിച്ചു. അവൾ കുപ്പിച്ചില്ലുകൾ ചിതറിയ സ്വരത്തിൽ കലുങ്ങി ചിരിച്ചു.

അവൻ ചോദിച്ചതിൽ അബദ്ധമുണ്ടോ? അവൾ 'മചിലി' പിടിക്കാൻ പോകുകയാണെന്ന്. ശിക്കാരി തുഴയാൻ കാശ്മീരി സുന്ദരികൾ സമർത്ഥകൾ തന്നെ.

മത്സ്യം ഇവിടെ നിന്ന് കിട്ടില്ലേ...''
ചോദിക്കാൻ തുനിഞ്ഞത് മനസ്സിൽ തന്നെ അടക്കി. കാശ്മീരികൾ ഒരു പക്ഷെ അതിന് പ്രകൾപെട്ട സ്ഥലം വേറെ കണ്ടുവെച്ചിരിക്കും, അല്ലെങ്കിൽ അവർ ഈ ബണ്ടിൽ തന്നെ മിക്ക ഹൗസ്ബോട്ടുകളും നിരത്തി നിർത്തേണ്ട കാര്യമെന്താണ്? 'ഡൽ' തടാകത്തിൽ പിന്നേയും എത്രയോ ഇടമിരിക്കുന്നു.

'മചിലി' ഇഷ്ടമല്ലേ? വീണ്ടും സുന്ദരി അവനോട് അന്വേഷിച്ചു. കേരളം കടൽ തീരത്തിൻെറ നാടാണ്. അവിടെ ധാരാളം നല്ല മത്സ്യങ്ങൾ കിട്ടാറുണ്ട് കുട്ടീ. കേരളീയർ മത്സ്യം ഇഷ്ടപ്പെടുന്നവരുമാണ്. പറയാൻ തോന്നിയത് ഉള്ളിൽ നിർത്തിയിട്ട് അവൻ അവളുടെ മാൻകണ്ണുകൾ നിരീക്ഷിച്ച് മന്ദഹസിച്ചു.

നീല നയനങ്ങൾ വിടർന്നിരുന്നു. പനിനീർ ദളങ്ങളെ തോൽപ്പിച്ച ചുണ്ടുകൾ നിറയേ പുഞ്ചിരിയായിരുന്നു. ആ മണിക്കവിളുകൾ പ്രസന്നമായിരുന്നു.

''സാബ്, ഇന്നലത്തെ മചിലി നന്നായിരുന്നോ?''
ശരിയാണ്, ഹൗസ് ബോട്ടിൽ താമസമാക്കിയിട്ട് ഇന്നലെയാണ് മീൻകറി കഴിച്ചത്. നല്ല രുചിയുള്ള മത്സ്യം, നന്നായിരുന്നു.

പക്ഷികൾ ആകാശത്ത് വട്ടമിട്ട് പറന്നു. അവ അവളുടെ സ്വരം അനുകരിച്ചു.

''സാബ്, അത്ര നന്നല്ല, അതിലും കൂടുതൽ ഗുണമുള്ള മത്സ്യം ഞാൻ കൊണ്ട്വരും....''

അവൾ ശിക്കാരിയിൽ നിന്ന് അപ്പോഴും ഹൗസ് ബോട്ടിലേക്ക് പിടിച്ച് നില്ക്കുകയായിരുന്നു.

''എനിക്ക് വേണ്ടി രിഷി എന്തിന് മചിലി
കൊണ്ട് വരണം...''

അവൾ സ്വരം താഴ്ത്തി ചോദിച്ചു.
''എന്താ സാബ്, ഞാൻ മത്സ്യം കൊണ്ട് വരുന്നത് ഇഷ്ടമല്ലേ?''

ഇഷ്ടമില്ലാഞ്ഞിട്ടല്ല രിഷി, എനിക്ക് വേണ്ടി അപരിചിതയായ നീ എന്തിന് കഷ്ടപ്പെടണം...?''

''ക്യാ സാബ്...''
അവൻെറ സ്വരം രിഷിയെ വേദനിപ്പിച്ചു. അല്ലാതെ അവൾ ശബ്ദമുയർത്തി ചോദിക്കില്ല.

ദൂരെ കിഴക്ക് മൂടൽ മഞ്ഞ് ഹിമാലയത്തിലേക്ക് കയറിപ്പോയത് പോലെ അവളുടെ പ്രസന്നത അകലുകയായിരുന്നു.

''രിഷി പിണങ്ങിയോ...''
അവളുടെ തളർച്ചയിൽ ദുഃഖമുണ്ടായിരുന്നു.
''സാബിന് ഞാൻ മത്സ്യം കൊണ്ടു വരുന്നത് ഇഷ്ടമല്ലേ?''

അവൾ വിലപിക്കാൻ ഭാവിച്ചു.
''രിഷീ...,എനിക്ക് വേണ്ടി മചിലി ഹൗസ് ബോട്ടിൻെറ ഉടമയാണ് കൊണ്ടുവരാറ്...''

ദൂരെ ചെറിയ കുന്നിലെ ശങ്കരാചാര്യക്ഷേത്രം അന്നേരം വെയിലിൽ തിളങ്ങി. അത് ലോകത്തിൽ വെച്ചേററവും ഭംഗിയുള്ള ചിത്രം പോലെ സ്വർണ്ണനിറത്തിൽ പ്രകാശിച്ചു. എന്തോ പെട്ടെന്ന് മനസ്സിലാക്കിയിട്ട് അവളുടെ നയനങ്ങൾ ചലിച്ചു.

''സാബ് എന്നെ അറിയില്ലേ?
പൊടുന്നനെ അവൾ വീണ്ടും ചോദ്യം എടുത്തെറിഞ്ഞു. കുളിർ കാററ് ഓളങ്ങളിൽ തട്ടി നീങ്ങി, ദൂരെ ക്ഷേത്രത്തിൽ നിന്ന് ശംഖുനാദം വ്യക്തമായികേട്ടു. ഉത്തരം പറയാൻ വിഷമം തോന്നി, ഇത് വരെ പരിചയം നടിച്ചുകൊണ്ടായിരുന്നു സംസാരിച്ചത്.

''ഉം......''ബിജ്ജു ഒഴിഞ്ഞുമാറാൻ ശ്രമിച്ചു.
''സാബ്...ക്ലാസ്സിൽ പോകുന്നില്ലേ...''
രിഷി തിരക്കി...

ഈ പെൺകുട്ടി ഏതാണ്? 'ഡൽ' തടാകത്തിലെ ഹൌസ് ബോട്ട് നിറയെ അന്യനാട്ടുകാരാണ്. വിവിധ ആവശ്യങ്ങൾക്ക് അവർ ഇവിടെ പാർക്കുന്നു. അവരെക്കുറിച്ചൊന്നും തിരക്കാതെ ഇവൾ അവനെ അന്വേഷിച്ചറിഞ്ഞിരിക്കുന്നു.

''ഇല്ലാ, ഇന്ന് പോകുന്നില്ല...''
അവൻ രസായി ശരീരത്തിൽ നിന്നു ഉയർത്താൻ മടിച്ചു. അടുത്ത കുളിമുറിയിലെ മുറിയിൽ നിന്ന് സ്നേഹിതൻ കുളിക്കുന്ന ശബ്ദം കേട്ടു. ഹൌസ് ബോട്ടിൻെറ മണ്ടയിൽ ആരോ നടക്കുന്ന കാലൊച്ച മുകളിൽ അനുഭവപ്പെട്ടു.

''എന്താ സാബ് അസുഖം വല്ലതുമുണ്ടോ?''
പിയാനോയുടെ ശബ്ദം അവൾ അലസമായി കേട്ടു.

അസുഖമുണ്ടായിരുന്നു കുട്ടീ—പക്ഷെ നിന്നെകണ്ടപ്പോൾ
അതൊക്കെ മാറിക്കഴിഞ്ഞു.
''നേരിയ പനിയുള്ളത്പോലെ...''
അവൾ ഞെട്ടി. രക്തം വാന്നത് പോലെ വിളറി
''സാബ് നന്നായി പുതച്ചോളൂ...കാശ്മീരിലെ തണുപ്പാണ്. അന്യനാട്ടുകാർക്ക് പിടിക്കില്ല...''

അവൾ ആശ്വസിച്ചിട്ട് അവനെ തുറിച്ച് നോക്കി.
''രിഷി 'മചിലി' പിടിക്കാൻ പോകുന്നില്ലേ?''
അവൻ അവളെ ഓർമ്മിപ്പിച്ചു. അവൾ അത് ശ്രദ്ധിച്ചെന്ന് തോന്നിയില്ല.

''സാബ്......ഒരു കാര്യം ചോദിച്ചാൽ സത്യം പറയുമോ...?''
സുന്ദരിയായ ഒരു പെൺകുട്ടി അവൻെറ ആത്മാർത്ഥതയെ ചോദിക്കുന്നു.

''പറയാം......രിഷീ...''
എന്തോ പ്രധാന കാര്യമാണെന്നാണ് അവൻ കരുതിയത്
''സാബിന് എന്നെ മനസ്സിലായില്ലേ?''
വീണ്ടും ഒരേ ചോദ്യം. അവൻ സങ്കോചത്തിൽ പറഞ്ഞു.

''സത്യം പറഞ്ഞാൽ രിഷീ......എനിക്ക് നിന്നെ മനസ്സിലായില്ല......
വീണ്ടും അവൾ മണികിലുക്കം പോലെ ഉറക്കെ ചിരിച്ചു.
അപ്പോൾ ഒളങ്ങൾക്ക് പിന്നിലെ അരിപ്പല്ലുകൾ മുത്തുമണിയായി നിരന്നുനിന്നു. അവന് നാണം തോന്നി.
''എനിക്കറിയാം സാബിന് എന്നെ മനസ്സിലായില്ലെ...''

ഇതിക്കിടയിൽ ലളിതമായ ഹിന്ദി പൊട്ടിച്ചിതറി. ചിരിയൊതുക്കി അവൾ സ്വരം താഴ്ത്തിപറഞ്ഞു.

''ഞാൻ ഹൗസ്ബോട്ട് ഉടമസ്ഥൻെറ മകളാണ്.
''ഓഹോ......രിഷിയെ എനിക്ക് പിടികിട്ടി...
ഒരു ജേതാവിനെപോലെ പറഞ്ഞു.

അടുത്ത ഹൌസ്ബോട്ടിൽ താമസിച്ച ഈ നാടൻ കുടുംബത്തെ അവൻ ഇത്വരെ ശ്രദ്ധിച്ചില്ല.

ക്ഷേത്രത്തിൽ നിന്നും വീണ്ടും മണിമുഴങ്ങി. 'ഡൽ' തടാകത്തിലെ പാലത്തിലൂടെ വാഹനങ്ങൾ ധൃതിയിൽ കടന്നുപോയി.
അവൾ വീണ്ടും എന്തിനോ വേണ്ടി പരിഭവിച്ചു
''സാബ്......ഞാൻ കൊണ്ടുവരുന്ന മചിലി കഴിക്കില്ലേ?''
അവളുടെ വേവലാതി അതാണോ?
''ഞാൻ ഇന്നു രിഷി കൊണ്ടുവരുന്ന മത്സ്യം
മാത്രമേ കഴിക്കുകയുള്ളു......''
സൂര്യൻ വീണ്ടും പ്രകാശിച്ചു. അവൾ വീണ്ടും ആഹ്ളാദിച്ചു.
''സത്യമാണോ സാബ്...''
അവളുടെ നാദം നദിയുടെ തീരം അനുകരിച്ചു.
''തീർച്ചയായും......''

അവളുടെ ചുവന്ന വദനം അവൻ തുറിച്ചു നോക്കി. പിന്നെ കഴുക്കോൽ വീണ്ടും പൊങ്ങി. ജനലിലെ മുഖം അപ്രത്യക്ഷമായി. ജലം ഇളകി വീണ്ടും പിറുപിറുത്തു.

അവൻ നീണ്ടിയിരുന്നു പുറത്തേക്ക് വീക്ഷിച്ചു.
ഭംഗിയുള്ള നീണ്ട കുർത്താ ധരിച്ച യുവതിയായ അവൾ ശിക്കാരിയിൽ അകലുകയായിരുന്നു.

നീല ജലത്തിലെ അവളുടെ പ്രതിബിംബം
കഴുക്കോൽ മായ്ച്ചു കളഞ്ഞു.
അവൻ കൈവീശി യാത്രയയച്ചു. അവൾ അപ്പോഴും പവിഴപ്പല്ലുകൾ പ്രദർശിപ്പിച്ച് മന്ദഹസിച്ച് തുഴഞ്ഞു. ക്ഷേത്രത്തിൽ വീണ്ടും ശംഖുനാദം കേട്ടു. വെയിലിൽ വെളുത്ത മഞ്ഞു വെൺചാമരം പോലെ തിളങ്ങി. ഹിമാലയത്തിലെ ഐസ് കൊട്ടാരം സൂര്യപ്രഭയിൽ ജ്വലിച്ചു.

അവൾ മറിയുന്നത് പാത്തു് അവൻ കിടന്നു. വീണ്ടും കമ്പിളിക്കെട്ടിൽ ചുരുണ്ട് കൂടി. വേലക്കാരൻ നേരത്തെ വെച്ചുപോയ ട്രേയിലേ കപ്പചായ പാൽ അധികം ഒഴിച്ച് ചൂടോടെ കുടിച്ചു. ഇനി ഉച്ചക്കെങ്കിലും കിട്ടിയാൽ മതി. അവൻ കട്ടിലിൽ നിന്ന് ചാടിക്കടന്നിട്ട് വേലക്കാരനെ വിളിച്ചു.

''രമേശ്.........രമേശ്......''
''ക്യാ സാബ്......''

ഇന്ന് എനിക്ക് ഊണ് വേണമെന്ന് പറഞ്ഞേക്കു
''ജി സാബ്''

അവൻ ഓടിപോകുന്ന ശബ്ദം കേട്ടിട്ട്, ഹൌസ്ബോട്ട് ഉടമയുടെ വഞ്ചിയിലേക്കായിരിക്കണം.

പിന്നെ ക്ഷീണിച്ച് ഉറങ്ങിയതറിഞ്ഞില്ല.
വീണ്ടും കണ്ണ് തുറന്നപ്പോഴും വാതിലിൽ ആരോ തട്ടുന്നുണ്ടായിരുന്നു.

"ആരാണ്......" ?

"സാബ്...ചാവൽ..."

വേലക്കാരൻ ഇടനാഴിയിൽ നിന്ന് വിളിച്ചുപറഞ്ഞു. ഡൈനിംങ്ങ് മുറിയിൽ പിഞ്ഞാണം കൂട്ടിമുട്ടുന്നത് കേട്ടു. രിഷിയുടെ 'മചിലി' യേ ഓർത്തിട്ട് ചാടി എഴുന്നേററു. അവരും ഒരുക്കിയ മത്സ്യക്കറി ഡൈനിംങ്ങ് ടേബിളിൽ ആവി പറക്കുന്നുണ്ടാവും.
ബാത്ത് മുറിയിൽ ചെന്ന് മുഖം കഴുകാൻ ടേപ്പ് തുറന്നു. ഐസ്പോലെ തണുത്ത വെള്ളം കയ്യിൽ വീണു, വേഗം ടേപ്പടച്ച് മറേറത് തുറന്നു, നേരിയ ചൂടുള്ള ജലത്തിൽ മുഖം വൃത്തിയാക്കാൻ എളുപ്പമായിരുന്നു.

ഇടനാഴിയിലെ ചുവന്ന പരവതാനിയിൽ ചവിട്ടി ഡൈനിംങ്ങ് മുറിയിലേക്ക് കടന്നു.

ആവി പറക്കുന്ന കറികൾ പരന്ന പാത്രത്തിൽ, പ്ളേററിൽ കുറച്ച് ചപ്പാത്തി, ഡിപ്പിൽ നിറയെ ചോറ്, പളുങ്ക് പാത്രത്തിൽ കമിഞ്ഞ ചുവന്ന ആപ്പിൾ

കത്തിയും മുള്ളും മാററി പ്ളേററിൽ ചോറു വാരിയിട്ടു. പക്ഷെ കറിയിൽ മത്സ്യം കണ്ടില്ല.

രിഷിക്ക് മത്സ്യം ലഭിച്ചില്ലേ ?
ഊണു കഴിഞ്ഞു കൈകഴുകി പിന്നിലെ വാതിലൂടെ രിഷിയുടെ ബോട്ടിലേക്ക് ചെന്നു.

"സാബ്...സാബ്...ഇധർ ആവോ..."
ഹൌസ് ബോട്ട് ഉടമ അവനെ അരികിലേക്ക് വിളിച്ചു.

മൈ ക്യാ കരെ...രിഷി ഇത്വരെ ഉണ്ടില്ല. ഇതാ ഇപ്പോഴും മൂലയിൽ കരഞ്ഞിരിക്കുകയാണോ ...?

"എന്ത് പററി രിഷി...എന്തിനാ വിലപിക്കുന്നത്..." ബിജു അടുത്ത് ചെന്നു. രിഷിപൊട്ടിക്കരഞ്ഞു.

"പറയൂ രിഷി എന്തുണ്ടായി..."
"സാബ്...സാബ്...ഇന്ന് 'മചിലി' കിട്ടിയില്ല..."

"ചൂണ്ടൽ ഒടിഞ്ഞു പോയി.....സാബിനു 'മചിലി' തരാൻ സാധിച്ചില്ല....

പെൺകുട്ടിയുടെ ആത്മാർത്ഥതയിൽ ബിജു പൊട്ടിച്ചിരിച്ചു.

"സാരമില്ല രിഷീ....ഊണു കഴിക്കൂ."

**ശാപമോക്ഷം കിട്ടിയ 'കുറവനെ'യും 'കുറത്തി'യെയും യോജിപ്പിക്കുന്ന മംഗല്യസൂത്രമാണ് ഇടുക്കി ആണക്കെട്ട്. പ്രതിവർഷം 200 കോടി രൂപ വില മതിയ്ക്കുന്ന വൈദ്യുതി ഉൽപാദിപ്പിക്കാനും പെരിയാറിലെ വെള്ളപ്പൊക്കം നിയന്ത്രിച്ച് ആലുവാ വ്യവസായമേഖലയെ കൂടുതൽ ഭദ്രമാക്കാനും 60703 ഹെക്ടർ നിലങ്ങളിൽ ഇരുപ്പുകൃഷി നടത്താനും ഈ പദ്ധതി ഉതകുന്നു.**

# കുറവനും കുറത്തിയും

വളർന്നുവരുന്ന ഒരു രാജ്യത്തിന്റെ പുരോഗതിയിൽ മലയിടുക്കുകളും വനാന്തരങ്ങളും വഹിക്കുന്ന പങ്ക് അതുല്യമത്രെ. പ്രകൃതിയെ ആയുധമാക്കി രാജ്യത്തെ വളർത്തിയെടുക്കുന്നതിലുള്ള നമ്മുടെ കഴിവ് ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. സാധാരണഗതിയിൽ പ്രേമചാപല്യങ്ങൾ സമൂഹത്തെ അധഃപതനത്തിലേക്ക് നയിക്കുന്നു എന്നു് പറയാറുണ്ടെങ്കിലും രാജ്യത്തെ അത്യുന്നതപുരോഗതിയിലേക്ക് വലിച്ചിഴക്കാൻ ഒരു പ്രേമബന്ധത്തിന് സാധിച്ചു എന്നത് ആദ്യം വിശ്വസിക്കാൻ കഴിഞ്ഞെന്നുവരില്ല. പ്രകൃതിസുന്ദരമായ കൊച്ചുമലയാളക്കരയുടെ തെക്കൻഭാഗങ്ങളിലുള്ള വനാന്തരങ്ങളിൽ ഉദിച്ചുയർന്ന ഒരു പ്രേമബന്ധം കേരളത്തെ ഇന്ത്യയിലെന്നല്ല ലോകത്തിലെമ്പാടും പ്രശസ്തിയാർജ്ജിക്കാൻ സഹായിച്ചു.

ചരിത്രാതീതകാലത്തു് ആദിവാസികളുടെ വിഹാരകേന്ദ്രമായിരുന്ന ഇടുക്കിയിൽ ഇരുന്നൂറിനാൽപതോളം ആദിവാസി കുടുംബങ്ങൾ താമസിച്ചിരുന്നതായി രേഖകളിൽ കാണാൻ കഴിയുന്നു. അവർക്കിടയിൽ 'കുറവൻ' 'കുറത്തി' എന്നു പേരായ രണ്ടു യുവമിഥുനങ്ങളുണ്ടായിരുന്നു. തങ്ങളുടെ യുവത്വത്തിന്റെ ലഹരിയിൽ മതിമറന്നു് അവർ ആ കുളമാവു് വനങ്ങളിൽ ഓടിക്കളിച്ചു. കണ്ണുനീർത്തുള്ളിയെ വെല്ലുന്ന കാട്ടാറിന്റെ വിരിമാറിൽ അവർ നീന്തിത്തുടിച്ചു.

അങ്ങിനെയിരിക്കെ ആ വിശുദ്ധദിവസം പിറന്നുവീണു. കുറത്തിയുടെ 17-ാം ജന്മനാൾ! കർണ്ണത്തെ കൊതിപ്പിക്കുന്ന കളകളനാദം മുഴക്കി പക്ഷികൾ ആകാശത്തിലേക്ക് പറന്നുയർന്നു. കിഴക്കേ ചക്രവാളത്തിൽ പ്രഭാതം മൊട്ടിട്ടു. അലറിക്കളിച്ചുനടന്ന സിംഹക്കുട്ടികൾ മാതാവിന്റെ കാലുകൾക്കിടയിൽ പതുങ്ങിനടന്നു. അവിടവിടെ ഹിംസ്രമൃഗങ്ങളുടെ ഗർജ്ജനം കേൾക്കാമായിരുന്നു. കുറത്തിയുടെ കൂരയിൽ കുരുതിക്കളം തയ്യാറായി. കുരുതിക്കുവേണ്ടി ഒരുക്കിയ ചെമ്മരിയാടിന്റെ കണ്ണുകൾ ഈറനണിഞ്ഞു. ഹോമകുണ്ഡം കത്തിജ്വലിച്ചു.

നിദ്രാവിമോചിതയായ കുറത്തി സ്നാനസാമഗ്രികളുമായി കളകള ശബ്ദം മുഴക്കുന്ന, ഇന്നു നാം പെരിയാറെന്ന് വിശേഷിപ്പിക്കുന്ന, ആ കാട്ടാറിന്റെ അരികിലേക്ക് നടന്നു നീങ്ങി. ആ ദിവസത്തെ ആഹാരത്തിനുവേണ്ട വേട്ടമൃഗങ്ങളുമായി കുറവനും പുഴക്കരയിലെത്തിച്ചേർന്നു. ആ നയനങ്ങളിൽ യുവത്വത്തിന്റെ പ്രസരിപ്പ് ജ്വലിച്ചിരുന്നു. ആ യുവനയനങ്ങൾ നിമിഷങ്ങളോളം കഥ പറഞ്ഞു. സ്നാനസാമഗ്രികൾ വലിച്ചെറിഞ്ഞ് കുറത്തി ഓടിച്ചെന്ന് തോളിൽ രക്തം തുളുമ്പുന്ന മാൻപേടയുമായി നിൽക്കുന്ന കുറവനെ കൈവലയങ്ങൾക്കുള്ളിലൊതുക്കാൻ പാടുപെട്ടു. ഒരു വശത്തേക്ക് മാൻപേടയും മറുവശത്തേക്ക് കുറവനും കുറത്തിയും പുൽമേടകളിൽ മുഖമമർത്തി. ആ വീഴ്ചയിലുമുണ്ടായിരുന്നത്രെ ഒരനുഭൂതി! താനെന്തിനു പോയി, എന്തിനു വന്നു എന്നുപോലും മറന്ന് കുറവൻ കുറത്തിയുമായി മുന്നോട്ട് നടന്നു. നടന്നു നീങ്ങിയ അവർ ശിഖരാങ്കിതമായ ആ കാട്ടുമരത്തണലിൽ ഈട്ടിത്തടിയിൽ ചുറ്റിപ്പുണർന്ന ഏലവള്ളിയെപ്പോലെ കെട്ടിപ്പുണർന്നു. താൻ വേട്ടയാടാൻ പോയ രാത്രിയിലെ ധീരമായ അനുഭവങ്ങൾ അവൻ തന്റെ മധുരവചനങ്ങളിലൂടെ അവളുടെ കർണ്ണങ്ങളിലേക്ക് ചൊരിഞ്ഞു. കവിളുകളും ചുണ്ടുകളും പരസ്പരം ഒട്ടിച്ചേർന്നുകൊണ്ടിരുന്നപ്പോൾ ആ കാട്ടരുവിയിൽ ഒരു ചലനം!

***വീരാൻകുട്ടി വി.പി.*** III B.Com.

മനസ്സില്ലാമനസ്സോടെയെങ്കിലും അവർ അവിടെ നിന്നെഴുന്നേറ്റ് അരുവിയിലേക്കെത്തിനോക്കി അതാ ആ പുഴയുടെ മദ്ധ്യത്തിൽ വനദേവത അർദ്ധനഗ്നയായി വിശുദ്ധസ്നാനത്തിലേർപ്പെട്ടിരിക്കുന്നു. പവിത്രവും സുന്ദരവുമായ ആ മാറിടത്തിലേക്ക് ഇരുവരും ഒരു നിമിഷം നോക്കിനിന്നു. കരയിലൂടെ കരകര ശബ്ദം കേട്ട് തിരിഞ്ഞുനോക്കിയ ദേവ

ാകെ കാണാൻ കഴിഞ്ഞതു് നാലുകണ്ണുകൾ തന്നെ തുറിച്ചു നോക്കുന്നതാണ്. ആർക്കുംതന്നെ ഇതുവരെ കാണാൻ കഴിഞ്ഞിട്ടില്ലാത്ത തന്റെ നഗ്ന സൗന്ദര്യം ഇതാ രണ്ടു മനുഷ്യജീവികൾ ആസ്വദിച്ചുകൊണ്ടിരിക്കുന്നു. അടക്കാൻ കഴിയാത്ത ദേഷ്യത്തോടും സങ്കടത്തോടും കൂടി ആ ദേവത കുളിർമ്മയുള്ള ആ ജലധാരയിൽ അപ്രത്യക്ഷയായി.

നിമിഷങ്ങളോളം സ്തംഭിച്ചുനിന്ന ആ യുവ ഹൃദയങ്ങൾ കൺമുമ്പിൽ വെള്ളപ്പട്ടണിഞ്ഞ ആ ദേവത പ്രത്യക്ഷപ്പെട്ടു. ദൈവത്തെപ്പോലും വശീകരിക്കാവുന്ന ആ കണ്ണുകളിൽ ക്രൂരത കളിയാടുന്നുണ്ടായിരുന്നു. ആലിലപോലെ വിറച്ചുകൊണ്ടിരുന്ന ആ ഇണകളുടെ കാതുകളിൽ ആ മന്ത്രധ്വനികൾ ആലപിക്കപ്പെട്ടു. “എന്റെ യൗവ്വനത്തെ ചൂഷണം ചെയ്ത നിങ്ങൾ ഇരുണ്ട പാറകളായി വേർപിരിയട്ടെ” കൈയുയർത്തിയ ദേവതയുടെ ആ ശാപവാക്കുകൾ ആ കൊച്ചുഹൃദയങ്ങളെ രണ്ടു് കരിങ്കൽ പാറകളായി മാററി.

ഹോമകുണ്ഡത്തിലെ അഗ്നി കെട്ടടങ്ങിയിട്ടും അന്നേക്ക് പതിനേഴു വയസ്സ് തികഞ്ഞ കൊച്ചുകുറത്തിയെ കാണാതെ ആ കൊച്ചുകുടിൽ ആകാംക്ഷ വലിഞ്ഞു കയറി. കുറത്തിയുടെ പിതാവു് ആരാധനകൾക്ക് താൽക്കാലികമായ വിരാമമിട്ടുകൊണ്ടു് തന്റെ മകളേയും തേടി ആ കാട്ടിലുടനീളം അലഞ്ഞുതിരിഞ്ഞു. നദിക്കരയിലെത്തിയ ആ പിതാവ് സ്തംഭിച്ചുനിന്നുപോയി. ആ അരുവിക്കരയിലതാ പുതിയ രണ്ടു പാറക്കെട്ടുകൾ. പാറക്കെട്ടുകൾക്ക് താഴെ നിന്നുകൊണ്ട് രണ്ടുകൈയും മലർത്തി 'ദേവതയുടെ കാൽക്കൽ പ്രാർത്ഥിച്ച ദുഃഖിതനായ ആ പിതാവിന്റെ ചെവികളിൽ അശരീരി മുഴങ്ങി. കേട്ട പാടെ തളർന്നുവീണ' ആ പിതാവിന്റെ കണ്ണുകൾ പുഴകളായി മാറി. ദുഃഖം സഹിക്കവയ്യാതെ വീണ്ടും വീണ്ടും തന്റെ മക്കൾക്കുവേണ്ടി കേണപേക്ഷിച്ച ആ പിതാവിന് ഒരു വരം കിട്ടി. “പിൽക്കാലത്തു് മനുഷ്യൻ തന്റെ മക്കളെ തമ്മിൽ കൂട്ടിയിണക്കട്ടെ.”

ആ ദേവതയുടെ വിചിത്രവചനം ഇന്നിതാ സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു. ആ വചനം മനസ്സിലാക്കിയ കരുവെള്ളായൻ കൊലുമ്പൻ ആദിവാസി പ്രമുഖനാണ് ഇങ്ങോട്ട് വിരൽ ചൂണ്ടിയത്. 1919ൽ ഇററലിക്കാരനായ ജേക്കബ് എന്ന എഞ്ചിനീയർ ഇടുക്കിയിൽ ഒരു അണ കെട്ടുന്നതിനെക്കുറിച്ചു് പരാമർശിച്ചിരുന്നു. വീണ്ടും 1922ൽ മലങ്കര എസ്റ്റേററ് സൂപ്രണ്ടായിരുന്ന W. J. ജോൺ കരുവെള്ളായൻ കൊലുമ്പനുമൊത്ത് നായാട്ടിനു പോകുമ്പോൾ കുറവൻ, കുറത്തി എന്നീ മലകളെ കൂട്ടിയോജിപ്പിക്കാനുള്ള ആശയം W. J. ജോണിനോട് പറയുകയുണ്ടായി. പാദങ്ങൾ തമ്മിൽ തൊട്ടു തൊട്ടില്ല എന്ന മട്ടിൽ ഉയർന്നു നിൽക്കുന്ന അത്ഭുതകരമായ ആ ഇടുക്കിലൂടെ കുതിച്ചൊഴുകുന്ന ഒരു പെരിയാറിനെ ഒരണക്കെട്ട് നിർമ്മിച്ച് പിടിച്ചുനിർത്താനുള്ള ബുദ്ധി മലങ്കര ജോണിനു തോന്നി. അവിടെ അണക്കെട്ട് നിർമ്മിക്കുക എളുപ്പമാണെന്നും അതിൽനിന്നും ജലസേചനവും വൈദ്യുതോൽപ്പാദനവും സാധിക്കുമെന്നും മലങ്കര ജോൺ സഹോദരനും എഞ്ചിനീയറുമായ ശ്രീ. പി. ജെ. തോമസിന്റെ സഹായത്തോടെ 1932ൽ തിരുവിതാംകൂർ സർക്കാറിനെ അറിയിച്ചു. 1935ൽ അന്ന് അസംബ്ലി മെമ്പറായിരുന്ന ശ്രീ. കെ. എം. നാരായണപിള്ള ഇടുക്കി കാര്യം വീണ്ടും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി.

ഇററലിക്കാരനായ ആഞ്ചലോ, ഒമേദയോ, ക്ലാന്തയോ മാസെലെ എന്നീ എഞ്ചിനീയർമാർ ഇടുക്കിയെക്കുറിച്ച് പഠനം നടത്തി. 1947ൽ വ്യക്തമായ ഒരു പ്രാഥമിക റിപ്പോർട്ടുണ്ടാക്കി. 1957ൽ കേന്ദ്ര ജല വൈദ്യുത കമ്മീഷൻ പഠനം നടത്തി. 1961ൽ ഇടുക്കിക്ക് ആധുനിക രൂപസംവിധാനം നൽകപ്പെട്ടു. ഈ യജ്ഞം ഏറെറടുത്ത കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനെ കൊളംബോ പദ്ധതി പ്രകാരം കാനഡായും സഹായിച്ചു.

ഇടുക്കിയിലും ചെറുതോണിയിലും കുളമാവിലും നിർമ്മിച്ചിട്ടുള്ള അണക്കെട്ടുകൾ തടഞ്ഞുനിർത്തുന്ന വെള്ളം തുരങ്കങ്ങൾ വഴി നാടുകാണിമലയുടെ നെറുകയിൽനിന്നും ഏകദേശം 750 മീററർ താഴ്ചയിൽ മൂലമററത്തുള്ള ഭൂഗർഭ വൈദ്യുതി നിലയത്തിലെത്തുന്നു.

കൊച്ചി തുറമുഖത്തിനു് 129.5 കി. മീ. തെക്കുകിഴക്കായും കോട്ടയത്തുനിന്നും 126.5 കി. മീ. വടക്കുകിഴക്കായും ആണ് കുറവനേയും കുറത്തിയേയും തമ്മിൽ ബന്ധിപ്പിക്കുന്ന മംഗല്യസൂത്രമായ ആർച്ച് അണക്കെട്ട് സ്ഥിതിചെയ്യുന്നതു്. ലോകത്തിലെ ഉയരം കൂടിയ 22 ആർച്ച് അണക്കെട്ടുകളിൽ ഒന്നായും ഇന്ത്യയിലെ ഒന്നാമത്തെ ആർച്ച് അണക്കെട്ടായും ഉയരത്തിൽ ലോകത്തിൽ 36-ാമത്തേതായും (168.91 മീററർ) സ്ഥാനം ഇതിനുണ്ട്.

കുറത്തിയുടെ വലതുകൈയും കുറവന്റെ ഇടതുകൈയും തമ്മിൽ ഇടുക്കി അണക്കെട്ട് യോജിപ്പിക്കുന്നു. എങ്കിൽ ലോകത്തിൽ ഏററവും ഉയരം കൂടിയ നൂറ് അണക്കെട്ടുകളിലൊന്നായ ചെറുതോണി അണക്കെട്ടാണ് കുറവന്റെ വലതുകൈ.

ഇടുക്കി പദ്ധതിയിലൂടെ 100 മെഗാവാട്ടുള്ള അഞ്ചു് യൂനിററുകൾ ഉൾക്കൊള്ളുന്ന ആദ്യഘട്ടം മൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള കേന്ദ്ര ആസൂത്രണ കമ്മീഷന്റെ അംഗീകാരം കിട്ടുമ്പോൾ അതിന്റെ മതിപ്പു ചെലവ് 43.23 കോടി രൂപയായിരുന്നെങ്കിലും 1975 അവസാനമായപ്പോഴേക്കും അതിന്റെ ചിലവ് 110 കോടിയിലെത്തിയിരുന്നു.

ഈ പദ്ധതി വഴി കേരളത്തിന്റെ സമ്പദ്ഘടനക്ക് പ്രതിവർഷം 200 കോടി രൂപ മതിപ്പുവരുന്ന വൈദ്യുതി ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്. പെരിയാറിലെ വെള്ളപ്പൊക്കം നിയന്ത്രിച്ച് ആലുവാ വ്യവസായ മേഖലയെ കുട്ട

ൽ ഭദ്രമാക്കാനും കേരളത്തിലെ കാർഷിക മേഖലയെ സമ്പന്നമാക്കാനും അതുവഴി തൊടുപുഴ, മൂവാറ്റുപുഴ, മീനച്ചിൽ, കണയന്നൂർ, വൈക്കം, കോട്ടയം എന്നീ പ്രദേശങ്ങളിൽ 703 ഹെക്ടർ നിലങ്ങളിൽ ഇരുപ്പൂകൃഷി നടത്താനും കഴിയുന്നു.

കാനഡായിൽ പ്രസിദ്ധീകരിക്കുന്ന ''മോൺട്രിയൽ ...ാർ'' ഇടുക്കിയെ ഇങ്ങിനെ കാണുന്നു. ''വൈരുദ്ധ്യങ്ങളുടേയും അധികധനങ്ങളുടേയും നാടിനു് തികച്ചും യോജിച്ചതു്''

കാടിന്റെ മക്കളായ കുറവന്റെയും കുറത്തിയുടെയും പ്രണയ ചാപല്യങ്ങൾ ഈ മലയാള നാടിന്റെ ഉന്നതിയിൽ ഒരു തിലകക്കുറി കൂടി ചാർത്തിയിരിക്കുന്നു. ആ വനദേവതയുടെ അന്നത്തെ ആ വചനങ്ങൾ ഈ കൊച്ചു കേരളത്തെ ഇത്രത്തോളം ഉയർത്തുമെന്നു് ദേവതപോലും വിചാരിച്ചിട്ടുണ്ടാവില്ല.

**50 കോടി രൂപ ഉപയോഗിച്ചു 2000 കോടി രൂപ സൃഷ്ടിക്കുന്ന ധാർമ്മികവും, കൗടുംബികവും ആയ അധഃപതനം നികത്താനാവില്ല എന്ന് മനസ്സിലാക്കാൻ സാധിക്കാത്തതുകൊണ്ടോ അതോ മൂല്യശോഷണത്തെയും ചൂഷണത്തിന്റെ ഉദ്ഭവത്തേയുംകുറിച്ചു മനസ്സിലാക്കാൻ ഇന്ത്യക്കാർ ഉയരരുതു് എന്നു കരുതിയോ ആണ് ഇന്ത്യയിൽ മദ്യനിരോധം നടപ്പിലാക്കാത്തത്.**

# മദ്യനിരോധനം

**കൃഷ്ണൻ കെ.** I B.Sc. Chemistry.

ഭാരതത്തിൽ സാമൂഹിക, സാംസ്കാരിക, ധാർമ്മിക മണ്ഡലങ്ങളിൽ മാററം അനിവാര്യമാണ് എന്ന് മിക്കവാറും എല്ലാ സംഘടനകളും (പ്രത്യേകിച്ചും യുവജന സംഘടനകൾ) മുറവിളി കൂട്ടുന്നത് കാണാം. ഈ കൂട്ടത്തിൽ മദ്യപിക്കുന്നേതും മററ് ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതും ബുദ്ധിജീവികളുടെ ഒരു അടയാളമായി കണക്കാക്കുന്ന സുന്ദര വിഡ്ഢികളും കുറവല്ല. ഇത്തരുണത്തിൽ ബുദ്ധിജീവികളെയും, യുവാക്കളെയും, ഒരു നേരത്തെ ഭക്ഷണത്തിനുപോലും വിഷമിക്കുന്ന സാധാരണക്കാരെയും ഒന്നിച്ചാപത്തിന്റെ പിടിയിലമർത്തുന്ന മദ്യത്തെ ഒരു സാമൂഹ്യപ്രശ്നമായും, ധാർമ്മിക പ്രശ്നമായും കാണുന്നത് നന്നായിരിക്കും. ഇങ്ങനെ കടിൽ മുതൽ കൊട്ടാരം വരെ ചെകുത്താന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്ന മദ്യം നിരോധിക്കുന്നത് സാംസ്കാരിക നവോത്ഥാനത്തിനും സാമൂഹ്യപരിഷ്കരണത്തിനും അനിവാര്യമാണ്.

മദ്യ നിരോധനം എന്ന നയത്തെ പ്രത്യക്ഷത്തിൽ രാഷ്ട്രീയ പാർട്ടികളോ, യുവജന സാംസ്കാരിക സംഘടനകളോ എതിർക്കുന്നത് കാണാറില്ല. മാത്രമല്ല രാഷ്ട്രീയ പാർട്ടികളുടെ സജീവാംഗങ്ങൾ മദ്യപാനം ചെയ്യാൻ പാടില്ല എന്ന് അവരുടെ ഭരണഘടനയിൽ നിഷ്കർഷിക്കുന്നുമുണ്ട്. എങ്കിലും ഒരു പ്രത്യക്ഷ മദ്യ നിരോധന സമരത്തെ മററ് പല കാരണങ്ങളും പറഞ്ഞു് എതിർക്കുന്ന ഒരു ചിററമ്മ നയമാണ് മിക്കവാറും എല്ലാ പാർട്ടികളും കൈക്കൊള്ളാറുള്ളത്.

സോവിയററ് യൂണിയനിൽ കമ്യൂണിസ്റ്റ് പാർട്ടി ഒരു ചർച്ചക്ക് ശേഷം ''മദ്യം സാറിസ്റ്റ് പാരമ്പര്യത്തിന്റെ അവശിഷ്ടമാണ് എന്നും, സാധാരണ ജനങ്ങളെ തങ്ങളുടെ കഷ്ടപ്പാടുകളെയും അതിനുത്തരവാദികളായ സാമൂഹ്യ യാഥാർത്ഥ്യങ്ങളെയും പററി ബോധവാന്മാരാക്കി സമരസന്നദ്ധരാക്കുന്നതിനു പകരം അതെല്ലാം വിസ്മരിപ്പിച്ച് അവരെ അധഃപ്പതിപ്പിക്കാൻ സാറിസ്റ്റ് സ്വേച്ഛാധിപതികൾ കരുതിക്കൂട്ടി ഉപയോഗിച്ച ഒരു ആയുധമാണ് മദ്യം''എന്നും ഉള്ള നയത്തിലാണ് എത്തിച്ചേർന്നത്. മദ്യം സാമൂഹ്യ പാരമ്പര്യത്തിൽ ഇഴുകിച്ചേർന്ന ഒരു രാഷ്ട്രത്തിന്റെ ഈ നയ പ്രഖ്യാപനത്തിൽ നിന്ന് അത് നിരോധിക്കേണ്ട അനിവാര്യതയെക്കുറിച്ച് നമുക്ക് ബോദ്ധ്യമാവുന്നു.

ഇന്ത്യൻ ഭരണ ഘടനയുടെ 47-ാം വകുപ്പ് അനുശാസിക്കുന്നത് ''ആരോഗ്യത്തിന്ന് ഹാനികരമായ മദ്യമോ, മദ്യാംശം കലർന്ന മരുന്നുകളോ (മെഡിക്കൽ ആവശ്യങ്ങൾക്കൊഴിച്ച്)ഉപയോഗിക്കുന്നത് തടയാൻ സ്റ്റേററ് ഗവൺമെന്റ് പരിശ്രമിക്കണം'' എന്നതാണ്.

മദ്യം നല്ലതാണ് എന്നോ നിരോധനം ആവശ്യമില്ല എന്നോ കുടിക്കുന്നവരിൽ തന്നെ 75% അഭിപ്രായമില്ല എന്ന് ഒരു സ്വകാര്യ സർവ്വേയിൽ നിന്ന് അറിയാൻ കഴിഞ്ഞു. ഒരു മുൻ മുഖ്യമന്ത്രി ഒരിക്കൽ പറഞ്ഞു ''മദ്യനിരോധനം ധാർമ്മികമായ് അഭികാമ്യമായ ഒന്നാണ്, സംശയമില്ല. അത് കഴിയുമെങ്കിൽ നടപ്പാക്കുകയും വേണം'' എന്ന്. പക്ഷെ ഒരു മദ്യ നിരോധന സമരത്തെ പ്രത്യക്ഷത്തിൽ അയാൾക്കോ അയാളുടെ പാർട്ടിക്കോ സാധിച്ചില്ല. നിയമം മൂലം നിരോധിക്കാൻ അയാളുടെ ഭരണകാലത്തും കഴിഞ്ഞില്ല – അഥവാ ശ്രമിച്ചില്ല.

താത്വികമായി മദ്യത്തെ അംഗീകരിക്കാത്ത, നിരോധിക്കാൻ നിയമം അനുശാസിക്കുന്ന, മദ്യത്തിന്റെ സാംസ്കാരിക പാരമ്പര്യമില്ലാത്ത നമുക്ക് എന്ത് കൊണ്ട് മദ്യ നിരോധനം സാധിക്കുന്നില്ല?

സർക്കാർ അതിനു കണ്ടെത്തുന്ന കാരണം മദ്യഷാപ്പുകളിൽ നിന്ന് ലഭിക്കുന്ന നികുതി പല പുരോഗമന പ്രവർത്തനങ്ങൾക്കും ഉപയോഗിക്കാമെന്നതാണ്. മദ്യ ഷാപ്പുമായി

ബന്ധപ്പെട്ടത്തിക്കൊണ്ട് എത്രയോ തൊഴിലാളികൾക്കും ജീവിക്കാൻ കഴിയുന്നു എന്നതാണ് മറെറാരു വാദം.

കള്ളഷാപ്പ് തൊഴിലാളികളുടെ സേവനം ട്രേഡ് യൂനിയൻ രംഗത്ത് നഷ്ടപ്പെട്ടുമെന്ന പേടിസ്വപ്നമാണ് പാർട്ടി ഭരണഘടനകളെ മറികടന്ന് കൊണ്ട് മദ്യത്തെ എതിർക്കാതിരിക്കാനും മദ്യപാനിക്ക് പാർട്ടി അംഗത്വം നൽകാനും ചില പാർട്ടികൾ നിർബന്ധിതരാവുന്നത്. രാഷ്ട്രീയ പാർട്ടികൾ ജനങ്ങളുടെ സാമൂഹിക പ്രശ്നങ്ങളിൽ നിന്ന് ഒളിച്ചോടുന്നതും സ്വാർത്ഥതയിൽ നിക്ഷിപ്തമാവുന്നതും തത്വശാസ്ത്രങ്ങൾ ദയനീയമായി പരാജയപ്പെടുന്നതും ഇവിടെ നമുക്ക് കാണാൻ കഴിയുന്നു.

മദ്യത്തെ അംഗീകരിക്കുന്ന രാജ്യതന്ത്രത്തെ നമുക്ക് പരിശോധിക്കാം. 50 കോടി രൂപ നികുതി ഇനത്തിൽ ഗവൺമെൻറിന്ന് ലഭിച്ചാൽ അത്രയും സംഖ്യ പുരോഗമന പ്രവർത്തനത്തിന്ന് ചെലവഴിക്കാം. അതിന്ന് വേണ്ടി 200 കോടി രൂപ ഇന്ത്യയിലെ സാധാരണക്കാരൻ മദ്യപിച്ച് തുലക്കണമെന്ന രാഷ്ട്രതന്ത്രജ്ഞത ചിന്തിക്കുന്നവന് യോജിച്ചതല്ല. 50 കോടിരൂപ പൊതു ഖജനാവിലെത്തുമ്പോൾ അത്രയും രൂപ മാത്രമേ തൊഴിലാളികൾക്ക് വേണ്ടിയും ചിലവഴിക്കുന്നുള്ളു. ബാക്കി 100 കോടി രൂപ സാധാരണക്കാരൻെറ കൈയ്യിൽ നിന്ന് ഏതാനും കുത്തക മുതലാളിമാരുടെ കയ്യിൽ എത്തിപ്പെടുന്നു. അതായത് 50 കോടി രൂപയുടെ സേവനം ഗവൺമെൻറിൽ നിന്ന് പ്രതീക്ഷിക്കാൻ, സുഖമായി ജീവിക്കാൻ ഉപയോഗിക്കേണ്ട 200 കോടി രൂപ മദ്യമെന്ന വിഷം കഴിച്ചു ചിലവാക്കാൻ ഒരു ജനാധിപത്യ രാഷ്ട്രത്തെ ഗവൺമെൻറ് പരോക്ഷമായി പ്രഖ്യാപിക്കുന്നു.

തൊഴിലില്ലായ്മക്ക് ഒരു പരിഹാരംഎന്ന നിലക്കാണ് മററ് ചിലപ്പോൾ ഇവർ മദ്യത്തെ അനുകൂലിക്കാറുള്ളത്. ഷൂമേക്കർ ഒരിക്കൽ പറഞ്ഞത്പോലെ ലഭ്യമായ പരിതസ്ഥിതികളുടെ ഒരു ദുർവിനിയോഗമാണ് ഇന്ത്യയിലെ തൊഴിലില്ലായ്മക്ക് കാരണം. കേന്ദ്രീകൃത സാമ്പത്തിക വ്യവസ്ഥക്ക് പകരം വികേന്ദ്രീകൃത സാമ്പത്തിക വ്യവസ്ഥയിൽ അധിഷ്ഠിതമായ ഒരു വ്യവസായ നയം സ്വീകരിച്ച് പരിഹരിക്കാവുന്ന ഈ പ്രശ്നത്തെ സങ്കീർണ്ണമാക്കുന്നത് ആസൂത്രണമണ്ഡലത്തിലെ കുത്തകവ്യവസായികളുടെ സ്വാധീനശക്തിയാണ്.

വികേന്ദ്രീകൃത സാമ്പത്തിക വ്യവസ്ഥയിലൂടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്ന് പകരം സാധാരണ ജനങ്ങളെ ധാർമ്മികമായും സാമൂഹികമായും അധഃപ്പതിപ്പിച്ച് സാംസ്കാരിക മണ്ഡലത്തെ വഷളാക്കുന്ന മദ്യത്തിന്നും മദ്യശാലകൾക്കും അംഗീകാരം നൽകി ഒരു പററം ആളുകൾക്ക് തൊഴിൽ നൽകാനുള്ള പ്രവണത ശാസ്ത്രീയമല്ല, ധാർമ്മികവും അല്ല. മറിച്ച് ഇങ്ങനെ തൊഴിലില്ലായ്മ പരിഹരിക്കാൻ ശ്രമിക്കുന്നവർ ഉന്നത വിദ്യാഭ്യാസം നേടി തൊഴിൽ അന്വേഷിച്ച് നടക്കുന്ന സ്ത്രീകൾക്ക് വേശ്യാലയങ്ങൾ നടത്താനുള്ള ലൈസൻസ് വിതരണം ചെയ്യുന്ന ഒരു സമഗ്ര പരിപാടി ആസൂത്രണം ചെയ്യാൻ പോലും ചങ്കൂററം കാണിച്ചു കൂടായ്കയില്ല. അത്കൊണ്ട് തൊഴിൽ അവസരം സൃഷ്ടിക്കാൻ വേണ്ടി മദ്യശാലകൾക്ക് ലൈസൻസ് കൊടുക്കുന്ന പ്രവണത പൊറുപ്പിക്കാവുന്നതല്ല.

ഒരു ബ്രിട്ടീഷ് രാജതന്ത്രജ്ഞനായ W. E. Gladston ഒരിക്കൽ മദ്യ വിൽപ്പനയിൽ നിന്നും ലഭിക്കുന്ന നികുതിയെക്കുറിച്ചും മദ്യം സൃഷ്ടിക്കുന്ന ആപത്തിനെക്കുറിച്ചും പറഞ്ഞത് ഓർമ്മിക്കുക. "Do not Speak to me about this Revenue from strong drink. Give me some people who do not squander this substance or strong drink and I will find an easy way raise the necessary revenue to carry on the Government............The Revages of strong drink are greater than those of war pestilence and famine Combined" സൽക്കാരങ്ങളിലും മററും മദ്യം വിഭവമായി ഉപയോഗിക്കുന്ന ബ്രിട്ടനിലെ രാജ്യതന്ത്രജ്ഞൻെറ ഈ വാചകങ്ങളിൽ നിന്നു തന്നെ രാജ്യതന്ത്രജ്ഞതയിൽ മദ്യത്തിന്ന് സ്ഥാനം നൽകുന്നതിലെ അശാസ്ത്രീയതയും അനൗചിത്യവും വ്യക്തമാവുന്നു,

50 കോടി രൂപ ഉപയോഗിച്ചു 200 കോടി രൂപ സൃഷ്ടിക്കുന്ന ധാർമ്മികവും കൗടുംബികവും ആയ അധഃപതനം നികത്താനാവില്ല എന്ന് മനസ്സിലാക്കാൻ സാധിക്കാത്തത് കൊണ്ടോ അതോ മൂല്യശോഷണത്തെയും ചൂഷണത്തിൻെറ ഉത്ഭവത്തെയും കുറിച്ചു മനസ്സിലാക്കാൻ ഇന്ത്യക്കാർ ഉയരരുത് എന്നു കരുതിയോ ആണ് ഇന്ത്യയിൽ മദ്യ നിരോധനം നടപ്പിലാക്കാത്തത്. ഇംഗ്ലീഷ് പഴമൊഴിയിൽ പറയുന്നതു പോലെ ആദ്യം മനുഷ്യൻ മദ്യം കഴിക്കുന്നു. പിന്നെ മദ്യം മദ്യം കഴിക്കുന്നു. അവസാനം മദ്യം മനുഷ്യനെ കഴിക്കുന്നു. അങ്ങനെ മദ്യത്തിൻെറ തീരാശാപത്തിൽകിടന്ന് ഇന്ത്യക്കാർ നശിക്കണമെന്നുഭരണകർത്താക്കൾ ആഗ്രഹിക്കുന്നുണ്ടോ ?

മദ്യവർജ്ജനത്തിൻെറ പന്ഥാവിലൂടെ മദ്യത്തെത്തുരത്തണം എന്ന് പറയാറുണ്ട്. പക്ഷെ സഹതാപമർഹിക്കുന്ന പാവം മദ്യപാനികളിൽ അധികവും മദ്യം നിർലോഭം ലഭിക്കുന്നതുകൊണ്ട്മാത്രം കഴിക്കുന്നവരാണെന്ന സത്യം അവരോട് അടുക്കാൻ കഴിയാഞ്ഞാൽ മനസ്സിലാക്കാം. അത്കൊണ്ട് മദ്യനിരോധന നിയമം മൂലം മദ്യത്തെ പൂർണ്ണമായും തുരത്താമെന്ന വ്യാമോഹത്തിലും കഴമ്പില്ല. ഏതായാലും ഇന്നത്തെ ഗവൺമെൻറ് മദ്യനയം ഭർത്താവിനെ കബളിപ്പിച്ചു വേശ്യാവൃത്തി നടത്തുന്ന സ്ത്രീയുടെ സ്വഭാവം പോലെയാണ്. അതിൽ ഒരു പ്രധാനമാററം അനിവാര്യമാണ്. ഉള്ളൂർ പാടിയപോലെ–

"കീർത്തി സൗധത്തിൽ ശനിവീഴ്ത്തിടും വാഴ്ത്താർമഷി
ധൂർത്തനാം കലിയ്ക്കുള്ള ദുർജ്ജയം വരുണാസ്ത്രം;-
ഇത്തരം മറെറന്തുള്ള മാനുഷർക്കനർത്ഥമായ്
മദ്യമേ! സർവത്തിലുമാദ്യന്തമവദ്യമേ–''

**അതെ! ശരിയാണ്. കഴുത്തിൽ ബലമുള്ള കയറാണ്. എത്ര വലിച്ചാലും പൊട്ടാത്ത കയർ......! ഒരു കയർ താനറിയാതെ, തന്നെയറിയിയ്ക്കാതെ പൊട്ടിക്കഴിഞ്ഞിരിയ്ക്കുന്നു. അപ്പോഴേക്കും മറ്റൊരുകയർ..!**

# മനസ്സ് തേടുന്ന മുഖങ്ങൾ

- *മേപ്പയിൽ നാരായണൻ*
II M.Sc. Physics

മോഹങ്ങൾ മനസ്സിൽ തിരകളായി ഉയരുമ്പോൾ—
കുഞ്ഞു കരയുന്ന ശബ്ദം. മൌനത്തിന്റെ നെഞ്ച് കത്തിപ്പിളർന്ന്കൊണ്ട് ശബ്ദം തേടി വന്നു.

'മരിക്കാത്തവർക്ക് വേണ്ടി ഏട്ടന് ജീവിച്ചുകൂടെ?

ചാന്ദ്നി ചോദിച്ചത് തെററാണെന്ന് തോന്നി. അവളുടെ സ്വരത്തിലും ദു:ഖത്തിന്റെ ഭാരം കെട്ടിയിട്ടിരുന്നില്ലേ? ഒരു തുലാസിലെ രണ്ട് തട്ടിലുമെന്നപോലെ ദു:ഖം ഇരുഭാഗത്തേക്കും താണും ഉയർന്നും കൊണ്ടിരിക്കുന്നു.

പ്രതിഫലന നിയമങ്ങൾ മനസ്സിലുണർത്തിയ ഉടഞ്ഞ കണ്ണാടിച്ചില്ലുകളിൽ സ്വന്തം മുഖം നിഴലിക്കുമ്പോൾ—
ദിവസങ്ങളായി കത്തി കാണാത്ത സ്വന്തം താടിയിൽ വെളുത്ത വിരുന്നുകാർ......

ഇനിയും ഒരു ജീവിതമോ?

കണ്ണാടി തിരിച്ചുവെച്ചു. ഇപ്പോൾ സ്വന്തം രൂപത്തെക്കുറിച്ച് തനിക്ക് ഭയമില്ല. പക്ഷെ......

ക്ലാസ്സിൽ കൺസ്ട്രയിൻസിനെക്കുറിച്ച് പഠിപ്പിക്കുമ്പോൾ കൂട്ടിച്ചേർത്തു — കുററിയിൽ കെട്ടിനിറുത്തിയ പശു ഒരു വൃത്തത്തിനുള്ളിൽ നിന്ന് കറങ്ങുന്നു. അതിനപ്പുറം പോകാൻ കഴിയുകയില്ല.

അതെ! ശരിയാണ്. കഴുത്തിൽ ബലമുള്ള കയറാണ് എത്ര വലിച്ചാലും പൊട്ടാത്ത കയർ......! ഒരു കയർ താനറിയാതെ, തന്നെ അറിയിക്കാതെ പൊട്ടിക്കഴിഞ്ഞിരിക്കുന്നു. അപ്പോഴേക്കും മറെറാരു കയർ......!

'ചാന്ദിനി! കുഞ്ഞു കരയുന്നു'—അമ്മയുടെ സ്വരം.

പുറത്ത് ഇരുട്ട് ചേക്കേറിത്തുടങ്ങിയിരിക്കുന്നു. അകത്ത് ഇരുട്ട് നിറഞ്ഞുനിന്നു. റാന്തൽ അവൾ തെളിയിച്ചുവെച്ചിരിക്കുന്നു. പക്ഷെ...... തിരി കരിഞ്ഞു കിടക്കുന്നു. എണ്ണ വററിയിരിക്കാം.

എന്നും സുജാത തെളിയിക്കാറുള്ള വിളക്ക്. ആ വിളക്കിൽ എണ്ണ വററിയത് ചാന്ദ്നി അറിഞ്ഞില്ലായിരിക്കാം. ഇരുട്ടിൽ ജാലകത്തിന്റെ അഴികൾക്കപ്പുറമുള്ള നിലാവ്!

കൂട്ടിലടക്കപ്പെട്ട ഒരു പക്ഷിയാണ് സ്വന്തം മനസ്സ്. കൂടിനിറയെ ചിറകിട്ടടിച്ചു. കൂട്ടിനുള്ളിൽ ഇരുട്ടാണ്. ദൂരെ നിലാവ് തെളിഞ്ഞ ആകാശത്തിൽ കണ്ണുകളയച്ച് കിളി എന്തോ കാത്തിരുന്നു.

കുതിരകളെ പൂട്ടിയ തേര് ആകാശത്തിന്റെ കോണിലായി കിളി കണ്ടു. മരച്ചില്ലകളുടെ ഇടയിലൂടെ അരിച്ചിറങ്ങിയ നിലാവിൽ കുളിച്ച് തേര് നിന്നു. കറുത്ത കുതിരകൾ കിളിക്കൂട് തല്ലിയുടച്ചു. മാംസം ചവിട്ടിയരച്ചു ഞരമ്പുകൾ പറിച്ചെടുത്തു. തേരിലിരുന്ന കറുത്ത മനുഷ്യർ പൊട്ടിച്ചിരിച്ചു.

തേര് തിരിച്ചു. മരണത്തിന്റെ കുളമ്പടി ശബ്ദം അകന്നു പോകുന്നു.

'സുജാത മരണത്തോട് അടുത്തിരിക്കുന്നു!

ഡോക്ടരുടെ ശബ്ദം. കോൺടാക്ട് ലെൻസ് ധരിച്ച ഡോക്ടറുടെ ശബ്ദത്തിനകത്ത് നിസ്സഹായത. ആ കണ്ണുകൾ തന്നെ തുറിച്ച് നോക്കിക്കൊണ്ടേയിരുന്നു. നിമിഷങ്ങളോളം. ഒടുവിൽ......കണ്ണുനീരിൽ, അവ്യക്തത മാത്രം ബാക്കി.

പ്രവാഹം നിലച്ച കുഴലിൽ നിന്നും നേർത്തു നേർത്തു വരുന്ന വെള്ളത്തുള്ളികൾ. അവ അവസാനത്തെ കുറിക്കുന്നു.

സ്വപ്നത്തിന്റെ ദളങ്ങൾ കൊഴിഞ്ഞു വീണു. ഓർമ്മകളുടെ ചുടുകാട്ടിൽ ഇണക്കിളിയുടെ ആത്മാവ് എരിഞ്ഞു. ചുടലയിലെ ചാരം ഓർമ്മയിൽ ഇന്നും പറന്നുയരുന്നു. എനിക്കൊരിക്കലും മനസ്സിലാക്കാൻ കഴിയാത്ത മരണത്തിന്റെ കാററിൽ ചാരം വന്ന് മൂടുന്നു.

സുജാത! —ഒരു ഉദയവും അസ്തമയവും കഴിഞ്ഞിരിക്കുന്നു. ഇന്നലെ എന്റെ കൂടിനുള്ളിൽ വസന്തമായിരുന്നു. മഴവില്ലിന്റെ പ്രകാശം നിറഞ്ഞ ദിവസങ്ങൾ! ഒരു ശലഭത്തെപ്പോലെ പാറിപ്പറന്ന് നടന്നിരുന്ന സുജാത! ഓർമ്മകളുടെ ചുടുകാട്ടിൽ താൻ ഏകനായിരിക്കുന്നു.

ഒരു കൊടുംകാററാണു കടന്നു് പോയിരിക്കുന്നത്. എല്ലാ വിളക്കുകളും തച്ചു കെടുത്തപ്പെട്ടിരിക്കുന്നു. എല്ലാ മരച്ചില്ലകളും ഒടിഞ്ഞു കിടക്കുന്നു.

തെക്കിനിയിലെ ആട്ടുകട്ടിലിൽ നിറഞ്ഞു നിന്ന സുജാതയുടെ നാണം—ഉള്ളിന്റെ ചൂടിൽ ഓർമ്മകൾ ഉരുകി വീഴുകയാണ്.

ആത്മാവിന്റെ തുളസിത്തറയിൽ ഒരു നെയ്ത്തിരി എരിഞ്ഞു കഴിഞ്ഞിരിക്കുന്നു. പുക മാത്രം ബാക്കി. എങ്ങും അവ്യക്തത വിതക്കുന്ന പുകയുടെ മറ !

ചാന്ദിനിയും കുഞ്ഞും അനുജനും അമ്മയും താമസിക്കുന്ന ഈ വീട്ടിലേക്ക് മാറിയപ്പോൾ തുറമുഖത്തടുത്തതു പോലെ തോന്നിയിരുന്നു.

കൊടുംകാററിൽ ശാഖകളോരോന്നും അടർന്നു വീണതാണ് വേരോടെ മറിഞ്ഞുവീണതായിരുന്നു. എന്നിട്ടും വേരുകൾ വീണ്ടും മണ്ണിൽ ആഴ്ന്നിറങ്ങിയത്പോലെ. പുതിയ തളിരുകൾ മൊട്ടിട്ടപോലെ—

എനിക്ക് ഇവരുണ്ട്......ഇവർ മതി !
സമാധാനത്തിന്റെ പുൽത്തകിടിയിൽ ഞാനെന്റെ കിടക്ക വിരിച്ചു......മയങ്ങാൻ കിടന്നു.
'ഇനി നീ ആ വിളക്ക് തെളിക്കാൻ പോണ്ട. അമ്മയില്ലേ അതിനൊക്കെ.........?
കിഴക്ക് വെള്ളിടി വെട്ടി......അന്തരീക്ഷത്തിലൂടെ ആയിരം ഉൽക്കകൾ ചീറിപ്പാഞ്ഞു. പുറത്തെവിടെയോ എന്തോ പൊട്ടിത്തകർന്നിരിക്കുന്നു. ഒരു ഗോളത്തിനുള്ളിൽ വീണു കറങ്ങുന്നത് പോലെ.
അനുജന്റെ ശബ്ദമാണ് — അനുജൻ !
അതേ അടക്കിപ്പിടിച്ച് കരയുന്നു.
ചാന്ദ്നി !
അവളുടെ മനസ്സിൽ ദുഃഖത്തിന്റെ അഗ്നി വിരിച്ചത് ആരാണ് ?
ഞാൻ......ഞാനോ? അതെ
ഞാൻ കേൾക്കാനാകണം അനുജൻ ഉച്ചത്തിൽ പറഞ്ഞത്.

മനസ്സിൽ ഉമിത്തീയായിരുന്നു. ഉള്ളറകളിൽ ഉറങ്ങിക്കിടന്ന അഗ്നിയിൽ നിന്നും വീണ്ടും പുതിയ നാളങ്ങൾ ഉയർന്നു വരുന്നു.
ഇവിടെ യാഥാർത്ഥ്യം മുഖം തിരിഞ്ഞു നിൽക്കുന്നു.
എന്റെ മനസ്സ് ഒരു മരുഭൂമിയാണ്. ഇവിടേക്ക് ഒലിച്ചിറങ്ങുന്ന എല്ലാ നദികളും ആവിയായിത്തീരുന്നു. കണ്ണുനീരിന്റെ ആവി !
ആദ്യം സുജാത പിന്നെ ചാന്ദിനി !
ചാന്ദിനി കരഞ്ഞു തീർന്നിരിക്കുന്നു. വീട് മൂകമാണ്.
മുറികളുടെ ജനലഴികളിൽ മുഖം ചേർത്ത് പുറത്തേക്ക്നോക്കി നിലാവിൽ, ഒരു വെളുത്ത പക്ഷി കൂട്ടം തെററി കൂട്ട് തെററി കരഞ്ഞുകൊണ്ട് പറന്നകലുന്നു. ഈ നേരം കെട്ട നേരത്ത് ഏകനായി അത് എങ്ങോട്ടേക്കാകും പറന്ന് പോയത് ?

സുജാതയില്ലാത്ത വീട് ഇരുട്ട് നിറഞ്ഞ കാടായി തോന്നുന്നു. ഈ ഇരുട്ടിൽ ചാന്ദിനി കൊളുത്തിയ വിളക്ക് തന്നെയായിരുന്നു. ഈ കാറ്റ് ദഹിപ്പിക്കുന്ന, കാട്ടുതീക്ക് തുടക്കം കുറിച്ചിരിക്കുന്നു. ദുരന്തത്തിന്റെ കാട്ടു തീ !
ചാന്ദ്നി പാവമാണ്. അവൾക്കൊരു ജീവിതമുണ്ട്. അത് താനായിട്ടെന്തിന് തകർക്കണം ?
ഒരു ഒച്ച്പോലെ രാത്രി ഇഴഞ്ഞുനീങ്ങുകയായിരുന്നു.
ഈ വീട്ടിലെ ഈ മുറിയിൽ വെച്ചായിരുന്നു സുജാതയെ സ്വന്തം കൈവിരലുകൾ കൊണ്ട് തൊട്ടത്. സ്വന്തം ചുണ്ടുകൾ അവളെപ്പൊതിഞ്ഞു, നെഞ്ചിൻ കൂട്ടിലൂടെ അവളുടെ മടിയിൽ കുഴഞ്ഞു വീഴുമ്പോൾ അവൾ പൊട്ടിക്കരയുമെന്ന് തോന്നിയിരുന്നു.

ആ രാത്രികളെക്കുറിച്ചുള്ള ഓർമ്മകൾ ഓപ്പറേഷൻ തിയേറററിനു മുമ്പിലുള്ള തന്റെ കാത്തിരിപ്പിൽ അവസാനിച്ചിരിക്കുന്നു. ഹൃദയത്തിന്റെ ദ്വാരങ്ങളിൽ കുത്തിനിറുത്തിയിരുന്ന ചന്ദനത്തിരികൾ എല്ലാം എരിഞ്ഞ് തീർന്നിരിക്കുന്നു. ഇപ്പോൾ ഇവിടെ അതിന്റെ സുഗന്ധം പോലും തനിക്ക് നഷ്ടപ്പെട്ടിരിക്കുന്നു.

സുജാതേ ! എള്ളിൻ പൂവിന്റെ ശാലീനതയുള്ള പെൺകുട്ടീ ! ഇന്ന് നീ എനിക്ക് അപരിചിതയാണ്.

രാത്രിയായിട്ടും മുകളിലത്തെ നിലയിലെ ഈ മുറിയിൽ നിന്നും ചൂട് ഇറങ്ങിയിട്ടില്ല......താൻ വിയർക്കുന്നു. ഈ വിയർപ്പിൽ താൻ അലിഞ്ഞില്ലാതായെങ്കിൽ......

അനുജൻ എന്റെ പേരിൽ ചാന്ദ്നിയെ ഒരിക്കലും വെറുത്ത് കൂടാ...ചാന്ദ്നി അനുജന്റെ ഭാര്യയാണ്.
അമ്മ ? — അമ്മക്ക് അനുജനുണ്ടല്ലോ....!
പോകാം....
ആയിരം ചവിട്ടുകൾ ചുററും നിന്ന് ആർത്തിരമ്പി. എങ്ങും ആ ശബ്ദമാണ്. അത് വളർന്ന് വലിയ ഒരാരവമായി തീരുന്നത് പോലെ.

താഴെ എല്ലാവരും ഉറങ്ങിയിരിക്കുന്നു. ഉറക്കത്തിന്റെ സ്വരം നിശബ്ദതയിൽ തെളിഞ്ഞ് നിന്നു. വിറക്കാതെ അനങ്ങാതെ അടിവെച്ച് കോവണിപ്പടികൾ ഒന്നൊന്നായി ഇറങ്ങി. അനുജന്റെ മുറിയുടെ വാതിൽ അടഞ്ഞു കിടക്കുന്നു. അമ്മ കട്ടിലിൽ തളർന്നുറങ്ങുന്നു......
നിമിഷങ്ങൾക്ക് മുമ്പ് ഈ വീട് തനിക്കൊരു തുരുത്തായിരുന്നു. പക്ഷെ......തന്റെ നങ്കൂരം ഇവിടെ അററിരിക്കുന്നു. കടലിൽ കോളിളക്കം തിരകൾ തലയോളം ഉയർന്ന് ആർത്തിരമ്പുന്നു. തലച്ചോറിൽ തിരകളുടെ മുഴക്കം. കണ്ണുകളിൽ ഇരുട്ട് നിറഞ്ഞിരിക്കുന്നു.
ഒരിക്കൽ സുജാതയുടെ പെററിയിൽ ചുണ്ടുകളമർത്തി താൻ മന്ത്രിച്ചിരുന്നു—'സ്വന്തം ശരീരത്തെ ഭോഗിക്കാനുള്ള സ്വാതന്ത്ര്യം പോലും മനുഷ്യനില്ല കുട്ടീ.........!'
പക്ഷെ, ഇപ്പോൾ സ്വാതന്ത്ര്യത്തിന്റെ മധുരം തനിക്കറിയാം.
മെല്ലെ, വാതിലിന്റെ ബോൾട്ട് നീക്കി പുറത്തുകടന്നു.

നിഴലുകൾ തമ്മിൽ പിണഞ്ഞ് ഇണ ചേരുന്ന വഴി. അതിൽ ഒരു നിഴലിന്റെ കറുപ്പ് കൂടെ. ആ നിഴലിന്റെ രൂപത്തിനുള്ളിൽ വെളിച്ചം മരിച്ചുകിടക്കുന്നു.

മനസ്സ് ഒരു മൂടൽ മഞ്ഞിനുള്ളിലാണ്.

ഇപ്പോൾ തനിക്കു ചുററും അഴികളില്ല. ചിറകുകളുയർത്തി ഈ വഴികളിലൂടെ പറന്നുയരാം.

മഴയിൽ തളിർത്ത് വെയിലിൽ വാടിക്കരിഞ്ഞ് മറയുന്ന പുൽക്കൊടി ഒരു യാഥാത്ഥ്യമാണോ?

സുജാത എന്ന പുൽക്കൊടി ! ചാന്ദ്നി എന്ന......

വേണ്ട പിറകോട്ട് ചിന്തിക്കരുത്.

ഏതോ ഒരു നിമിഷത്തിന്റെ പിൻബലത്തിൽ മുന്നോട്ട് കുതിക്കണമെന്ന് തോന്നി. പിന്നെ കാലുകൾ നിലത്തുറച്ചില്ല......ഒളിച്ചോട്ടമാണ്. എവിടേക്ക്? ......കാലുകൾ നിൽക്കാതെ ചലിച്ചു......കടിഞ്ഞാൺ അയഞ്ഞിരിക്കുന്നു. കുതിരകളുടെ ഗതിവേഗം വർദ്ധിക്കുകയാണ്. ഈ പ്രയാണം എങ്ങോട്ടാണ്?

ഈ ഒഴുക്ക് ഭ്രാന്തമാണ്. ഈ ഒഴുക്കിനു മുമ്പിൽ എല്ലാ ചിറകുകളും തകർന്നടിയുന്നു.

ഒടുവിൽ........ !

മനസ്സ് തെളിയുന്നു — ശ്മശാനം !

ശ്മശാനത്തിലെ കാട്ടുചെടികൾക്കിടയിൽ ആരോ വെളുത്ത വസ്ത്രത്തിനുള്ളിൽ......

സുജാത ! സുജാത ! എന്റെ മാത്രം സുജാത !

നിഴലുകൾ മാറി വെളിച്ചം കടന്നു വരികയാണ്.

ങേ? അവളെവിടെ? എവിടെ? കാട്ടുചെടികൾക്കിടയിൽ ചിലന്തി വലകൾ.........എങ്ങും ചിലന്തി വലകൾ........ ചിലന്തി വലകൾ തീർത്ത കൊട്ടാരങ്ങൾ......മഴ പെയ്ത് നനഞ്ഞ ചിലന്തി വലകളിൽ നിലാവരിക്കുന്നു. സുജാതയുടെ ആത്മാവ്...... !

മനസ്സ് നിമിഷാർദ്ധങ്ങളിൽ വീണു പിടഞ്ഞു--തലയററ കോഴിയെപ്പോലെ.

മുന്നിൽ കടൽ ഇരമ്പുന്നു. സൗരയൂഥം പൊട്ടിച്ചിതറുന്നു. അജ്ഞാതമായ ഭ്രമണപഥം. ഗുരുത്വ ബലങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു. അകലെ......അകലെ സൂര്യൻ കറുത്തുവന്നു. കറുത്ത സൂര്യന് കൂടുതൽ കറുപ്പ് തോന്നി. ഒടുവിൽ.........സൂര്യന് വെളിച്ചം തീരെ ഇല്ലാതായി. അപ്പോൾ കാലുകളുടെ ബലം നഷ്ടപ്പെടുകയായിരുന്നു. ഗുരുത്വ കേന്ദ്രങ്ങൾക്ക് സ്ഥാനഭേദമുണ്ടാകുന്നു. എനിക്കു വേണ്ടി ഏതോ ഒരു ചുഴി മരണത്തിന്റെ രൂപം ഉൾക്കൊണ്ടു. ചുററും ചിലന്തി വലകൾ തീർത്ത കൊട്ടാരങ്ങൾ !

**സാഹിത്യസൃഷ്ടി നീണ്ട ഒരു യാത്രയാണ്. വ്യക്തികളും സംഭവങ്ങളും മാറിവരുമെങ്കിലും സ്ഥായിയായ ഭാവം മാത്രം മാറുന്നില്ലെന്നു് ശ്രീ പുനത്തിൽ കുഞ്ഞബ്ദുള്ള വിശ്വസിക്കുന്നു.**

# മറെറാരു ദേശത്തിൻെറ കഥ

പി.ജെ. റോയ് I B.A. Economics

സാധാരണക്കാർക്കു മനസ്സിലാകും വിധം ലളിതമായി പ്രതിപാദിക്കുന്ന രീതി. അക്ഷരം കൂട്ടിവായിക്കാൻ മാത്രമറിയുന്നവനു് ആസ്വദിക്കാൻ പററുന്ന തരത്തിലുള്ള ശൈലി. സാധാരണങ്ങളായ പശ്ചാത്തലങ്ങളും, സാധാരണ കഥാപാത്രങ്ങളും—സ്വന്തമായി ഉരുത്തിരിഞ്ഞ ശൈലി ഇതൊക്കെയാണ് 'സ്മാരക ശിലകൾ' അവിസ്മരണീയമാക്കുന്നതു്. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടുന്നതിനു മുൻപേതന്നെ ഈ നോവൽ 78ലെ കേരള സാഹിത്യ അക്കാദമി അവാർഡു് നേടിയിരുന്നു.

ശ്രീ: എസ്. കെ. പൊറെറക്കാടിനുശേഷം തൻെറ ദേശത്തിൻെറ കഥ ഇത്ര മനസ്സിൽത്തട്ടി പ്രതിഫലിക്കത്തക്ക വിധത്തിൽ ആവിഷ്കരിക്കാൻ മറെറാരു കഥാകൃത്തിനും ഇതുവരെ കഴിഞ്ഞിട്ടില്ല. അലിഗഢിൽ നിന്നു മെഡിസിൻ പാസ്സായി വടകരയിൽ സ്വന്തമായി നഴ്സിംഗ് ഹോം നടത്തുന്ന ഡോ: പുനത്തിൽ കുഞ്ഞബ്ദുള്ള മലയാള സാഹിത്യ വേദിക്കു് പ്രതീക്ഷകൾ നൽകിക്കൊണ്ടു് മുന്നേറുന്നു. 'ലോകം നശിച്ചാലും' നിലനിൽക്കത്തക്ക സാഹിത്യ കൃതികൾ രചിക്കുവാൻ യുവതലമുറയെ ഉപദേശിക്കുകയും ചെയ്യുന്ന ആ സാഹിത്യ നായകൻ.

സാഹിത്യദർശനത്തെക്കുറിച്ചു് പ്രത്യേകബോധമുള്ള ശ്രീ: പുനത്തിൽ സാഹിത്യത്തെ പൗരാണികം, ആധുനീകം, അത്യാധുനീകം എന്നൊക്കെ വേർതിരിച്ചു നിർത്തുന്നതിനോടു് എതിർപ്പുള്ളയാളാണ്. പ്രസ്ഥാനങ്ങൾ എഴുത്തുകാരെ വഴി തെററിക്കുന്നു. സാഹിത്യസൃഷ്ടി നീണ്ട ഒരു യാത്രയാണ്. വ്യക്തികളും സംഭവങ്ങളും മാറിവരുമെങ്കിലും സ്ഥായിയായ ഭാവം മാത്രം മാറുന്നില്ലെന്നു് അദ്ദേഹം വിശ്വസിക്കുന്നു.

## നോവൽ രചനയിലേക്കു് ഒരെത്തിനോട്ടം

എക്സിസ്റ്റൻഷ്യലിസം കൊടുങ്കാററുയർത്തിയ എഴുപതുകളുടെ ഉത്തരാർദ്ധത്തിലാണ് 'സ്മാരക ശിലകളുടെ ജനനം'. സ്വന്തം ഓർമ്മയിൽ തെളിഞ്ഞു കിടക്കുന്ന സ്വഗ്രാമത്തിൻെറ സംസ്കാരധാരയിലുറഞ്ഞു നിൽക്കുന്ന മിത്തിനു് ഈ കൃതിയിൽ ചൈതന്യംനൽകി അവതരിപ്പിച്ചിരിക്കുന്നു.

കാരക്കാട്ട് എന്ന പ്രദേശവും അവിടത്തെ വിവിധമതസ്ഥരായ ജനവിഭാഗങ്ങളും ഗോസായിക്കുന്നും പള്ളിക്കൂടവും പഴകിയതാണെങ്കിലും കഥയിലാകെ ഒരു മിത്തായി (Myth) ഉയർന്നു നിൽക്കുന്ന പള്ളിയും മനുഷ്യ മനസ്സുകളിലേക്ക് എത്തിച്ചു അവിസ്മരണീയമാക്കുന്നതിലുള്ള ആനന്ദമാണ് ഈ നോവൽ രചനയിൽ കുഞ്ഞബ്ദുള്ളക്കു് വെളിച്ചം പകർന്നതു്. കാരക്കാട്ട് എന്ന പ്രദേശം, അതിൻെറ ചുററുപാടുമുള്ള സംഭവവികാസങ്ങൾ കാലത്തിൻെറ ഒരു പ്രത്യേകബിന്ദുവിൽ കോർത്തു നിർത്തി സംഭവങ്ങൾ അപഗ്രഥിക്കുന്ന രീതിയാണ് (Point Analyse) കഥാകൃത്തു് അവലംബിച്ചിരിക്കുന്നതു്. തനതായ ജീവിതവീക്ഷണത്തിൽനിന്നും ഉരുത്തിരിയുന്ന തനതായ ശൈലി, രചനാകൗശലത്തിൻെറ സഹായത്താൽ പ്രകടമാക്കി കാണിക്കുകയുംകൂടി ചെയ്യുന്നു നോവലിസ്റ്റ്.

കേരളോൽപ്പത്തി മുതൽത്തന്നെ ഓരോ ഗ്രാമത്തിലും എത്ര എഴുതിയാലും തീരാത്ത പ്രത്യേക ഭാവരശ്മികൾ പ്രകടമായിരുന്നു. കാലത്തിൻെറ ഒഴുക്കിൽ പിടിച്ചു നില്പാനാവാതെ മനോഹരങ്ങളായ അവ അപ്രത്യക്ഷമാകാറാണ് പതിവു്. അത്തരം ഒരു ഗ്രാമത്തിൽനിന്നും കാരക്കാടിനെ ഒഴിച്ചു നിർത്താനാവില്ലെങ്കിലും ഈ പ്രദേശം വിദഗ്ദ്ധ നോവൽ രചനയിലൂടെ അനുവാചകരുടെ മനസ്സിൽ പച്ച പിടിച്ചു നിൽക്കുന്നു.

ചൈതന്യവത്തായ ഈ നോവലിൽ പ്രഭ ചൊരിയുന്നതു് ഖാൻ ബഹദൂർ പൂക്കോയത്തങ്ങൾ എന്ന വിശാലഹൃദയനാണ്. അറക്കൽത്തറവാടിൻെറയും കാരക്കാടിലെ ജനങ്ങളുടെയും സ്നേഹബഹുമാനങ്ങൾ ആർജ്ജിച്ച പ്രതാപത്തോടെ ജീവിക്കുന്നയാളാണ് അദ്ദേഹം. നീണ്ട പത്തുവർഷം സിംഗപ്പൂരിൽ കച്ചവടം ചെയ്ത കണ്ടമാനം സ്വത്തും ഒന്നാന്തരമൊരു കുതിരയും നേടി, കുതിരയെയും യജമാനനെയും മാത്രം സ്നേഹിക്കുന്ന ബുദ്ധമതക്കാരനായ ഒരുവനായിട്ടാണ് തങ്ങൾ

അറക്കൽ തറവാട്ടിലെത്തിയതു്. അല്പസ്വല്പം മന്ത്രവാദവും സ്ത്രീലമ്പടത്വവും ഒഴികെ മററു അന്ധവിശ്വാസങ്ങൾ ഒന്നുമില്ലായിരുന്നു തങ്ങൾക്കു്. നിരവധി ആശ്രിതന്മാരുമൊത്തു് കൊട്ടാരസദൃശമായ അറക്കൽത്തറവാട്ടിൽ കഴിഞ്ഞുകൂടി.

കേവലം ഒരു സ്വർണ്ണപ്പണിക്കാരനായിരുന്ന രൈരുവിൻെറ മകൾ നീലി തൻെറ പിതാവിൻെറ ഖബറിന്മേൽ കിടന്നു പ്രസവിച്ചു. ഒരാൺകുഞ്ഞ്. വിശാല ഹൃദയനായ പൂക്കോയ തങ്ങൾക്കു് ചിലതു മനസ്സിലായി. രക്തം വാർന്നു് മരിച്ചുപോയ നീലിയുടെ ആൺകുഞ്ഞിനെ തങ്ങൾ അറക്കൽത്തറവാട്ടിലേക്കു് ദത്തെടുക്കുന്നു. കുഞ്ഞാലി എന്നു് നാമകരണം ചെയ്തു് തൻെറ അരുമസന്താനമായ പൂക്കുഞ്ഞിബീയോടൊപ്പം വളരാൻ അനുവദിച്ചു. കഥക്കു് പിരിമുറുക്കം ലഭിക്കുന്നതു് ഇവിടെ നിന്നുമാണ്. തങ്ങളുടെ ഭാര്യയായ ആററബീബിക്കു് അന്യസ്ത്രീയിലുണ്ടായ കുഞ്ഞാലിയോടു് എന്തെന്നില്ലാത്ത വെറുപ്പുണ്ടായി. കുഞ്ഞാലി വളർന്നു വരുമ്പോലെത്തന്നെ ആററബീബിയുടെ വെറുപ്പും ദുഃഖവും വളർന്നു വന്നു.

പെട്ടെന്നുണ്ടായ അന്ത്യം ഖാൻ ബഹദൂർ പൂക്കോയത്തങ്ങളെ കീഴടക്കുന്നു. അതോടെ അറക്കൽത്തറവാട്ടിൽ പുതിയ താളമേളങ്ങൾ ഉയരുകയുണ്ടായി. കുഞ്ഞാലിക്കു് പൂക്കുഞ്ഞീബി കഴിഞ്ഞാൽ സ്നേഹം പകർന്നു കൊടുത്തിരുന്ന തങ്ങളുടെ അകാലനിര്യാണം താങ്ങാനാവാത്തതായിരുന്നു. പുതിയ സംഭവവികാസങ്ങളിലൂടെ പട്ടാളം ഇബ്രായി അറക്കൽത്തറവാടിൻെറ ഏകാധിപത്യം ഏറെറടുത്തു. തന്നെപ്പോലെ പട്ടാളം ഇബ്രായിയും കുഞ്ഞാലിയെ വെറുക്കുന്നുവെന്ന ചിന്ത ആററബീബിയേയും പട്ടാളത്തിനേയും തമ്മിൽ അടുപ്പിച്ചു.

ആററബീബിയുടേയും പട്ടാളം ഇബ്രായിയുടേയും ചെയ്തികൾക്കിടയിൽ പരലോകജാതനായ ഖാൻ ബഹദൂർ പൂക്കോയത്തങ്ങളുടെ ഏററവും വലിയ ആഗ്രഹം പൊട്ടിച്ചിതറിപ്പോകുന്നു. കുഞ്ഞാലിയെക്കൊണ്ടു് പൂക്കുഞ്ഞീബിയെ വിവാഹം കഴിപ്പിക്കണം എന്നതായിരുന്നു അതു്.

ആ സ്വപ്നം സാക്ഷാൽക്കരിക്കാതിരിക്കാൻ പട്ടാളം ഇബ്രായി പൂക്കുഞ്ഞീബിയെ പണക്കാരനും ക്ഷയരോഗത്തിന്നടിമയുമായ ഒരുവനു് വിവാഹം കഴിച്ചുകൊടുക്കുന്നു.

ആദ്യരാത്രിയിൽത്തന്നെ പുതുമണവാട്ടിയോടു് ക്ഷയരോഗത്തിൻെറ കഫക്കട്ടകൾ തുപ്പിയിടുന്ന കോളാമ്പിയാണ് ആ മണവാളൻ ചോദിച്ചതു്. നുറുങ്ങിയ ഹൃദയവുമായി മണിയറയിലേക്കു് കടന്ന അവളെ ആ ചോദ്യം ഞെട്ടിച്ചു. ആ ഞെട്ടൽ അടുത്ത പ്രഭാതത്തിൽ മററുള്ളവരിലേക്കു് പകർന്നുകൊണ്ടു് ഒരു സ്വർണ്ണമത്സ്യം പോലെ കടൽക്കരയിൽ പൂക്കുഞ്ഞീബിയുടെ ശവശരീരം കിടന്നു. ആ വാർത്ത കേട്ട് കുഞ്ഞാലി സ്ഥലത്തെത്തുന്നു. അവസാനമായി ആ മൃതദേഹത്തിലേക്കു നോക്കിക്കൊണ്ടു് അവൻ അങ്ങകലെ ചരിത്രത്തിൻെറ ഏടുകളിൽ രക്തക്കറകൾ പതിപ്പിച്ചിട്ടുള്ള ഓഞ്ചിയം കുന്നുകളെ ലാക്കാക്കി നടക്കുന്നതോടെ നോവൽ അവസാനിക്കുന്നു.

ഖാൻ ബഹദൂർ പൂക്കോയത്തങ്ങൾ പ്രതാപശാലിയാണെങ്കിൽ പട്ടാളം ഇബ്രായി പ്രതാപം നടിക്കുന്നവനാണ്. തങ്ങൾ നാടിനു ചെയ്ത മഹത്വങ്ങൾ അദ്ദേഹത്തിൻെറ മിഴിവു് വർദ്ധിപ്പിക്കുന്നു. കാരക്കാട്ട് പ്രദേശത്തെ കോളറ ആക്രമിച്ചപ്പോൾ ഒററക്കു് വീടു വീടാന്തരം കയറിയിറങ്ങി മൃതങ്ങളും, മൃതപ്രായങ്ങളുമായ മനുഷ്യശരീരങ്ങളെ അദ്ദേഹം ശുശ്രൂഷിക്കുകയും കബറടക്കുകയും ചെയ്യുന്നു. കുപ്പായമിടാത്ത തീയ്യത്തികളെ അദ്ദേഹം കുപ്പായമിടുവിക്കുന്നു. കാരക്കാട്ട് പ്രദേശത്തെ സർവ്വ മതസ്ഥരായ ജനങ്ങൾക്കു് അദ്ദേഹം കണ്ണിലുണ്ണിയായതിൽ അത്ഭുതപ്പെടാനുണ്ടോ? പക്ഷേ തങ്ങളുടെ പെട്ടെന്നുള്ള അപമാനകരമായ മരണം അൽപ്പം അസ്വാഭാവികത ചുരത്തുന്നുണ്ടു് ഈ നോവലിൽ.

ശിഖരങ്ങളായി പല ഉപകഥകളും ഈ നോവലിൽ വേറെയുണ്ടു്. തങ്ങളെപ്പോലെത്തന്നെ അനുവാചകരുടെ മനസ്സിൽ സ്ഥാനം പിടിച്ചുപററുന്ന മററു കഥാപാത്രങ്ങളുണ്ടു്. ഉച്ചത്തിലും സ്ഫുടതയിലും ബാങ്കു വിളിക്കുന്ന ഏറമുള്ളാൻ എന്ന മുക്രി, ജീവനു തുല്യം തൻെറ കുതിരയേയും അതിലുപരി യജമാനനേയും സ്നേഹിച്ച അദ്ദമാൻ എന്ന മുൻബുദ്ധാമതാനുയായി, തങ്ങളെ കാണുമ്പോൾ വലിച്ചുകൊണ്ടിരിക്കുന്ന ബീഡി കെടുത്തുകമാത്രം ചെയ്യുന്ന പടിപ്പുര കാവൽക്കാരനും മടിയനുമായ ബുഹാരി, പരിചയമുണ്ടെങ്കിലും ഇല്ലെങ്കിലും ആരെ കണ്ടാലും ചിരിക്കുന്ന ശങ്കരക്കുറുപ്പ് മാസ്റ്റർ, അടുക്കളയിലെ 'രാജാത്തി'യായ ഖുറൈശി പ്പാത്തു, രാത്രിയിലും ഓലക്കുട ചൂടിനടക്കുന്ന അറക്കൽത്തറവാട്ടിലെ കുടുംബവൈദ്യനായ കോമപ്പൻ വൈദ്യർ, തങ്ങളുടെ വിശ്വസ്തകാര്യസ്ഥനായ ബാപ്പുക്കണാരൻ, പട്ടാളം ഇബ്രായി തുടങ്ങിയ കഥാപാത്രങ്ങളും അവരെ ചുററിപ്പററിയുള്ള കഥകളും നർമ്മരസത്തോടെ ഈ നോവലിൽ പ്രതിപാദിച്ചിരിക്കുന്നതു് നമുക്കു് കാണാൻ കഴിയും.

ഈ അടുത്ത കാലത്തു് നമുക്കു് ലഭിച്ച ഏററവും നല്ല നോവൽ എന്ന പദവിയിലേക്കു് 'സ്മാരക ശിലകളെ' ഉയർത്തുന്നതും ഇക്കാരണങ്ങൾ ആണ്.

ജീവിതം ഒരു നാടകം. എന്നാൽ കഥാവസ്തുവില്ല. അവ്യക്തവും അനിയന്ത്രിതവും പരസ്പരബന്ധരഹിതവുമായിരിക്കുന്നു. കർട്ടൻ വീഴുമ്പോൾ എല്ലാം ഗൂഢാർത്ഥവും അസ്പഷ്ടവും.

—ബുൾവർ ലിററൺ.

ജീവിതം സൗന്ദര്യമാണെന്നു് സ്വപ്നം കണ്ടു് ഞാനുറങ്ങി. എന്നാൽ അതു് ഒരു കർത്തവ്യമാണെന്നു് **കണ്ടു്** ഞാനുണർന്നു.

—ജോസഫ് മാസിനി.

**ഞാനീ ലോകത്തിൽ ഏററവുമധികം വിലമതിയ്ക്കുന്ന പരിശുദ്ധമായ സ്നേഹത്തിൻെറ തനതായ പ്രതീകമാണ് നീ. നിഷ്കളങ്കതയുടെയും നിർമ്മലതയുടെയും നിസ്വാർത്ഥതയുടെയും മൂർത്തിമത് ഭാവമാണ് നീ. ഇല്ല... നീയൊരിയ്ക്കലും കഷ്ടതയെന്തെന്നറിയാൻ പാടില്ല.**

# മോഹം . . . , സായൂജ്യം . . .

***മൊയ്തീൻകോയ എം. ബി.***
**I .B. A. Economics.**

മരണത്തിൻെറ അംശങ്ങൾ ചാലിച്ച ചേർത്ത വിഷദ്രവ്യങ്ങൾ, മരണത്തിൻെറ കൂർത്ത നഖങ്ങൾ ഒളിഞ്ഞിരിക്കുന്ന കയറുകൾ, മരണത്തെ പൂകാൻ എളുപ്പമായ എത്രയെത്ര മാർഗ്ഗങ്ങൾ. എല്ലാം, ഒടുവിൽ ഞാൻ വേണ്ടെന്ന് വെക്കുകയായിരുന്നു. കാരണം നീ തന്നെ. വിഷാദത്തിൻെറ കാർമുകിലുകളെ ആനന്ദാശ്രുക്കളായി മാററാറുള്ള നിൻെറ പുഞ്ചിരി. അതു കാണുമ്പോൾ ഞാനെന്നെത്തന്നെ മറന്ന് പോകാറുണ്ട്. അർഹതയില്ലാത്ത ജീവിതം ജീവിച്ച് തീർക്കാനാവില്ലെന്ന് എനിക്ക് നന്നായറിയാമായിരുന്നു. അത്കൊണ്ട് തന്നെ നിമിഷങ്ങൾ കൊണ്ടതവസാനിപ്പിക്കാൻ ഞാൻ പല തവണ തുനിഞ്ഞു. അപ്പോഴെല്ലാം എന്നെ പിന്തിരിപ്പിച്ച ആ നിഗൂഢ ശക്തി നീ മാത്രമായിരുന്നു. എൻെറയെല്ലാമെല്ലാമായ നീ. ഉണങ്ങി വരണ്ടിരിക്കുന്ന ഈ ജീവിതത്തിൻെറ അവസാനത്തെ അംശം നീ മാത്രമാണ്. പക്ഷെ, കുട്ടീ.....നിൻെറ നിഷ്കളങ്കമായ ഈ സ്നേഹത്തിന്, അനുഗൃഹീതമായ ഈ സാന്നിദ്ധ്യത്തിന്, നീ എന്നിലർപ്പിച്ചിരിക്കുന്ന ആത്മാർത്ഥമായ ഈ വിശ്വാസത്തിന്, നീ എന്നിൽ ചൊരിയുന്ന അവാച്യമായ ഈ സന്തോഷത്തിന് -- ഒന്നിനും ഞാനർഹനല്ല. എന്നിട്ടും നീ എന്നെ സ്നേഹിക്കുന്നു, നീ എന്നെ വിശ്വസിക്കുന്നു, നീ എന്നെ സന്തോഷിപ്പിക്കുന്നു. ഈ ഭൂമിയിൽ ഇതേ വരെ ജനിച്ചിട്ടില്ലാത്ത, ഇനിയൊരിക്കലും ജനിച്ച് കൂടാത്ത മഹത്തായൊരു സ്ത്രീത്വത്തിൻെറ പ്രതീകമാണ് നീ.

പൊങ്ങച്ചങ്ങളുടെയും, പൊയ്മുഖങ്ങളുടെയും കേളീരംഗമായ കലാലയ കാമ്പസ്സിൽ, വർണ്ണപ്പകിട്ടാന്ന വസ്ത്രങ്ങളണിഞ്ഞ, അന്തസ്സും പ്രൗഢിയുമുള്ള എത്രയെത്ര സുന്ദരന്മാർ വായിച്ച് മടുത്ത പ്രേമ കഥയിലെ നായകൻമാരെപ്പോലെ നിൻെറ പിന്നാലെ പ്രേമാഭ്യർത്ഥനയുമായി നടന്നു. അവക്കൊന്നും നീ വഴങ്ങിയില്ല. ആരുടെയും വെറുപ്പ് സമ്പാദിക്കാതെ അവരിൽ നിന്നെല്ലാം നീ ഒഴിഞ്ഞുമാറി. ഒടുവിൽ സ്വന്തമായി ഒന്നുമവകാശപ്പെടാനില്ലാത്ത എന്നെ സ്നേഹിക്കാൻ നിനക്ക് കഴിഞ്ഞു. നിൻെറ നിസ്വാർത്ഥ സ്നേഹത്തിനു മുമ്പിൽ ശിരസ്സ് നമിക്കാനേ എനിക്ക് കഴിയൂ കുട്ടീ.

എൻെറ സ്ഥിതിഗതികളെക്കുറിച്ച്, സാമ്പത്തിക പരാധീനതകളെക്കുറിച്ച് ഞാൻ പറയാൻ തുടങ്ങുമ്പോഴെല്ലാം നീ അതിൽ നിന്നുമെന്നെ വിലക്കുകയായിരുന്നു. എങ്കിലും നിന്നിൽ നിന്നും കഴിവതും ഒഴിഞ്ഞുമാറാൻ ഞാൻ ശ്രമിച്ചു— എൻെറ മനസ്സാകുന്ന ശ്രീ കോവിലിൽ നീയാകുന്ന സ്വർണ്ണ വിഗ്രഹം പ്രതിഷ്ഠിക്കപ്പെട്ട് കഴിഞ്ഞിരുന്നെങ്കിലും.

ദുഃഖത്തിൻെറ കനത്ത കാർമുകിലുകൾ മനസ്സിൽ മൂടിക്കെട്ടി നിന്നിട്ടും, മുഖത്ത് പുഞ്ചിരി വരുത്താൻ ശ്രമിച്ചു കൊണ്ട് ഞാനൊരിക്കൽ പറഞ്ഞു : ''സുമേ, എൻെറ മനസ്സിൽ ഏററവുമധികം വിചാര തരംഗങ്ങൾ സൃഷ്ടിച്ച പെൺകുട്ടിയാണ് നീ. ഈ ലോകത്തിൽ ഞാനേററവുമധികം ഇഷ്ടപ്പെടുന്ന പെൺകുട്ടി. പക്ഷെ നാം തമ്മിൽ അടുത്ത് കൂടാ. ഒരിക്കലും സംഗമിക്കാനാവാത്ത സ്വപ്നങ്ങളാണ് നാം. നിറവേറാത്ത സ്വപ്നങ്ങൾ എന്നും ദുഃഖത്തിനെ ഇടവരുത്തൂ''. എൻെറ പരാധീനതകളെ കുറിച്ച് സൂചിപ്പിക്കുകയായിരുന്നു ഞാൻ. പക്ഷെ ആ വാക്കുകൾക്കൊന്നും നിന്നിൽ ഒരു മാററവും വരുത്താൻ കഴിഞ്ഞില്ല. നിൻെറ ശുദ്ധമനസ്സിൻെറ പ്രകാശം അപ്പോഴും മുഖത്ത് പുഞ്ചിരിയായി വിരിയുകയായിരുന്നു. നീ വീണ്ടും അടുത്തു. ദിവസങ്ങൾ കഴിയുന്തോറും നീ എന്നിലലിയാൻ ശ്രമിച്ചു. ഒടുവിൽ, എൻെറ വാക്കുകളെ, ഞാൻ തന്നെ മറന്നു. ഓരോ നിമിഷവും നിൻെറ സാന്നിദ്ധ്യം ഞാൻ കൊതിച്ചു. എൻെറ കവിതകൾ നിന്നെക്കുറിച്ച് മാത്രമായി. എൻെറ മനോ വിഹായസ്സിൽ നീയെന്ന വെള്ളിനക്ഷത്രം മാത്രം തിളങ്ങി നിന്ന് സ്വപ്നങ്ങൾക്ക് വസന്തോത്സവമായി. അതുവരെ അനുഭവിച്ചിട്ടില്ലാത്ത ഏതോ സുഖം, ഏതോ ഒരനുഭൂതി, പുതിയ താളം, പുതിയ രാഗം. എല്ലാ ബന്ധങ്ങളും മറി കടന്ന് മനസ്സുകൾ പരസ്പരം അടുക്കുകയായിരുന്നു. എപ്പോഴും, എവിടെയും നീയെന്ന സങ്കല്പം മാത്രം എന്നിൽ മിഴിവുററ ചിത്രമായി വിലസി. പരസ്പരം കാണാൻ കഴിയാത്ത ദിനങ്ങൾ

നമുക്ക് നിദ്രാവിഹീനങ്ങളായ രാവുകൾ സമ്മാനിച്ചു . ഏതെങ്കിലുമൊരു ദിവസം കാണാതിരുന്നാൽ അടുത്ത ദിവസം നീ പരിഭവിക്കും. ആ ദിവസം നിന്നിൽ നിന്നൊരു മധുമൊഴി കേൾക്കാൻ ഞാനെത്ര പാടുപെടണമെന്നോ. കുട്ടീ, നിന്റെ നിഷ്കളങ്കതയോർത്ത്, നിന്റെ സ്നേഹത്തിന്റെ അപാരതയോർത്ത്, നിന്റെ മുഖത്തെ ഒരിക്കലും മായാത്ത പുഞ്ചിരിയോർത്ത് എത്ര മണിക്കൂറുകൾ ഞാനൊരേക ബിന്ദുവായി മാറിയിട്ടുണ്ടെന്ന് നിനക്കറിയാമോ? ഇന്നും ഇപ്പോഴും എന്റെ ചിന്ത നിന്നെക്കുറിച്ച് മാത്രമാണ്.

അന്ന് ഡിഗ്രി പരീക്ഷയുടെ മാർക്ക് ലിസ്റ്റ് വാങ്ങാൻ ഞാൻ കോളെജിൽ വന്നപ്പോൾ, പ്രതീക്ഷിച്ചപോലെ, ഏററവുമാദ്യം എന്റെ മുമ്പിലെത്തിയത് നീയായിരുന്നു. പാസായെന്നും ഫസ്ററ് ക്ലാസ്സുണ്ടെന്നും ആദ്യമേ നിനക്കറിയാമായിരുന്നു. എന്നിട്ടും എത്ര കൗതുകത്തോടെ വീണ്ടും വീണ്ടും എല്ലാം ചോദിച്ചു. നിന്റെ ഓരോ വാക്കുകളും ഉന്മേഷവും ഉത്സാഹവും കലർന്നതായിരുന്നു. സ്വതസ്സിദ്ധമായ ആ പുഞ്ചിരിയോടെ, എന്റെ ഭാവഭേദങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാതെ നീ പറഞ്ഞു: ''ദീപേട്ടനറിഞ്ഞോ, ഇന്ന് വീട്ടിലൊരു പാർട്ടി വന്നു. എനിക്ക് വിവാഹാലോചനയുമായിട്ട്. ലക്ഷപ്രഭുക്കളാണ് പോലും. അച്ഛനും അമ്മയും കുറെ നിർബ്ബന്ധിച്ചു. പക്ഷെ ഈ സുമ സമ്മതിക്കുമോ. ഇപ്പോൾ വിവാഹം വേണ്ടെന്ന് പറഞ്ഞ് ഒഴിവാക്കി''. നീ കുണുങ്ങി ചിരിക്കുകയായിരുന്നു. 'ദീപേട്ടന് ചിരിവരുന്നില്ലേ?' ഇല്ല കുട്ടീ. ചിരിക്കാനുള്ള ശക്തി ഈ ദീപേട്ടനില്ലായിരുന്നു. ലക്ഷപ്രഭുവായിരുന്നിട്ടും, അച്ഛനും അമ്മയുമൊക്കെ നിർബ്ബന്ധിച്ചിട്ടും നീ കൂട്ടാക്കിയില്ല. നീ പ്രതീക്ഷിക്കുന്നത് ഈ ദീപേട്ടനെയാണോ, കുടുംബസ്വത്തായോ സ്വന്തമായോ ഒന്നുമില്ലാത്ത ഈ പാവപ്പെട്ട ദീപേട്ടനെ! ഇവിടെയാണ് ഞാൻ പരാജയപ്പെടുന്നത്—നിന്റെ നിസ്വാർത്ഥമായ ഈ സ്നേഹത്തിന് മുമ്പിൽ. സ്നേഹിക്കാൻ കഴിവുള്ള ഒരു മനസ്സ് മാത്രമേ എനിക്ക് സ്വന്തമായുള്ളു. അത് നിനക്ക് നന്നായറിയാം.

അന്തസ്സും അഭിമാനവുമുള്ള, പണവും പ്രതാപവുമുള്ള എത്രയെത്രപേർ നിനക്ക് വേണ്ടി അന്വേഷിക്കുന്നു. അവയെല്ലാം നീ വേണ്ടെന്ന് പറയുന്നത് ഈ നിസ്സാരനായ എനിക്ക് വേണ്ടിയാണെന്നറിഞ്ഞാൽ നിന്റെ വീട്ടുകാരാകെ പൊട്ടിത്തെറിക്കും. അവർക്ക് നിന്നോടുള്ള സ്നേഹം മറെറന്തോ ആയി മാറും. അതെല്ലാം നിനക്കറിയാം എന്നിട്ടും നീ.........

അഞ്ച് വർഷത്തെ വിശ്രമമില്ലാത്ത പ്രയത്നത്തിന് എനിക്ക് ലഭിച്ച അധികാര പത്രവുമായി ഞാൻ കയറിയിറങ്ങാത്ത പടികളില്ല. എത്രയെത്ര സർക്കാരോഫീസുകൾ, സ്വകാര്യ സ്ഥാപനങ്ങൾ, വ്യവസായ ശാലകൾ............ ഡിഗ്രി സർട്ടിഫിക്കററെന്ന ആ അംഗീകാര പത്രം ആർക്കും ഒരു വിലയുമില്ല. അവർക്ക് വേണ്ടത് പണമാണ്, ശുപാർശയാണ്, മററ പലതുമാണ്. ഒടുവിൽ എരിയുന്ന വയറുമായി, മടക്കിപ്പിടിച്ച സർട്ടിഫിക്കററുമായി തിരിച്ചു വരുമ്പോഴും എന്റെ ചിന്ത നിന്നെക്കുറിച്ച് മാത്രമായിരുന്നു.

എന്റെ ജീവിതത്തിലെ ഒരേയൊരു ലക്ഷ്യം നിന്നെ സ്വന്തമാക്കുകയായിരുന്നു. പക്ഷെ ഇന്ന് ഞാനതിനശക്തനാണ്. ഞാനിതിന് തുനിഞ്ഞാൽ—നിന്നെ സ്നേഹിക്കുന്ന നിന്റെ താങ്ങും തണലുമായ അച്ഛനും അമ്മയും കുടുംബവും എല്ലാം നിനക്ക് നഷ്ടപ്പെടും. പട്ടുമെത്തക്ക് പകരം കീറിയ ഓലപ്പായകൊണ്ട് നീ തൃപ്തിപ്പെടേണ്ടിവരും. വിഭവസമൃദ്ധമായതീൻ മേശകൾ എന്നെന്നേക്കുമായി നിന്നോട് വിട പറയും. വില പിടിപ്പുള്ള ഉടയാടകൾ കഴിഞ്ഞകാലത്തെ ഓർമ്മകൾ മാത്രമായിത്തീരും. അങ്ങനെ എന്തൊക്കെ കഷ്ടതകൾ? പകരം നിനക്ക് ലഭിക്കുന്നതോ ആർക്കും വിലയില്ലാത്ത, ഒന്നിനും കൊള്ളാത്ത എന്റെ ഈ സ്നേഹം മാത്രം.

ഇല്ല കുട്ടീ......ഞാനതിനനുവദിക്കില്ല. ഞാനീ ലോകത്തിൽ ഏററവുമധികം വില കല്പിക്കുന്ന പരിശുദ്ധമായ സ്നേഹത്തിന്റെ തനതായ പ്രതീകമാണ് നീ. ഈ ഭൂമിയിലെ ഏററവും ഉന്നതമായ സ്ത്രീത്വത്തിന്റെ പ്രതീകമാണ് നീ. നിഷ്കളങ്കതയുടെയും, നിസ്വാർത്ഥതയുടെയും, നിർമ്മലതയുടെയും മൂർത്തീ ഭാവമാണ് നീ. ഇല്ല, നീയൊരിക്കലും കഷ്ടത എന്തെന്നറിയാൻ പാടില്ല. ഐശ്വര്യത്തോടെയല്ലാതെ ജീവിച്ചുകൂടാ. ദാരിദ്ര്യത്തിന്റെ ആദ്യ പടിപോലും കയറിക്കൂടാ. നിന്റെ വീട്ടുകാർ എന്നും നിന്നെ സ്നേഹിക്കണം. പട്ടുമെത്തയിൽത്തന്നെ നീയുറങ്ങണം. നിന്റെ തീൻ മേശകൾ എന്നും വിഭവസമൃദ്ധമായിരിക്കണം. നിന്റെ സൗന്ദര്യം എന്നും വിലപിടിപ്പുള്ള ഉടയാടകൾ കൊണ്ട് പൊതിഞ്ഞിരിക്കണം. നിന്റെ മുഖത്തെ ദിവ്യമായ, മാസ്മരമായ ആ പുഞ്ചിരി ഒരിക്കലും മാഞ്ഞുകൂടാ. അവയിലേതെങ്കിലുമൊന്ന് നഷ്ടപ്പെടുന്നത് കണ്ടാൽ, എന്റെ മനസ്സാകെ തകരും. അതിനുള്ള ശക്തിയെനിക്കില്ല.

ഈ ദീപേട്ടനെ, ഈ പാവപ്പെട്ട ദീപേട്ടനെ നീ മറക്കാൻ ശ്രമിക്കുക. കാലക്രമേണ നിനക്കതിന് കഴിയും. കഴിയണം. നാമൊരുമിച്ച് എല്ലാം മറന്ന് പൊട്ടിച്ചിരിച്ച് ആഹ്ളാദത്തിന്റെ ലോകത്തിൽ പറന്നുകളിച്ചിരുന്ന ദിനങ്ങൾ, ദുഃഖത്തിന്റെ പാടുപോലുമേൽക്കാത്ത കിന്നാരങ്ങൾ ചൊല്ലി മതിമറന്ന സായാഹ്നങ്ങൾ, അഭിലാഷങ്ങളുടെ പൂമൊട്ടുകൾ കോർത്തിണക്കി സ്വപ്നങ്ങൾ തീർത്തിരുന്ന രാവുകൾ, ഏതോ പ്രതീക്ഷകളുടെ നനുത്ത പൂക്കൾ വിരിയുന്ന മിഴികളിൽ പരസ്പരം നോക്കിയിരുന്ന നിമിഷങ്ങൾ .........എല്ലാം നീ മറക്കുക. ഈ ദീപേട്ടൻ അവസാനമായി യാത്ര ചോദിക്കുന്നു സുമേ. ജന്മജന്മാന്തരങ്ങളിലൂടെ നാം കെട്ടിപ്പടുത്ത ഈ സ്നേഹ ബന്ധത്തിന്റെ ആനന്ദവും വേദനയും കലർന്ന മനോഹരമായ ഗീതങ്ങൾ ഏതെങ്കിലും കാട്ടുതവികൾ ഏററുപാടുന്നുണ്ടാവാം. അതിൽ ലയിച്ചിരിക്കാനുള്ള സമയം എനിക്കില്ല. നീ വേദനിക്കാതിരിക്കുക. എല്ലാംകൊണ്ടും എന്നേക്കാൾ ഉന്നതനായൊരാൾ നിന്റെ കഴുത്തിൽ താലിയണിയിക്കും. അപ്പോഴും നീ പുഞ്ചിരിക്കുക. എന്നും നീയെനിക്ക് സമ്മാനിക്കാറുള്ള, ലഹരി പിടിപ്പിക്കുന്ന ആ പുഞ്ചിരി അയാൾക്കും നീ സമ്മാനിക്കുക. ഈ ദീപേട്ടനെക്കുറിച്ചുള്ള ഓർമ്മകൾ ഒരിക്കലും നിന്റെ പുഞ്ചിരി മായ്ച്ചുകളയരുത്. ഇനി ദീപേട്ടന്റെ ഈ യാത്ര ആരംഭിക്കട്ടെ. ഒരിക്കലും തിരിച്ചുവരാത്ത അനന്തമായ ഈ യാത്ര. O

ഒരു നീണ്ട പൊട്ടിച്ചിരിയ്ക്ക് ശേഷം തലസ്ഥാന നഗരിയിലെ വൃദ്ധൻ ആൽമരം ചരിത്ര വിദ്യാർത്ഥികളെ നോക്കി മന്ത്രിച്ചു. "അല്ലയൊ ചരിത്ര വിദ്യാർത്ഥികളെ നിങ്ങൾ ചരിത്രത്തിൻെറ ചാരിത്ര്യം നഷ്ടപ്പെടുത്തുകയാണോ? അല്ല ചരിത്രം നിങ്ങളുടേതൊ...

# നമ്മുടെ ചരിത്ര വിദ്യാർത്ഥികൾ

ഇന്നലെ സന്ധ്യയ്ക്ക്—
തലസ്ഥാന നഗരിയിലെ വൃദ്ധനായ ആൽമരം ചരിത്ര വിദ്യാത്ഥികളെനോക്കി പൊട്ടിച്ചിരിച്ചപ്പോൾ കാലിൽ വിശ്വാസം നഷ്ടപ്പെട്ട ചെരുപ്പ ധാരികളും ബിരുദധാരികളുമായ ആയിരക്കണക്കിനു് വിദ്യാത്ഥികൾ രാജപാതയിലൂടെ പ്രതിഷേധ പ്രകടനം നയിച്ചു.........നീണ്ട ഇടവേളയ്ക്ക് ശേഷം—
ആൽമരം നിശബ്ദമായ് മന്ത്രിച്ചു.
അല്ലയോ ചരിത്ര വിദ്യാത്ഥികളെ
നിങ്ങൾ ചരിത്രത്തിൻെറ ചാരിത്ര്യം നഷ്ടപ്പെടുത്തുകയാണോ അല്ല ചരിത്രം നിങ്ങളുടേതോ.........
രാത്രിയുടെ ദൈർഘ്യം വർദ്ധിപ്പിക്കാൻ
മണ്ണെണ്ണ വിളക്കിനെ നിങ്ങൾ അഭയം പ്രാപിച്ചപ്പോൾ നിങ്ങൾ ഉരുവിട്ട മന്ത്രം നിങ്ങളോർക്കുന്നുണ്ടോ?
അക്ബറിനെക്കുറിച്ചും ശിവജിയെക്കുറിച്ചും അലക്സാണ്ടറെക്കുറിച്ചും നിങ്ങൾ പഠിച്ചു.
നൂറു കണക്കിനു് രജപുത്ര സ്ത്രീകളെ വിവാഹം കഴിച്ചു.
ആയിരക്കണക്കിനു് ശത്രു സൈന്യങ്ങളെ ഒററ നിമിഷം കൊണ്ടു് കൊന്നൊടുക്കി—
ധാർമ്മികതയെ ചവിട്ടി മെതിച്ചു്, അവസ്സപ്പുറത്ത് നിന്നു് കൊണ്ടു് സ്വന്തം ഉയർച്ചക്ക് വേണ്ടി—
വാളുയർത്തിയവനെ മഹാനെന്നു്
ഓമന പ്പേരിട്ടു വിളിച്ചു.
പാവം ചരിത്ര വിദ്യാത്ഥികൾ.
ചരിത്രാതീത കാലത്തുള്ള അർദ്ധ മനുഷ്യരെക്കുറിച്ചും മൃഗങ്ങളെക്കുറിച്ചും നിങ്ങൾക്കറിയാം.
പക്ഷെ.........
ഈ കുന്നിൻ ചെരിവിന്നപ്പുറത്തുള്ള
വൈദ്യുത ദീപങ്ങളില്ലാത്ത—
ഹൈവേ റോഡുകളില്ലാത്ത
ആർട്ടു് കാണാത്ത — കോർട്ടു് കാണാത്ത
കോട്ടിൻെറ യൂസേജറിതാത്ത
നിങ്ങളുടെ സോദരരെക്കുറിച്ച്
ആസ്ട്രലോ പിത്തിക്കസിനെക്കുറിച്ച്
പഠിക്കുന്ന നിങ്ങൾക്ക്
ഒന്നുമറിയില്ല !
ഇന്നു പുലർച്ചയ്ക്കും
തലസ്ഥാന നഗരിയിലെ വൃദ്ധനായ ആൽമരം
ചരിത്ര വിദ്യാത്ഥികളെ നോക്കി പൊട്ടിച്ചിരിച്ചു.

അമീർഅലി. എ. പി. I B.Com.

**മരിച്ചു കഴിഞ്ഞിട്ടും സ്വന്തം അസ്തിത്വം നില നിർത്താൻ ശ്രമിക്കുന്ന മനുഷ്യൻ..... ആത്മാവുകൾക്ക് വേദനയുണ്ടാകുമോ..... അത് കരയുമോ....?**

# നഷ്ടവസന്തം

കാററു വീണ്ടും വീണ്ടും ഇരമ്പിയടിച്ച് കൊണ്ടിരുന്നു. ഞെരിഞ്ഞമരുന്ന ചില്ലികൊമ്പുകൾ. ''നാശം, വിളക്ക് കെട്ടു'' വൃദ്ധൻ പിറുപിറുത്തു. അല്ലെങ്കിൽ ഇന്ന് മുഴുവനും നാശം പിടിച്ച ദിവസമാണ്. ഇന്നൊരൊററ ശവമടക്കം നടന്നിട്ടില്ല.—തികഞ്ഞ അമർഷം; വിശക്കുന്ന വയറിനോടുള്ള ആത്മാർത്ഥത.

ഇടിഞ്ഞു പൊളിഞ്ഞ ശവക്കല്ലറകൾ; പടർന്നു കയറിയ അപ്പക്കാടുകൾ. അനേകം സംഭവങ്ങൾക്ക് മൂകസാക്ഷിയാകേണ്ടിവന്ന ശവക്കല്ലറകൾ. മരിച്ച് കഴിഞ്ഞിട്ടും സ്വന്തം അസ്തിത്വം നില നിർത്താൻ ശ്രമിക്കുന്ന മനുഷ്യൻ. വർഷങ്ങളായി താനിതുകാണുന്നു. താനിവിടെ വന്നിട്ട് എത്ര നാളുകളായി—പറയാൻ പററില്ല—വളരെ നാളുകളായി കാണും. അകലെ നീണ്ട ചൂളംവിളി. ഓ! അവസാനത്തെ വണ്ടിയും പോയെന്ന് തോന്നുന്നു.

മനസ്സിൻെറ ഉള്ളറകളിലെവിടെയോ ഒരസ്വസ്ഥത വർഷങ്ങളോളം പഴക്കമുള്ള ഓർമ്മകളുടെ ഭാണ്ഡക്കെട്ട്.

നീണ്ട ചൂളം വിളി. അകലെ നിന്നും തൻെറ ലക്ഷ്യസ്ഥാനത്തേക്ക് കുതിക്കുന്ന വണ്ടി. കണ്ണഞ്ചിക്കുന്ന പ്രകാശം. മുന്നിലോടുന്ന സ്ത്രീ രൂപം ഒരിക്കലും തെററിക്കപ്പെടാത്ത ലക്ഷ്യം ചക്രങ്ങളുടെ താളാത്മകത. ചതഞ്ഞരഞ്ഞ മാംസക്കഷണങ്ങൾ. തളം കെട്ടി നിന്ന ചോര. വിരിയാൻ കഴിയാതെ തകർന്നടിഞ്ഞുപോയ ഒരു ബീജത്തിൻെറ മോഹഭംഗം.

തെളിഞ്ഞ പ്രഭാതം. ആഹാരം തേടിപോകുന്ന വവ്വാലുകൾ. മരിച്ചവരുടെ ആത്മാക്കൾ: മുത്തശ്ശി പണ്ടെങ്ങോ പറഞ്ഞ കഥ. നായാട്ടുകാരൻെറ തീ തുപ്പുന്ന തോക്ക്. താഴോട്ട് മൂളക്കത്തോടെ കുതിക്കുന്ന വവ്വാൽ—തികഞ്ഞ അസ്വസ്ഥത. ആത്മാവുകൾക്ക് വേദനയുണ്ടാകുമോ – അത് കരയുമോ?

രാത്രികൾ വാതിലുകളുടെ അരമകളെ വെള്ളമൊഴിച്ച് നിശബ്ദമാക്കി പുറത്ത് വരുന്ന മനുഷ്യ രൂപങ്ങൾ ശരീരവും ആത്മാവും ഒന്നായി അത്യുന്നതങ്ങളിൽ ചിറകടിച്ച്, മേയമ്പോൾ—കടൽ ഭിത്തിയെ തകർക്കാനുള്ള തിരയുടെ—അഗമ്യമായ ആവേശം. തളർന്ന നിമിഷങ്ങൾ—തളർന്ന സ്വരം ''ന്നെ ചതിക്കരുത് ട്ടോ''?

പിഴച്ച് പോയ കണക്ക്, താനെന്നും സ്വാർത്ഥമതിയായിരുന്നു. കരഞ്ഞുകൊണ്ടോടിപ്പോയ ശകുന്തള. ഇല്ല, തനിക്കൊരിക്കലും ദുഷ്യന്തനാവാൻ കഴിയുമായിരുന്നില്ല. വൈകിയ സമയം.

ചക്രങ്ങളുടെ താളാത്മകത. ചതഞ്ഞരഞ്ഞ മാംസക്കഷണങ്ങൾ. വേദനയോടെ പിടയുന്ന വവ്വാൽ. അവശേഷിക്കുന്ന ഓർമ്മകൾ. കനത്ത ഇരുട്ട്.

അകലങ്ങളിൽ ഉദയസൂര്യൻെറ അരുണിമ. ലക്ഷ്യം തേടി പോവുന്ന സഞ്ചാരി. വീണ്ടും ഇരുട്ട്.

നിറഞ്ഞൊഴുകിയ വൃദ്ധൻെറ കണ്ണുകൾ. അകലെ കാററിൻെറ ചൂളം വിളി.

**പി. ഹൃഷികേശ് കുമാർ**
I PDC

# നവഗീതം

ഒരു പുതു പുലരിതൻ ഗീതം ശ്രദ്ധിക്കുവാൻ
ചെവിയോർത്തിരിക്കുവോർ ഞങ്ങൾ !
പാദ്യമൊരുക്കിയും വാദ്യമൊരുക്കിയും
കാത്തിരിക്കുന്നവർ ഞങ്ങൾ !
ആവേശ ലഹരിയി, ലാഹ്ളാദത്തള്ളലിൽ
ആർത്തു വിളിച്ചവർ ഞങ്ങൾ !
ശ്രവണ പുടങ്ങളിൽ തേൻ നിറച്ചീടുവാൻ
നവ ഗീതമേ, വരുവേഗം !
ഗതവിഭാതങ്ങൾ തൻ വികൃത ഗീതങ്ങൾ, വി
സ്മൃതിയിലേയ്ക്കാഴ്ത്തുന്നു ഞങ്ങൾ!

---

സി. ഉപേന്ദ്രൻ, തേഞ്ഞിപ്പലം I P.D.C

# പത്മശ്രീ മുഹമ്മദ് റാഫി

**പി.ടി അബ്ദുൽനാസർ** II year B.Com.

1980 ഇന്ത്യൻ ചലചിത്ര വേദിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ ദുഃഖ സ്മൃതികളുടേതായ ഒരു വർഷമായിരുന്നു. കാരണം ആ വേദിയിലെ പ്രഗത്ഭരും പ്രശസ്തരുമായ മുഹമ്മദ് റാഫി– സഹീർല്യുധിയാൻവി– ഉത്തംകുമാർ, ഉർവശി ശോഭ, ജയൻ എന്നിവരുടെ ആകസ്മികമായ മരണം ആ വേദിക്കേല്പിച്ച വിടവ് നികത്താനാവാത്തതാണ്. അവയിൽ ഏററവും പ്രാധാന്യമർഹിക്കുന്നത് മുഹമ്മദ് റാഫിയെന്ന ഗായകന്റേതാണെന്നതിൽ യാതൊരു സംശയവും ഇല്ല.

1980 ആഗസ്ത് മാസം 31–ാം തിയ്യതി രാത്രി പതിനൊന്നു മണിയോടടുത്ത് ബോംബെ ഹോസ്പിററലിൽ വെച്ച് ഇന്ത്യക്കാർക്ക് അവരുടെ ഏററവും പ്രിയപ്പെട്ട ഗായകനും ലോകത്തെമ്പാടുമുള്ള സംഗീത പ്രേമികളുടെ ഹൃദയം കവർന്നെടുത്തവനുമായ മുഹമ്മദ് റാഫിയെന്ന ഗായകന്റെ ശബ്ദം നിലച്ച രാത്രിയായിരുന്നു അത്. നിമിഷങ്ങൾക്കകം ആ വാർത്ത കാട്ടുതീ പോലെ പരന്നു. ഈ വാർത്ത കേട്ട് ആയിരക്കണക്കായ ആരാധകർ നിറമിഴികളുമായി മൃതദേഹത്തിന്നരികെ ഓടിയെത്തി, അനിർവ്വചനീയമായ സംഗീതത്തിന്റെ അമൃതഗംഗയായി മാറി കഴിഞ്ഞ ആ ഗായകസാമ്രാട്ടിന്റെ ചലനമററ മൃതദേഹം കണ്ട് പ്രിയപ്പെട്ട ആരാധകർ എല്ലാം നഷ്ടപ്പെട്ടവരെപ്പോലെ ദുഃഖം സഹിക്കാതെ വിമ്മിപ്പൊട്ടി. അപ്പോഴും ഹൃദയം നിലച്ച ആ ഗാന പുംസ്കോകിലത്തിന്റെ മുഖം തന്റെ ഗാനം പോലെ തന്നെ മന്ദഹാസം പൊഴിച്ചു കൊണ്ടേയിരുന്നു.

മൂന്ന് ദശ വത്സരക്കാലം ഇന്ത്യൻ സംഗീത വിഹായസ്സിൽ രജത രേഖകളാൽ തന്റെ സ്വതഃസിദ്ധമായ ശബ്ദമാധുര്യം കൊണ്ട് അനുവാചകന്റെ ഹൃദയത്തെ അമ്മാനമാടിയ ആ ഗായകന്റെ ജീവിതത്തിലേക്ക് ഒരെത്തിനോട്ടം നടത്തുകയെന്നതാണ് ഈ ലേഖനത്തിന്റെ മുഖ്യ ഉദ്ദേശം.

1924 ൽ അമൃതസരസ്സിലെ സുൽത്താൻ സിംഭ എന്ന കൊച്ചു ഗ്രാമത്തിൽ ജനിച്ച മുഹമ്മദ് റാഫി, പഠിത്തത്തിൽ വളരെയൊന്നും താൽപര്യം പ്രകടിപ്പിച്ചിരുന്നില്ല. എന്നാൽ സംഗീതത്തോട് വളരെയേറെ അഭിരുചി പ്രകടിപ്പിച്ചു. പുരാതന സംഗീതത്തിലെ ആചാര്യനായ അബ്ദുൽ വാഹിദ് ഖാന്റെയും ഉസ്താദ് ഗുലാം അലിഖാന്റെയും പണ്ഡിററ് ജീവൻ ലാലിന്റെയും കീഴിൽ ശിഷ്യനായി വളരെ വേഗത്തിൽ ശാസ്ത്രീയ സംഗീതത്തിന്റെ എല്ലാ ഔന്നത്യങ്ങളും കീഴടക്കി. റാഫിയുടെ കഴിവിനെ അനുഭവിച്ചറിഞ്ഞ സൈഗാൾ എന്ന സംഗീത പ്രേമി, ലാഹോർ റേഡിയോ സ്റ്റേഷനിൽ ഒരു പാട്ടു പാടാൻ റാഫിക്ക് അവസരം വാങ്ങികൊടുത്തു. ഈ ഗാനം കേൾക്കാനിടയായ ഒരു സിനിമ സംഗീത സംവിധായകൻ തന്റെ അടുത്ത ചിത്രത്തിൽ പാടാനായി അദ്ദേഹത്തെ ക്ഷണിക്കുകയും ചെയ്തു. ഇതിനിടെ സംഗീത സംവിധായകനായ നൗഷാദുമായും പരിചയപ്പെടാനും അദ്ദേഹത്തിന്റെ സഹായത്തോടെ ബോംബെയിലെത്താനും അവസരം ലഭിച്ചു.

സംഗീതത്തോടുള്ള അടങ്ങാത്ത അഭിനിവേശം ഹൃദയത്തിന്റെ അടിത്തട്ടിൽ അണപൊട്ടി, അമൂർത്തമായ മോഹവും പേറി, അടങ്ങാത്ത സംഗീത ദാഹവുമായാണ് റാഫിയെന്ന കൊച്ചു ഗ്രാമീണ പയ്യൻ ബോംബെയിലെത്തിയത്. അവിടെ വെച്ച് ശ്യാംസുന്ദർ എന്ന സംഗീതജ്ഞനെ പരിചയപ്പെടുകയും അദ്ദേഹത്തിന്റെ ''ഫൂൽ ബല്യപ്'' എന്ന ചിത്രത്തിൽ പാടാൻ അവസരം കൊടുക്കുകയും ചെയ്തു. ആ ചിത്രത്തിലെ ''ഗാവേം കി ഗോരി'' എന്ന ഗാനം വളരെയധികം പോപ്പുലറാവുകയും അതോടു കൂടി റാഫിയെന്ന ഗായകന്റെ ജനനം ഉദയം കുറിക്കുകയും ചെയ്തു. പിന്നീട് ''ജുഗ്നു'' എന്ന ചിത്രത്തിൽ നൂർജഹാനുമൊത്ത് പാടാനും അതോടെ താൻ ഇരുത്തം വന്ന ഗായകനാണെന്ന് തെളിയിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. പിന്നീടങ്ങോട്ട് റാഫിയുടെ ജൈത്രയാത്രയായിരുന്നു.

ശാസ്ത്രീയ സംഗീതത്തിന്റെ അന്തസത്ത ഉൾക്കൊണ്ട റാഫിയും സംഗീതാചാര്യനായ നൗഷാദും കൂടിയായപ്പോൾ റാഫിയുടെ സ്വരമാധുരി മന്ദ്രമധുര മയൂര പീലി നിവർത്തിയാടാൻ തുടങ്ങി. സഹൃദയരുടെ സങ്കല്പത്തിനൊത്ത്, അവരുടെ ഹൃദയാഭിലാഷങ്ങൾക്കനുസൃതമായി ചിരിപ്പിച്ച് കൊണ്ടും, കരയിച്ച് കൊണ്ടും ജീവിതത്തിന്റെ വിവിധ മുഖങ്ങൾ നാദധാരയിൽ അലിയിച്ചു ചേർത്ത തന്റേതായ ശൈലിയിൽ ആ ഗായകൻ ആലപിച്ചു. മുത്തുമണിപോലെ സ്ഫുടമായതും കാട്ടരുവിയുടെ സംഗീതം ഒത്തൊരുമിച്ചതും മഞ്ഞു തുള്ളിയുടെ പരിശുദ്ധിയും കൂടി സമ്മേളിച്ചതായിരുന്നു ആ നാദധാര. കേട്ടാലും കേട്ടാലും മതി വരാത്ത 25000ത്തോളം ഗാനങ്ങൾ, ആ ഗാനങ്ങൾ അനുവാചകരുടെ ഹൃദയത്തിൽ സൃഷ്ടിച്ച വികാരം വിവരണാതീതമാണ്. ലോക അവസാനം വരെ അവയുടെ സൗരഭ്യം നിലനിൽക്കുമെന്ന കാര്യത്തിൽ സംശയമില്ല. അനായാസമായി ഒഴുകിയിരുന്ന ആ നാദം ഏത് സ്വരമേളവുമായി ലയിച്ചു ചേരാനും അതിനെ ഉള്ളിൽ അലിയിച്ച് ചേർത്ത് അതിന് അനിർവ്വചനീയവും സ്വർഗ്ഗീയവുമായൊരു ഭാവഭംഗി നൽകാനും അദ്ദേഹത്തിനു കഴിഞ്ഞു. ഇത്തരത്തിലുള്ള ഗായകർ അപൂർവ്വമാണ്. ( യേശുദാസിനെ വിസ്മരിക്കുന്നില്ല )

“ബൈജു ബവാര എന്ന ചിത്രത്തിലെ ‘ഓദ്ദനിയാകെ രഖ്വാലെ’ എന്ന ഒരൊററ ഗാനം മതി റാഫിയുടെ കഴിവിനെ വിലയിരുത്താൻ, അമൂർത്തമായ വികാരത്തെ ശൈൽ

തട്ടുംവിധത്തിൽ അനുഭവമാക്കിത്തീർക്കുകയാണ് ഈ ഗാനത്തിലൂടെ റാഫി ചെയ്തത്. ഈ ഗാനം സഹൃദയരുടെ മനസ്സിലേൽപ്പിച്ച വികാരം ഇന്നും കത്തിജ്വലിക്കുന്നു. തന്റെ എല്ലാമെല്ലാമായ പ്രിയപ്പെട്ട കാമുകിയെ വിധി തട്ടിയെടുത്തപ്പോൾ എല്ലാം നഷ്ടപ്പെട്ടവനെപ്പോലെ ഒരിക്കലും തിരിച്ചുവരാത്ത തന്റെ കാമുകിയെ ഓർത്ത് വിരഹതപ്തനായ കാമുകൻ വിലപിക്കുന്ന ശോകമൂകമായ ആ ഗാനം ഉള്ളിൽ തട്ടും വിധത്തിൽ പാടാൻ റാഫിക്കല്ലാതെ മററാർക്കു കഴിയും. അദ്ദേഹത്തിന്റെ ഓരോ ഗാനം ശ്രവിക്കുമ്പോഴും മനോഹരങ്ങളായ ഓരോ ജീവിത സങ്കല്പങ്ങളും അനർഘങ്ങളായ ചില അനുഭവങ്ങളും നിത്യാനന്ദം പകരുന്ന ചില അനുഭൂതികളും മനസ്സിന്റെ ഉള്ളറകളിൽ കടത്തിവിടുകയും മനസ്സിന്റെ ശ്രീകോവിലിൽ, ആത്മാവിന്റെയാത്മാവിൽ ലയിച്ചുചേരുന്ന അനുഭവമാക്കി മാററുകയും ചെയ്യാനുള്ള കഴിവ് സൃഷ്ടിച്ചെടുക്കാനും അദ്ദേഹത്തിനു കഴിഞ്ഞു.

1968 മുതൽ കുറഞ്ഞൊരു കാലഘട്ടം പാശ്ചാത്യ സംഗീതത്തിന്റെ സ്വാധീനം ഇന്ത്യൻ സംഗീത ലോകത്തെയും ബാധിച്ചു. ഈ മാററം റാഫിയെ സംബന്ധിച്ചിടത്തോളം ഗുണകരമായിരുന്നില്ല. ഈ അവസരങ്ങളിൽ റാഫി വിദേശരാജ്യങ്ങളിൽ പോയി സംഗീത കച്ചേരി നടത്തുകയുണ്ടായി. അതിനുശേഷം വീണ്ടും ഇന്ത്യൻ സംഗീതലോകത്ത് സംഗീതത്തിന്റെ ആനന്ദ മൂർച്ഛയിൽ അധരത്തിൽ പൊട്ടിവിടരുന്ന മന്ദഹാസത്തോടെ '' ആരാധന '' എന്ന ചിത്രത്തിലൂടെ തിരിച്ചുവരവ് നടത്തി. അദ്ദേഹത്തിന്റെ ഗാനങ്ങളിൽ ചില പോപ്പുലർ ഗാനങ്ങളിതാ.........

നഫ്റത്ത് കീ ദുനിയ ഛോഡ്സെ
തേരി പ്യാരി പ്യാരി സൂരത്കൊ
യേ, മേരാ പ്രേമ് പത്ര് പട്കർ
മേരീ, മീത്വാ മേരീ മീത്ത്റെ
ജാഹ്നുവേ തുഛേസാന്ദ് സവേര
ചാന്ദ് വീംഗ ചാന്ദ് ഹെ
ബാബുൽ കി ദുവായെ
ഓ ദുനിയാകെ രഖ്വാലെ

ഇന്ത്യ വിഭജനത്തോടു കൂടി മാതാപിതാക്കൾ പാക്കിസ്ഥാനിലേക്ക് പോയെങ്കിലും തന്നിൽ മൊട്ടിട്ട സംഗീതപ്രേമവും താനിഷ്ടപ്പെട്ട അതിലുപരി തന്നെ ഇഷ്ടപ്പെടുന്ന ആയിരക്കണക്കായ ആരാധകരെയും ഉപേക്ഷിച്ച് പാക്കിസ്ഥാനിലേക്ക് പോവാൻ തയാറായില്ല. തന്റെ ഭാര്യയും മൂന്ന് ആൺമക്കളും രണ്ടു പെൺമക്കളുമടങ്ങുന്ന കുടുംബവുമായി ബൊംബെയിലെ ബാന്ദ്രയിലെ വസതിയിൽ മരണംവരെ കഴിച്ചുകൂട്ടി. ദേശസ്നേഹിയായ അദ്ദേഹം മഹാത്മജിയുടെ മരണവാർത്ത കേട്ടയുടനെ അദ്ദേഹത്തെപററി കരഞ്ഞുകൊണ്ട് സ്വന്തമായി രചിച്ച് ആലപിച്ച '' സുനോസുനോസെ ദുനിയാവാലെ ബാപ്പുജികാ അമർ കഹാനി'' എന്ന ഗാനം ഇന്നും ദുഃഖത്തിന്റെ കനത്ത അലകൾ ഓരോ ശ്രോതാവിലും അനുരണനം ചെയ്യിക്കുന്നു.

ഹിന്ദി, ഉറുദു, ഗുജറാത്തി, സിന്ധി, തെലുങ്ക്, പഞ്ചാബ്, മറാത്തി, ബംഗാളി എന്നീ ഭാഷകളിലായി 25000 ത്തിൽ അധികം ഗാനങ്ങൾ റാഫിയുടെതായിട്ടുണ്ട്. ഇന്ത്യയിലെ ഒട്ടുമിക്ക താരങ്ങൾക്കുവേണ്ടി അദ്ദേഹം പാടുകയുണ്ടായി. നിരവധി ബഹുമതികളും കീർത്തിമുദ്രകളും റാഫി നേടിയെടുക്കുകയുണ്ടായി. നാലുതവണ ഫിലീം ഫെയർ അവാർഡും മൂന്നുതവണ ദേശീയ അവാർഡും അദ്ദേഹം നേടുകയുണ്ടായി. അവസാനമായി ദേശീയ അവാർഡ് നേടിക്കൊടുത്ത ഗാനം ''ഹം കിസിസെ കം നഹീ'' എന്ന ചിത്രത്തിൽ പാടിയ '' ക്യാ ഹുവ തേരാവാദ'' എന്ന ഗാനത്തിനായിരുന്നു. ഇന്ത്യൻ സംഗീതലോകത്തിനു് അദ്ദേഹം നല്കിയ വിലപ്പെട്ട സംഭാവനകളെ പുരസ്കരിച്ച് ഇന്ത്യാ ഗവണ്മെണ്ട് അദ്ദേഹത്തെ പത്മശ്രീ ബഹുമതി നല്കി ആദരിക്കുകയുണ്ടായി.

1980 ആഗസ്റ്റ് ഒന്നാം തിയ്യതി വെള്ളിയാഴ്ച വൈകുന്നേരം ബോംബെയിലെ ജുഹുവിലുള്ള ശ്മശാനത്തിലേക്കുള്ള വിലാപയാത്രയിൽ തന്റെ ജീവിത യാത്രയിൽ അനുഗമിച്ചിരുന്നവരിൽ ഭൂരിഭാഗവും പേരും അദ്ദേഹത്തിന്റെ എല്ലാമെല്ലാമായ പ്രിയപ്പെട്ട ആരാധകരുമടക്കം ആയിരക്കണക്കിനു് ആളുകൾ അദ്ദേഹത്തിന്റെ മൃതദേഹത്തെ വിഷാദ മൂകരായി അനുഗമിച്ചു. ആയിരക്കണക്കായ ജനസമുദ്രം റോഡിനിരുവശവും തങ്ങളുടെ പ്രിയപ്പെട്ട ഗായക രാജകുമാരനു് ബാഷ്പാഞ്ജലികളർപ്പിക്കുവാൻ കണ്ണുനീരണിഞ്ഞുകൊണ്ട് റോഡിനിരുവശവും നിരന്നുനിന്നു. അന്നു വൈകുന്നേരം യുഗപ്രഭാവനായ അദ്ദേഹത്തിന്റെ മൃതദേഹം ആറടി മണ്ണിൽ കബറടക്കപ്പെട്ടു.

ഇന്ത്യൻ സംഗീതത്തിന്റെ രോമാഞ്ചമായിരുന്ന റാഫി ഇന്ന് നമ്മുടെ ഇടയിലില്ല. എങ്കിലും അദ്ദേഹത്തിന്റെ നിത്യഹരിതമായ നാദധാരയുടെ ഓർമ്മകൾ എന്നുമെന്നും അദ്ദേഹത്തിന്റെ ഗാനങ്ങളിലൂടെ നമ്മുടെ ആത്മാവിന്റെ ചില്ലകളിൽ നറുമലരായി പ്രശോഭിക്കുമെന്ന കാര്യത്തിൽ സന്ദേഹമില്ല. നിത്യഹരിതമായ ആ ശബ്ദ സൗന്ദര്യത്തിന്റെ സൗരഭ്യം നമുക്കായ് നല്കിക്കൊണ്ട് വെയിലേററ ഹിമകണം പോലെ ആ യുഗപ്രഭാവൻ മരണത്തെ പുൽകി. വിധിയുടെ മുന്നിൽ കണ്ണുനീർ പൊഴിക്കാനല്ലാതെ മറെറന്ത് ചെയ്യാൻ കഴിയും. വൈവിദ്ധ്യം നിറഞ്ഞ ആയിരക്കണക്കായ ഗാനങ്ങളിലൂടെ ലോകാവസാനംവരെ ആ ഗായകൻ മായാതെ മറയാതെ സ്മരിക്കപ്പെടുമെന്ന കാര്യം തീർച്ചയാണ് !

# പാഴ്നിഴൽ

ഓമ്മിച്ച നാളതൊട്ടോമനിയ്ക്കപ്പെട്ട
ജീവിത മെന്തെന്നറഞ്ഞീല ഞാൻലവം.
ഓമനത്തൊട്ടിലിൽ താരാട്ട കേട്ട ഞാൻ ;
ഊഞ്ഞാലിലാടി മുതിർന്ന നാളേറെ ഞാൻ :
അജ്ഞയാം ഞാനീക്കലവികളിൽക്കണ്ടി –
തത്യന്ത ഹൃദ്യമാ മാനന്ദ മക്ഷയം !
അമ്മയോതീ ; ''വെറും പാഴ്നിഴലാണ നീ
യുൺമയായ് കണ്ട കൊണ്ടാടുന്നതീവിധം ''
സമ്മതിച്ചില്ല ഞാൻ ; നിന്നെത്തളച്ചിടാൻ
സന്നാഹമെന്തൊക്കെയെന്ന കൂട്ടീല ഞാൻ.
ഓടി ഞാൻ നിൻ പിന്നിൽ കാററിൻെറ വേഗത്തിൽ
ചാടിക്കിതച്ചു നിഴലെന്നറിയാതെ.
ഓർമ്മിച്ചിടുന്നുവോ നീയെൻെറ വേലകരം
ഓർക്കവേലജ്ജാകലം തലതാഴ്വുമേ
ഞാനടുക്കുമ്പോളകന്ന് ദൂരത്ത് പോയ്
കാണാക്കടലിൻ മറുകര പൂകി നീ.
നിന്നെ പ്രകീർത്തിച്ച കാവ്യമെഴുതി ഞാൻ
നീട്ടി നീട്ടിപ്പാതിരാവിലും പാടി ഞാൻ.
പാതിരാപ്പക്ഷിയിപ്പാട്ടേററു പാടി, നൽ–
കൂപമണ്ഡൂകങ്ങരം കേട്ട ചിരിച്ചിതേ !
വന്നെത്തിയെൻ മുന്നിലപ്പൊഴപ്പൂതന
നിന്നെയെനിക്കായ് പിടിച്ച തന്നാളവരം !
കഷ്ടമെന്നിട്ടും വശഗയായില്ല നീ
ധൃഷ്ടയായ്, സ്പൃഷ്ടയാവാതെ മറഞ്ഞു നീ !
ആഹാ സ്മരിപ്പൂ ഞാനമ്മതൻ വാക്കുകരം
ആനന്ദമേ വെറും പാഴ്നിഴലാണ് നീ !

*റസിയ മേലേ ചീട്ടിൽ,* III B.Com.

# പ്രേമാനുഭൂതി

മധുര മധുര ചുംബനത്തിലുലയുവോരെൻ മാനസേ
മൃദുല ചിന്തകൾ വിരിയുകയായ് പുതിയ പനിനീർപ്പൂക്കൾ
പോൽ
മലരണിഞ്ഞ ഹൃദയ ബന്ധ മൂട് പുടവ മാററവേ
കുളിരു വീണ കോൾമയിരിൽ മുഴുകി നിന്നൂ മേനികൾ !
ചടുല മിഴികൾ കത്തി നിന്നൊരിരവിൽത്തമ്മിൽപ്പുണരവേ
തുടുകവിളിലെ മൃദുലതകൾകൊഴുത്തുമ്പി നിൽക്കവേ,
വിധുര ഹൃദയ വ്യഥകളൊക്കെയുമുരുകിയുരുകിപ്പോകയായ്
രുധിരരശ്മികൾ മെയ്യിലെങ്ങും കാന്തിചിന്തി നില്ലുയായ്
അമല സുഷമ മന്യരൂപം നേടി ഞങ്ങളുണരവേ
കമല ഹൃദ്യമായ് വിഭാതം കാത്തു നിൽപ്പൂ സകലതും !

വി.കെ. മോഹൻ, III B.A.